പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

എഴുപത്തിയൊന്നാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട കേരള കാർഷിക സർവകലാ ശാലയുമായും 2021-22 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

എഴുപത്തിയൊന്നാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട കേരള കാർഷിക സർവകലാ ശാലയുമായും 2021-22 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	
മുഖവുര	:	
റിപ്പോർട്ട്	:	
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:	
അനുബന്ധം II		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:	

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

ഘടന

അധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ

അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026) യുടെ എഴുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട കേരള കാർഷിക സർവകലാ ശാലയുമായും 2021-22 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 സെപ്റ്റംബർ മാസം 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18

[illegible] റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട കേരള കാർഷിക സർവകലാ ശാലയുമായും 2021-22 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

കേരള കാർഷിക സർവകലാശാല

ആസ്തി രേഖകളുടെ സൂക്ഷിപ്പിൽ വീഴ്ച

കാർഷിക കോളേജ് വെള്ളായണി, വെറ്റിനറി കോളേജ് മണ്ണുത്തി എന്നിവയും, കൃഷി - മൃഗസംരക്ഷണ വകുപ്പുകളുടെ 21 ഗവേഷണ കേന്ദ്രങ്ങളും കേരള കാർഷിക സർവകലാശാലയ്ക്ക് കൈമാറിയിട്ടുള്ളത് 31.01.1972-ലെ എസ്.ആർ.ഒ. 52/72, 53/72 എന്നീ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമാണ്. എന്നാൽ മേൽ സ്ഥാപനങ്ങൾക്ക് സർക്കാർ ഭൂമി അനുവദിച്ചതിന്റെ പട്ടയം/ഉത്തരവുകൾ എന്നിവ റവന്യൂ അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. സർവകലാശാലയുടെ ഭൂമി കരം ഒടുക്കാതെ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ കഴിയാത്തവിധം റവന്യൂരേഖകളിൽ സർക്കാർ പുറംപോക്കായും രേഖപ്പെടുത്തി കാണുന്നു.

<u>വെള്ളാനിക്കര മെയിൻ ക്യാമ്പസ്</u>

1961-ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം 391.4395 ഹെക്ടർ ഭൂമി ജില്ലാ കളക്ടർ അക്വയർ ചെയ്ത് വിവിധ അവാർഡുകൾ മുഖേന കാർഷിക സർവകലാശാലയുടെ പ്രധാന ക്യാമ്പസിനായി നൽകിയിട്ടുണ്ട്. എന്നാൽ 372.8662 ഹെക്ടർ ഭൂമിയുടെ കരം വില്ലേജ് ഓഫീസിൽ

അടവാക്കുന്നതിന്റെ രസീതുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 18.5733 ഹെക്ടർ (45.859 ഏക്കർ) ഭൂമിയുടെ കരം ഒടുക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ മേൽഭൂമി സർവകലാശാലയ്ക്ക് അന്യാധീനപ്പെട്ടുപോയിട്ടുണ്ടോ എന്നു പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല

കെട്ടിടങ്ങൾ ശരിയാംവിധം പരിപാലിക്കുന്നില്ല

കേരള കാർഷിക സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങൾക്ക് കീഴിലുള്ള കെട്ടിടങ്ങൾ നിർമ്മിച്ച വർഷം, വിസ്തീർണം, ചെലവഴിച്ച തുക, കാലപ്പഴക്കം, അറ്റകുറ്റപ്പണികൾ നടത്തിയത്, ഉപയോഗം, നിലവിലെ അവസ്ഥ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി കെട്ടിട രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സർവകലാശാലയുടെ കീഴിലുള്ള 68 ഓഫീസ്/സ്റ്റേഷനുകളിൽ 19 എണ്ണത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഇതുപ്രകാരം മിക്ക സ്ഥാപനങ്ങളിലും കെട്ടിടങ്ങൾ കൃത്യസമയത്ത് അറ്റകുറ്റപ്പണികൾ നടത്തുകയോ നിലവിലുള്ള കെട്ടിടങ്ങൾ പൂർണമായും പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നില്ല. പല സ്ഥാപനങ്ങളിലും ക്വാർട്ടേഴ്സുകളുടെ സ്ഥിതിയും പരിതാപകരമാണ്. സ്കീമുകളുടെ ഭാഗമായി നിർമ്മിക്കുന്ന ഗ്രീൻ ഹൗസുകൾ, പോളി ഹൗസുകൾ എന്നിവ സ്കീമുകളുടെ പൂർത്തീകരണശേഷം നശിച്ചു പോകുകയാണ്. ഇവയെ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

കണ്ണാറ വാഴഗവേഷണ കേന്ദ്രം

സർവകലാശാലയുടെ വസ്തു രജിസ്റ്റർ (പേജ് 83) പ്രകാരം, കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിന് 17.3 ഹെക്ടർ ഭൂമിയുള്ളതായും ഇതിൽ 92 സെന്റ് ഗ്രാമപഞ്ചായത്തിന് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് പാണഞ്ചേരി വില്ലേജ് ഓഫീസിലുള്ള അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം (പേജ് 343), 2738/2 മുതൽ 1835/1,2 വരെ സർവെ നമ്പരുകളിലായി തണ്ടപ്പേർ നമ്പർ 263-ൽ 16 ഹെക്ടർ ഭൂമി സർക്കാർ വക പുറമ്പോക്കായി രേഖപ്പെടുത്തിയതിന്റെ പകർപ്പ്

മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വസ്തു രജിസ്റ്ററിൽ നിന്നും 1.3 ഹെക്ടർ (3.212 ഏക്കർ) ഭൂമിയുടെ വ്യത്യാസമുണ്ട്.

ഓടക്കാലി സുഗന്ധതൈല ഗവേഷണ കേന്ദ്രം

സ്ഥാപനത്തിലെ ലാന്റ് ആന്റ് ബിൽഡിംഗ് രജിസ്റ്റർ പ്രകാരം 31 ഏക്കർ 7 സെന്റ് സ്ഥലമുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അശമന്നൂർ വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ, 11.3 ഹെക്ടർ ഭൂമി (27.92 ഏക്കർ) അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം സർക്കാർ വക പുറമ്പോക്കായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓടക്കാലി ഔഷധ സുഗന്ധതൈല ഗവേഷണ കേന്ദ്രത്തിന്റെ കൈവശ ഭൂമി സംബന്ധിച്ച് 15.09.1961-ൽ ഡയറക്ടർ ഓഫ് സർവെ ആന്റ് ലാന്റ് റിക്കോർഡ്സ് നൽകിയ സർവെ സ്കെച്ച് പ്രകാരം 2,34 നമ്പർ പ്ലോട്ടുകളായി യഥാക്രമം 13 സെന്റ്, 4 ഏക്കർ എന്നീ വിസ്തൃതികളിലുള്ള പ്രദേശങ്ങൾ കയ്യേറ്റങ്ങളായി രേഖപ്പെടുത്തിയിരിക്കുന്നു.

1971-ലെ കേരള കാർഷിക സർവകലാശാല നിയമത്തിലെ സെക്ഷൻ 32(3) പ്രകാരം, സർവകലാശാലയിലെ എല്ലാ സ്ഥാവരജംഗമ വസ്തുക്കളുടെയും പൊതു സൂക്ഷിപ്പുകാരനായി ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിനെ (ഡി.പി.പി.) നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, 09.01.1980-ലെ ജി.ഒ.(എം.എസ്.) 10/80 എ.ഡി. ഉത്തരവ് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ട് 6(1), സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും മേധാവികളുടെ സഹായത്തോടെ വസ്തുസംബന്ധമായ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുവാൻ ഡി.പി.പി.യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ, കൈമാറിക്കിട്ടിയ ഭൂമികൾക്ക് സർവകലാശാലയുടെ പേരിൽ ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുവാനോ, പോക്കുവരവ് നടത്തി വില്ലേജ് രേഖകളിൽ ഉടമസ്ഥാവകാശം ഉറപ്പിക്കുവാനോ ഉള്ള നിർദേശങ്ങൾ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

സർവകലാശാലയുടെ എല്ലാ സ്റ്റേഷനുകളിലും റവന്യൂ രേഖകളുടെ സഹായത്തോടെ ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് തന്നെ ഭൂമിയെ അതിർത്തിവേലി/മതിൽകെട്ടി സംരക്ഷിക്കുവാനോ കയ്യേറ്റ

ശ്രമങ്ങളെ നിയമപരമായി നേരിടുവാനോ, സർക്കാർ ഏറ്റെടുക്കലുകൾക്ക് മതിയായ നഷ്ടപരിഹാരം നേടാനോ കാർഷിക സർവകലാശാലയ്ക്ക് കഴിയുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.1.4.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കാർഷിക സർവകലാശാലയുടെ കീഴിലുള്ള കോളേജുകളുടെ ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കാലതാമസമാണ് നിലവിലെ പ്രശ്നമെന്നും ഭൂമി കയ്യേറ്റങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ മാത്രമാണ് സർവെ നടപടികൾ പൂർത്തിയാകാനുള്ളതെന്നും പ്രസ്തുത ഫയൽ 2019 മുതൽ തഹസീൽദാരുടെ ഓഫീസിൽ പെൻഡിംഗിലാണെന്നും സർവെ നടപടി അടിയന്തരമായി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും കേരള കാർഷിക സർവകലാശാല കംപ്ട്രോളർ വിശദീകരിച്ചു.

2. സർവകലാശാലയുടെ ഭൂമി കരം ഒടുക്കാതെ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ കഴിയാത്തവിധം റവന്യൂ രേഖകളിൽ സർക്കാർ പുറമ്പോക്കായി രേഖപ്പെടുത്തിയെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ഓടക്കാലി സുഗന്ധദ്രവ്യ ഗവേഷണ കേന്ദ്രത്തിലെ ഭൂമി സർവകലാശാലയുടെ കൈവശമാണെങ്കിലും റീസർവെ റിക്കോർഡിൽ പുറമ്പോക്കെന്നും റിമാർക്സ് കോളത്തിൽ ഇഞ്ചിപ്പുൽ ഗവേഷണകേന്ദ്രം എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പ്രസ്തുത ഭൂമി സർവകലാശാലയുടെ ഉടമസ്ഥതയിലാണെന്ന് രേഖപ്പെടുത്താത്തതിനാൽ സർവകലാശാലയ്ക്ക് നികുതി അടയ്ക്കാൻ കഴിയുന്നില്ലെന്നും പ്രസ്തുത ഭൂമി സർവകലാശാലയുടെ പേരിൽ പോക്കുവരവ് ചെയ്യുന്നതിന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും സർവകലാശാല കംപ്ട്രോളർ മറുപടി നൽകി. റവന്യൂ വകുപ്പുമായി

ബന്ധപ്പെട്ട നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ച സമിതി പ്രസ്തുത മറുപടി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

നിഗമനങ്ങളും ശിപാർശകളും

3. ഓടക്കാലി സുഗന്ധദ്രവ്യ ഗവേഷണ കേന്ദ്രത്തിലെ ഭൂമി സർവകലാശാലയുടെ കൈവശമാണെങ്കിലും റീസർവെ റിക്കോർഡിൽ പുറമ്പോക്കെന്നും റിമാർക്സ് കോളത്തിൽ ഇഞ്ചിപ്പുൽ ഗവേഷണകേന്ദ്രം എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പ്രസ്തുത ഭൂമി സർവകലാശാലയുടെ ഉടമസ്ഥതയിലാണെന്ന് രേഖപ്പെടുത്താത്തതിനാൽ സർവകലാശാലയ്ക്ക് നികുതി അടയ്ക്കാൻ കഴിയുന്നില്ലെന്നും പ്രസ്തുത ഭൂമി സർവകലാശാലയുടെ പേരിൽ പോക്കുവരവ് ചെയ്യുന്നതിന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും സർവകലാശാല കംപ്ട്രോളർ മറുപടി നൽകിയ സാഹചര്യത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

4. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മാലിന്യ സംസ്കരണത്തിന് ജൈവവള സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി പ്രവർത്തനരഹിതം - വാങ്ങിയ യന്ത്രം ഉപയോഗിക്കാതെ നശിക്കുന്നു - ചെലവ് തടസ്സം

(കട്ടപ്പന നഗരസഭ, ഓ.റി. 2019-2020 ഖ. 1-23)

പ്രോജക്ട് നം.	198 (സ്പിൽ ഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	ധനകാര്യ കമ്മീഷൻ അവാർഡ് - ₹13,07,438/- തനത് ഫണ്ട് - ₹16,92,562/- ആകെ - ₹30,00,000/-

ചെലവ്	₹13,07,438/- (ബിൽ നം. 1910084700160058706 7 തീ. 19.09.2019) ധനകാര്യ കമ്മീഷൻ അവാർഡ് ₹1,89,742/- (ചെക്ക് നം. 160733, തീ. 28.02.2020) തനത് ഫണ്ട് ആകെ - ₹14,97,180/-

നഗരസഭയിലെ ജൈവമാലിന്യ നിർമ്മാർജ്ജനത്തിനായി (ദിനംപ്രതി 500 കി.ഗ്രാം) 2018-19-ൽ ആവിഷ്കരിച്ച പദ്ധതിയാണ് ജൈവവള സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ. ധനകാര്യകമ്മീഷൻ അവാർഡ് വിഹിതം ₹27,00,000/-ഉം തനത് ഫണ്ട് ₹3,00,000/- ചേർത്ത് ₹30,00,000/- അടങ്കലിൽ 275/19 നമ്പരായി ആവിഷ്കരിച്ച ഈ പദ്ധതിയ്ക്ക് ടി വർഷം ചെലവൊന്നുമുണ്ടായിരുന്നില്ല. 2019-20 വർഷം സ്പിൽ ഓവറായി പുതുക്കി അംഗീകാരം നേടിയ മേൽ പദ്ധതിയിൽ ടെണ്ടർ മുഖേന സോൾവ് എർത്ത് എക്കോടെക്ക് പ്രൈവറ്റ് ലിമിറ്റഡ്, കടവന്ത്ര, കൊച്ചി, എന്ന സ്ഥാപനത്തിൽ നിന്നും 'ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ സിസ്റ്റം 500 കി. ഗ്രാം' എന്ന യന്ത്രം 31.07.2019-ലെ 2019-20/M-018 നമ്പർ ഇൻവോയ്സ് പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും യന്ത്രം സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടില്ല. പുളിയൻമലയിലുള്ള നഗരസഭയുടെ ഡംബ്ബിംഗ് യാർഡിലെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനുവേണ്ടിയുള്ള കെട്ടിടത്തിലാണ് നിലവിൽ ഉപകരണം സൂക്ഷിച്ചിരിക്കുന്നത്. ഇപ്രകാരം ഒരു യന്ത്രം വാങ്ങുന്നതിന് മുന്നോടിയായി അവശ്യം അനുവർത്തിക്കേണ്ടതും താഴെ കൊടുത്തിട്ടുള്ളതുമായ നടപടിക്രമങ്ങൾ നഗരസഭ പാലിച്ചിട്ടില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

1. നഗരസഭയിൽ പ്രതിദിനം സൃഷ്ടിക്കപ്പെടുന്ന ജൈവമാലിന്യം എത്രയെന്ന് കണക്കാക്കാനോ അത് ഫലപ്രദമായി സംസ്കരിക്കുന്നതിനുള്ള മാർഗ്ഗം ഏതെന്ന് വിലയിരുത്താനോ യാതൊരു പഠനവും നടത്തിയിട്ടില്ല. കട്ടപ്പനയിലെ മുഴുവൻ മാലിന്യങ്ങളും ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് നഗരസഭയുടെ രണ്ട് ടിപ്പർ ലോറികളിൽ കയറ്റി പുളിയൻമലയിലുള്ള ഡംബ്ബിംഗ് യാർഡിൽ

നിക്ഷേപിക്കുകയും ഭാഗികമായി തരംതിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം മാത്രം ക്ലീൻ കേരള മിഷന് നൽകുകയുമാണ് നിലവിൽ ചെയ്തുവരുന്നത്.

2. യന്ത്രം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിരുന്നില്ല (2020-21-ൽ നഗരസഭ ഓഫീസിന് സമീപം ഇതിനായി ഒരു കെട്ടിടം നിർമ്മിച്ചെങ്കിലും പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് യന്ത്രം സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനായില്ല.)

3. ഈ രംഗത്ത് നിലവിൽ ലഭ്യമായ യന്ത്രങ്ങളും രീതികളും എന്തൊക്കെയാണെന്ന് അന്വേഷിച്ച് വിലയിരുത്തി കട്ടപ്പനയുടെ സാഹചര്യത്തിൽ അനുയോജ്യവും ആവശ്യവുമായ സംവിധാനം അവലംബിക്കാനുതകുന്ന യാതൊരു പഠനവും നടത്തിയിരുന്നില്ല.

4. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഈ യന്ത്രം പ്രവർത്തിപ്പിക്കുന്നതിന് തൊഴിലാളികളുടെ കൂലിയിനത്തിലും വൈദ്യുതി ചാർജ്ജിനത്തിലും നഗരസഭയ്ക്ക് എത്ര തുക അധികബാധ്യത വരുത്തിവയ്ക്കും എന്നതും കണക്കിലെടുത്തിരുന്നില്ല

5. പദ്ധതിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന ജൈവവളം സംഭരിച്ച് ഉപയോഗ യോഗ്യമാക്കുന്നതിന്/നീക്കം ചെയ്യുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിരുന്നില്ല. യന്ത്രം പുറന്തള്ളുന്ന വാതകങ്ങൾ പരിസ്ഥിതിയെയും പരിസരവാസികളെയും ബാധിക്കുമെന്നോ അക്കാരണത്താൽ പരിസരവാസികളിൽ നിന്നും എതിർപ്പുണ്ടാകുമെന്നോ വാങ്ങൽ നടത്തുന്നതിന് മുൻപ് കണക്കാക്കിയിരുന്നില്ല.

6. പ്രസ്തുത യന്ത്രം മറ്റേതെങ്കിലും തദ്ദേശഭരണസ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ എന്നോ അത് വിജയകരമാണോ എന്നോ യാതൊരു അന്വേഷണവും നടത്താതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

7. യന്ത്രത്തിന്റെ പ്രവർത്തനരീതി, ഉപയോഗക്രമം എന്നിവ സംബന്ധിച്ച് റിപ്പോർട്ടുകൾ / നിർദ്ദേശങ്ങൾ എന്നിവയൊന്നും നഗരസഭയിൽ ലഭ്യമല്ല

8. പ്രോജക്റ്റ്, ടെണ്ടറുകൾ, കരാർ, ഇൻവോയ്സ്, ബിൽ പകർപ്പ് എന്നിവ അടങ്ങുന്ന ഒരു ഫയൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്. നടപടികൾ/തീരുമാനങ്ങൾ, ഉത്തരവുകൾ എന്നിവ രേഖപ്പെടുത്തിയ ഫയൽ, പദ്ധതിയുടെ ഭരണാനുമതി, ടെണ്ടർ അംഗീകാരം എന്നിവ നല്കിക്കൊണ്ടുള്ള കൗൺസിൽ തീരുമാനങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. ഇവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയും ലഭ്യമാക്കിയില്ല. ഓഡിറ്റിന് ഹാജരാക്കിയ മിനിറ്റ്സ് ബുക്കിൽ ഇതു സംബന്ധിച്ച തീരുമാനങ്ങളൊന്നും കണ്ടെത്താനായില്ല. 3 വർഷത്തെ സ്ഥലവാറന്റി ഓഫർ ചെയ്തിട്ടുള്ള ഈ യന്ത്രത്തിന്റെ വാറന്റി കാലഘട്ടം, യന്ത്രം സ്ഥാപനത്തിൽ എത്തിക്കുന്ന ദിവസം മുതൽ ആരംഭിക്കുന്നതാണ് എന്ന് വിതരണക്കാരനുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ 4-ാമത്തെ നിബന്ധനയായി ചേർത്തിട്ടുണ്ട്. 31.07.2019-ൽ ലഭ്യമായ യന്ത്രത്തിന്റെ വാറന്റി കാലയളവ് അവസാനിക്കുന്നതിനു മുമ്പ്, യന്ത്രം പ്രവർത്തിപ്പിക്കുന്നതിനോ, പ്രവർത്തനത്തിലെ മികവ്/അപാകതകൾ കണ്ടെത്തുന്നതിനോ നഗരസഭയുടെ ഭാഗത്തുനിന്ന് യാതൊരു ശ്രമവും നടത്തിയതായി കാണുന്നില്ല. ₹15,00,000/- ചെലവിട്ട യന്ത്രം കാലാഹരണപ്പെട്ട നിലയിലാണ് നിലവിൽ അവശേഷിക്കുന്നത്. യന്ത്രം വാങ്ങുന്നതിനും കെട്ടിടനിർമ്മാണം, വൈദ്യുതീകരണം തുടങ്ങിയ പ്രവർത്തന ചെലവിലേക്കുമായി ₹30,00,000/- വകയിരുത്തിയിരുന്നുവെങ്കിലും ₹14,97,180/- ചെലവഴിക്കുന്നതിന് മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടുള്ളത്. യന്ത്രം വാങ്ങി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവർത്തിപ്പിക്കാത്തതും ഉചിതമായ രീതിയിൽ സംരക്ഷിക്കാത്തതിനാലും പ്രസ്തുത യന്ത്രം തുരുമ്പെടുത്ത് നശിച്ചു കൊണ്ടിരിക്കുന്നു. ആയതിനാൽ ഈ പദ്ധതിച്ചെലവ് തടസ്സപ്പെടുത്തുന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2021-22-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. മാലിന്യ സംസ്കരണത്തിനായി വാങ്ങിയ ജൈവവള സംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് കട്ടപ്പന നഗരസഭ 2015-ൽ ആണ് രൂപീകൃതമായതെന്നും 2018-ൽ മിനിസ്ട്രി ഓഫ് അർബൻ അഫയേഴ്സിന്റെ ആഭിമുഖ്യത്തിൽ മുംബൈയിൽ നടന്ന ഓൾ ഇന്ത്യാ എക്സിബിഷൻ കം സെമിനാറിൽ പങ്കെടുത്ത കട്ടപ്പന മുനിസിപ്പൽ ചെയർമാൻ കേന്ദ്ര സർക്കാരിന്റെ അപ്രൂവലുള്ള ജൈവവള സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തുകയും ഇക്കാര്യം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റിന്റെ പ്രവർത്തനരീതി വിശദമായി പഠനവിധേയമാക്കുന്നതിന് പ്രസ്തുത യന്ത്രം സ്ഥാപിച്ചിട്ടുള്ള ഇൻഫോപാർക്ക് ഉൾപ്പെടെയുള്ള സ്ഥലങ്ങൾ കൗൺസിൽ പ്രതിനിധികൾ സന്ദർശിക്കുകയും യന്ത്രം വാങ്ങാൻ തീരുമാനിക്കുകയും ചെയ്തതിനെ തുടർന്ന് ടെൻഡർ മുഖേന സോൾവ് എർത്ത് എക്കോടെക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 'ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ സിസ്റ്റം 500 കിലോഗ്രാം' എന്ന യന്ത്രം വാങ്ങുകയും രണ്ട് ഏക്കറോളം വരുന്ന മുനിസിപ്പൽ ഓഫീസ് സമുച്ചയ പരിസരത്തുതന്നെ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ച് യന്ത്രം സ്ഥാപിക്കുകയും ചെയ്തിരുന്നുവെങ്കിലും പ്രദേശവാസികളുടെ പ്രതിഷേധത്തെ തുടർന്ന് പുളിയൻമലയിലുള്ള നഗരസഭയുടെ വേസ്റ്റ് ഡമ്പിംഗ് യാർഡിലെ പ്ലാസ്റ്റിക് ഷ്രെഡിംങ് യൂണിറ്റിനുവേണ്ടിയുള്ള കെട്ടിടത്തിൽ യന്ത്രം മാറ്റി സൂക്ഷിച്ചിരിക്കുകയാണെന്ന് കട്ടപ്പന മുനിസിപ്പാലിറ്റി സെക്രട്ടറി ബോധിപ്പിച്ചു. കോവിഡ് കാലഘട്ടത്തിൽ ടൗണിൽ നിന്നും പുളിയൻമലയിലേക്ക് മാലിന്യമെത്തിക്കാൻ കഴിയാത്തതിനാൽ യന്ത്രം പ്രവർത്തിപ്പിച്ചിരുന്നില്ലെന്നും തുടർന്ന് യന്ത്രം പ്രവർത്തിപ്പിക്കാൻ ശ്രമിച്ചപ്പോൾ യന്ത്രത്തിന്റെ ഇലക്ട്രിക് കേബിളുകൾ നശിച്ച നിലയിൽ കണ്ടെത്തിയതിനാൽ അറ്റകുറ്റപ്പണികൾക്കുവേണ്ടി കമ്പനിയെ ബന്ധപ്പെട്ടുവെന്നും

ഒന്നര ലക്ഷം രൂപ ചെലവ് വരുമെന്നാണ് കമ്പനി അറിയിച്ചതെന്നും ഇതിനായി പ്രോജക്റ്റ് വച്ച് തുക കണ്ടെത്തി അറ്റകുറ്റപ്പണി നടത്തുന്നതിന് കൗൺസിൽ തീരുമാനിച്ചിരിക്കുകയാണെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി കൂട്ടിച്ചേർത്തു.

6. രണ്ട് ഏക്കർ സ്ഥലമുള്ള നഗരസഭാ പരിസരത്ത് സ്ഥാപിച്ച യന്ത്രം പുളിയൻമലയിലേക്ക് മാറ്റിയതാണ് പ്ലാന്റിന്റെ നിലവിലെ അവസ്ഥയ്ക്ക് കാരണമെന്ന് നിരീക്ഷിച്ച സമിതി ജൈവമാലിന്യം മാത്രം സംസ്കരിക്കുന്ന പ്രസ്തുത യന്ത്രം സ്ഥാപിക്കുകവഴി പരിസരവാസികൾക്ക് യാതൊരുവിധ ദോഷവും ഉണ്ടാകുമായിരുന്നില്ലെന്ന് അഭിപ്രായപ്പെട്ടു. പ്രതിഷേധത്തെത്തുടർന്ന് യന്ത്രം മാറ്റേണ്ട സാഹചര്യമുണ്ടായാൽ അത് സുരക്ഷിതമായി വയ്ക്കേണ്ട ഉത്തരവാദിത്തം നഗരസഭയ്ക്കല്ലേയെന്ന് ആരാഞ്ഞ സമിതി ഇത്തരത്തിലുള്ള ഉപകരണങ്ങൾ വേസ്റ്റ് ഡമ്പിംഗ് യാർഡിൽ സൂക്ഷിച്ചാൽ ഇഴജന്തുക്കളുടെയും മറ്റും ശല്യമുണ്ടാകുമെന്ന വസ്തുത എല്ലാവർക്കും അറിയാവുന്നതാണെന്നും ഇലക്ട്രിക് കേബിളുകൾ നശിച്ച അവസ്ഥയിലുള്ള യന്ത്രത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നും അഭിപ്രായപ്പെട്ടു. പ്ലാന്റ് താൽക്കാലികമായി മാറ്റുമ്പോൾ യന്ത്രം സുരക്ഷിതമായി വയ്ക്കുന്നതിനുപകരം അതിനെ സ്ക്രാപ് പോലെ കണക്കാക്കിയ മുനിസിപ്പാലിറ്റിയുടെ മനോഭാവത്തേയും സർക്കാർ ഫണ്ട് നിരുത്തരവാദപരമായി കൈകാര്യം ചെയ്ത മനോഭാവത്തേയും സമിതി വിമർശിച്ചു.

7. നഗരസഭാ പരിസരത്ത് സ്വന്തമായി രണ്ട് ഏക്കർ സ്ഥലമുള്ളപ്പോൾ നഗരപരിധിയിൽ നിന്നും ഏഴ് കിലോമീറ്റർ അകലെയുള്ള പുളിയൻമലയിൽ പ്ലാന്റ് സ്ഥാപിച്ചാൽ വേസ്റ്റ് അവിടേയ്ക്ക് എത്തിക്കുക പ്രായോഗികമല്ലെന്നും എന്ത് കാരണം കൊണ്ടാണെങ്കിലും യന്ത്രം മാറ്റിവയ്ക്കുന്ന സ്ഥലം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം നഗരസഭയ്ക്കാണെന്നും സമിതി വ്യക്തമാക്കി. കോവിഡ് സമയത്താണ് യന്ത്രം മാറ്റിവച്ചതെന്ന് കട്ടപ്പന മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

8. അറ്റകുറ്റപ്പണി നടത്തി യന്ത്രം പ്രവർത്തിപ്പിക്കണമെന്ന നിലപാടാണ് നഗരസഭ എടുത്തിട്ടുള്ളതെന്നും യന്ത്രം സ്ഥാപിച്ച കമ്പനി ഏകദേശ കണക്ക്

ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് വച്ച് താൽപ്പര്യപത്രം ക്ഷണിച്ച് അറ്റകുറ്റപ്പണി നടത്തുവാനാണുദ്ദേശിക്കുന്നതെന്നും കട്ടപ്പന മുനിസിപ്പാലിറ്റി സെക്രട്ടറി ബോധിപ്പിച്ചു. യന്ത്രം സ്ഥാപിച്ച കമ്പനിയുമായി AMC (Annual Maintenance Contract) നിലവിലില്ലേയെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ആരാഞ്ഞതിന് AMC-യുടെ കാലാവധി 2019-ൽ അവസാനിച്ചുവെന്ന് കട്ടപ്പന മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. കരാർ കാലാവധി നീട്ടിക്കിട്ടുന്നതിനായി നഗരസഭ നടപടി സ്വീകരിച്ചിരുന്നെങ്കിൽ ധനനഷ്ടം ഒഴിവാക്കാമായിരുന്നുവെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി തദവസരത്തിൽ അഭിപ്രായപ്പെട്ടു

9. കമ്പനി സ്ഥാപിച്ച സ്ഥലത്തുനിന്നും അവരുടെ അനുമതി കൂടാതെ യന്ത്രം മാറ്റിസ്ഥാപിച്ചതുമൂലം സംഭവിച്ച അറ്റകുറ്റപ്പണികൾ കമ്പനിയുടെ ചെലവിൽ നടത്തുവാൻ കഴിയില്ലെന്ന് സമിതി വിലയിരുത്തി. ജൈവമാലിന്യം പതിനാല് മണിക്കൂറിനുള്ളിൽ വളമായി മാറുന്ന തരത്തിലുള്ളതാണ് യന്ത്രമെന്നും കൂത്താട്ടുകുളം ഉൾപ്പെടെയുള്ള മുനിസിപ്പാലിറ്റികളിൽ ഇത്തരത്തിലുള്ള യന്ത്രം പ്രവർത്തിക്കുന്നുണ്ടെന്നും പ്രദേശവാസികളുടെ എതിർപ്പിനെത്തുടർന്നാണ് യന്ത്രം മാറ്റി സ്ഥാപിക്കേണ്ടി വന്നതെന്നും കട്ടപ്പന മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു അറ്റകുറ്റപ്പണി നടത്തി യന്ത്രം നഗരസഭാ പരിസരത്ത് പുനഃസ്ഥാപിച്ചാൽ വീണ്ടും പ്രതിഷേധം ഉണ്ടാകില്ലേയെന്ന് ആരാഞ്ഞ സമിതി ജൈവമാലിന്യം ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് സുരക്ഷിതമായി എത്തിക്കാൻ ഒരുപാട് സംവിധാനങ്ങളുള്ള ഇക്കാലത്ത് പുളിയൻമലയിൽതന്നെ യന്ത്രം സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെട്ടു

10. വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന് പുളിയൻമലയിലുള്ള വേസ്റ്റ് ഡമ്പിംഗ് യാർഡിൽ ബയോമൈനിങ് നടപടികൾ ടെണ്ടർ ചെയ്ത് ഉടൻതന്നെ ആരംഭിക്കുമെന്നും ആയതിനാൽ സ്ഥലം വൃത്തിയാകുമെന്നും അറ്റകുറ്റപ്പണികൾ നടത്തി യന്ത്രം അവിടെത്തന്നെ സ്ഥാപിക്കാവുന്നതാണെന്നും കട്ടപ്പന മുനിസിപ്പാലിറ്റി സെക്രട്ടറി

വ്യക്തമാക്കി. അറ്റകുറ്റപ്പണി പൂർത്തീകരിച്ച് യന്ത്രം പ്രവർത്തനസജ്ജമാക്കി യന്ത്രം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി റിപ്പോർട്ട് നാല് മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

11. കട്ടപ്പന നഗരസഭാ പരിസരത്ത് സ്വന്തമായി രണ്ട് ഏക്കർ സ്ഥലമുള്ളപ്പോൾ നഗരപരിധിയിൽ നിന്നും ഏഴ് കിലോമീറ്റർ അകലെയുള്ള പുളിയൻമലയിൽ പ്ലാന്റ് സ്ഥാപിച്ചാൽ വേസ്റ്റ് അവിടേയ്ക്ക് എത്തിക്കുക പ്രായോഗികമല്ലെന്ന് വിലയിരുത്തിയ സമിതി നഗരസഭാ പരിസരത്ത് സ്ഥാപിച്ച യന്ത്രം പുളിയൻമലയിലേക്ക് മാറ്റിയതാണ് ജൈവവള സംസ്കരണ പ്ലാന്റിന്റെ നിലവിലെ അവസ്ഥയ്ക്ക് കാരണമെന്ന് നിരീക്ഷിക്കുന്നു.

12. എന്ത് കാരണം കൊണ്ടാണെങ്കിലും യന്ത്രം മാറ്റിവയ്ക്കുന്ന സ്ഥലം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം നഗരസഭയ്ക്കാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ജൈവവള സംസ്കരണ പ്ലാന്റിനായി വാങ്ങിയ യന്ത്രം സുരക്ഷിതമായി വയ്ക്കുന്നതിനുപകരം സ്ക്രാപ് പോലെ കണക്കാക്കി വേസ്റ്റ് ഡമ്പിംഗ് യാർഡിൽ സൂക്ഷിച്ച മുനിസിപ്പാലിറ്റിയുടെ പ്രവൃത്തിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

13. കമ്പനി സ്ഥാപിച്ച സ്ഥലത്തുനിന്നും അവരുടെ അനുമതി കൂടാതെ യന്ത്രം മാറ്റിസ്ഥാപിച്ചതുമൂലം സംഭവിച്ച അറ്റകുറ്റപ്പണികൾ കമ്പനിയുടെ ചെലവിൽ നടത്തുവാൻ കഴിയില്ലെന്ന് സമിതി വിലയിരുത്തുന്നതോടൊപ്പം ജൈവമാലിന്യം ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് സുരക്ഷിതമായി എത്തിക്കാൻ ഒരുപാട് സംവിധാനങ്ങളുള്ള ഇക്കാലത്ത് പുളിയൻമലയിൽതന്നെ യന്ത്രം സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്യുന്നു.

14. പുളിയൻമലയിലുള്ള വേസ്റ്റ് ഡമ്പിംഗ് യാർഡിൽ സൂക്ഷിച്ചിരിക്കുന്ന യന്ത്രത്തിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയശേഷം പ്രസ്തുത

യന്ത്രം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി ആയതിന്മേലുള്ള റിപ്പോർട്ട് നാല് മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ലൈഫ് ഭവന പദ്ധതി നടത്തിപ്പിലുണ്ടായ ക്രമക്കേടുകൾ

(ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2019-20, ഖണ്ഡിക 1-21)

നവകേരളം പദ്ധതിയുടെ ഭാഗമായി, ഏവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിന് വേണ്ടി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം, സ്റ്റേറ്റ് ഷെയർ, KURDFC വായ്പ എന്നിവ സമന്വയിപ്പിച്ച് ഗ്രാമപഞ്ചായത്തുകൾ മുഖേന ബഹു. കേരള സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണ് ലൈഫ് (LIFE).

ഭവന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുമായി കരാർ ചെയ്യുന്ന ഗുണഭോക്താക്കൾക്ക് നിർമ്മാണ പുരോഗതിയുടെ വിവിധ ഘട്ടങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന രീതിയിലാണ് ഫണ്ട് വിതരണം ചെയ്യുന്നത്:

ഇനം	**അനുവദിക്കുന്ന തുക (₹)**	**സബ്സിഡിയുടെ ശതമാനം**
കരാർ ചെയ്യുമ്പോൾ	40,000	10%
തറയുടെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ	1,60,000	40%
കട്ടിള നിരപ്പെത്തുമ്പോൾ	1,00,000	25%
മേൽക്കൂര നിർമ്മാണം പൂർത്തീകരിക്കുമ്പോൾ	60,000	15%
എല്ലാ അർത്ഥത്തിലും നിർമ്മാണം പൂർത്തീകരിക്കുമ്പോൾ	40,000	10%
ആകെ സബ്സിഡി	**4,00,000**	**100%**

വിതരണം ചെയ്യുന്ന ആകെയുള്ള സബ്സിഡി തുകയുടെ വിഹിത വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	തുക(₹)
വായ്പ (KURDFC)	2,20,000
സംസ്ഥാന വിഹിതം	1,00,000
തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം	80,000
ആകെ	**4,00,000**

പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി തുക അനുവദിച്ചു.

ലൈഫ് ഭവന നിർമ്മാണത്തിലെ വിവിധ നിർമ്മാണ ഘട്ടങ്ങളിലായി ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി സബ്സിഡി 4,00,000/- രൂപയാണ്. എന്നാൽ ഇവിടെ ലൈഫ് ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയേക്കാൾ അധികം പണം അനുവദിക്കുകയും പിന്നീട് ഗുണഭോക്താക്കളിൽ ചിലരിൽ നിന്ന് അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കുകയും ചെയ്തുവെങ്കിലും അനുവദനീയമായ സബ്സിഡി നിരക്കിനേക്കാൾ അധികം തുക കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുവാൻ സാധിച്ചിട്ടില്ല.

ഓരോ വ്യക്തിക്കും അർഹമായ സബ്സിഡി തുക, രേഖകൾ പരിശോധിച്ച് ഉറപ്പാക്കി അനുവദിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. സ്വകാര്യധനം ചെലവഴിക്കുന്നതിൽ പ്രകടിപ്പിക്കേണ്ട അതേ വിവേകവും കരുതലും പൊതുമുതൽ കൈകാര്യം ചെയ്യുമ്പോഴും പ്രകടിപ്പിക്കണമെന്ന അടിസ്ഥാന ധനവിനിയോഗ തത്വം (കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 40(B) കാണുക) പോലും അവഗണിച്ചാണ് സബ്സിഡി വിതരണം നടന്നതെന്ന് ലഭ്യമാക്കിയ വിവരങ്ങളിൽ നിന്ന് വ്യക്തമാണ്. അധികം നൽകിയ തുകയ്ക്ക്,

അനധികൃതമായി കൈവശം വച്ചതിന് ബാധകമായ പലിശ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടിയിരുന്നു. തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന ₹1,05,000/- അടിയന്തരമായി ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ ട്രഷറിയിൽ നിന്ന് അതത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. കൈവശാവകാശ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പെർമിറ്റ് തുടങ്ങിയ അർഹതാ സാക്ഷ്യപത്രങ്ങൾ ഇല്ലാത്ത അനവധി വ്യക്തിഗത ഫയലുകൾ വീടിന് അർഹരായവർ ഉൾപ്പെട്ട ലിസ്റ്റിൽ തന്നെ കണ്ടെത്തിയിരുന്നു. ആയതിനാൽ അർഹതാലിസ്റ്റിൽ ഉൾപ്പെട്ടവർ എല്ലാവരും യഥാർത്ഥത്തിൽ അർഹതയുള്ളവരായിരുന്നോയെന്ന് വ്യക്തമാകുന്നില്ല. കരാർ, ബാങ്ക് പാസ്സ് ബുക്കിൽ സബ്സിഡി തുകകൾ ക്രെഡിറ്റ് ചെയ്തതിന്റെ പകർപ്പുകൾ, സ്റ്റേജ് സർട്ടിഫിക്കറ്റുകൾ (വാർഡ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ), ഓരോ ഘട്ട നിർമ്മാണ പുരോഗതിയുടെയും ഫോട്ടോകൾ തുടങ്ങിയ അടിസ്ഥാന രേഖകൾ ഫയലിനോടൊപ്പം ഇല്ലാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ള കണക്കുകൾ ആധികാരികമാണോ എന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടാത്ത ഗുണഭോക്താക്കളുടെ പേരുവിവരം ഉൾപ്പെടുത്തി അധികം തുക പിൻവലിച്ചു.

ആവശ്യകതയ്ക്കനുസൃതമായല്ലാതെ വായ്പയും സംസ്ഥാനവിഹിതവും സ്വീകരിച്ച് ദീർഘനാൾ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച നടപടിയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ജനറൽ, എസ്.സി.പി., റ്റി.എസ്.പി. വിഭാഗങ്ങളിലായി 338 ഗുണഭോക്താക്കളാണ് ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ച് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കരാറിലേർപ്പെടാത്തതും ഭവന നിർമ്മാണം

ആരംഭിക്കാത്തതുമായ വ്യക്തികളുടെ പേരുകൾ കൂടി ലിസ്റ്റിൽ ചേർത്ത് രണ്ടാം ഗഡു KURDFC വായ്പയിനത്തിലും സംസ്ഥാന വിഹിതമിനത്തിലും അർഹമല്ലാത്ത തുക പിൻവലിച്ച് ഗ്രാമപഞ്ചായത്തിന്റെ ഇ-പേയ്മെന്റ് അക്കൗണ്ടിൽ സൂക്ഷിക്കുകയും അധികമായി ലഭിച്ച തുക പിൻവലിച്ചത് ക്രമവിരുദ്ധമാണെന്ന് കണ്ട് 08.09.2020-ന് തിരിച്ചടക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്ത് സമർപ്പിക്കുന്ന പട്ടിക അടിസ്ഥാനപ്പെടുത്തി സംസ്ഥാന സർക്കാർ ഹഡ്കോയിൽ നിന്ന് KURDFC മുഖേന ലഭ്യമാക്കുന്ന വായ്പ തുകയ്ക്ക് ഗണ്യമായ തുക പലിശ നൽകേണ്ടതുണ്ട്. ആയതിനാൽ ഭീമമായ തുക പിൻവലിച്ച് അർഹതയില്ലാത്തവരുടെ അക്കൗണ്ടിലേക്ക് നല്കിയ നടപടി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. KURDFC രണ്ടാം ഗഡു വായ്പയുടെ 28.03.2019 മുതൽ 07.09.2019 വരെയുള്ളതും സംസ്ഥാന വിഹിതത്തിന്റെ 13.11.2019 മുതൽ 17.01.2020 വരെയുള്ളതുമായ കാലഘട്ടങ്ങളിലെ സമ്പൂർണ്ണ വിതരണ വിശദാംശങ്ങൾ യോഗ്യതാ പട്ടികയുൾപ്പെടെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അർഹതയില്ലാത്തവരുടെ പേരിലാണ് തുക അധികമായി പിൻവലിച്ചതെങ്കിലും പിന്നീടുള്ള കാലഘട്ടത്തിൽ അർഹതയുള്ളവരിൽ നിന്ന് നിർമ്മാണ ഘട്ടം പൂർത്തിയാക്കിയവരെ ക്രമമായി കണ്ടെത്തി അവർക്ക് മാത്രമാണ് തുക വിതരണം ചെയ്തതെന്നും അനർഹർക്ക് തുക നല്കിയിട്ടില്ലെന്നുമുള്ള നിലപാടിന്റെ നിജസ്ഥിതി പരിശോധിക്കാനായില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ധനാഭ്യർത്ഥനയ്ക്കൊപ്പം തയ്യാറാക്കി നല്കുന്ന ഗുണഭോക്താക്കളുടെ പട്ടികപ്രകാരം ആകെ തുകയ്ക്കുള്ള ചെക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ബാങ്കിലേക്ക് നല്കി വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതായിരുന്നു അനുവർത്തിച്ചുവന്നിരുന്ന രീതി. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യക്തികൾ അർഹതയുള്ളവരാണോ, നിയമാനുസൃത കരാറിലേർപ്പെട്ടവരാണോ, കൃത്യമായി നിർമ്മാണ ഘട്ടം പൂർത്തിയാക്കിയവരാണോ എന്നിങ്ങനെയുള്ള കാര്യങ്ങൾപോലും പ്രാഥമികമായി വിലയിരുത്തിയിട്ടില്ലെന്ന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ, വ്യത്യസ്ത കാരണങ്ങളാൽ അനർഹരായവർ/പദ്ധതിയ്ക്ക് പുറത്തുള്ളവർ പോലും

ഗുണഭോക്തൃ ലിസ്റ്റിൽ കടന്നുകൂടാനുള്ള സാദ്ധ്യത നിലനിൽക്കുന്നു. അധിക തുക കൈപ്പറ്റിയതിനുശേഷം തുകകൾ പണമായി നേരിട്ട് ബാങ്കിൽ/ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചതുപോലും യഥാർത്ഥത്തിലുള്ള ഗുണഭോക്താക്കളാണോയെന്ന് ഉറപ്പാക്കേണ്ടിയിരിക്കുന്നു. ആയതിനാൽ ആകെയുള്ള പദ്ധതി നടത്തിപ്പിൽ വിശദമായ പരിശോധന നടത്തി കൃത്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതായിട്ടുമുണ്ട്.

അർഹതയുള്ള, നിർമ്മാണ ഘട്ടം പൂർത്തിയാക്കിയവർക്ക് മാത്രമാണ് തുക വിതരണം ചെയ്തതെന്ന മറുപടിയുടെ നിജസ്ഥിതി പദ്ധതിയുടെ തുടക്ക കാലഘട്ടം മുതലുള്ള ഫയലുകൾ/രേഖകൾ പരിശോധിച്ചാൽ മാത്രമേ വ്യക്തമാവൂ. അനധികൃതമായി പിൻവലിച്ച തുക ₹1,10,44,000/-, അർഹതയുള്ളവർക്കാണോ വിതരണം നടത്തിയതെന്ന് വിശദമായ പരിശോധനയിലൂടെ മാത്രമേ ഉറപ്പിക്കാൻ കഴിയൂ. ഓഡിറ്റ് സമയത്ത് ഇതു സംബന്ധിച്ച് യാതൊരു രേഖയും ഹാജരാക്കിയിരുന്നില്ല. അർഹതയില്ലാത്തവർക്കാണ് വിതരണം ചെയ്തിട്ടുള്ളതെങ്കിൽ, കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 303A(C)-യുടെ കുറിപ്പ് പ്രകാരം (സർക്കാർ തുക അനധികൃതമായി മറ്റുള്ളവർക്ക് കൈവശം വയ്ക്കാൻ അവസരം നൽകിയതിനാൽ) തുക പിഴപ്പലിശ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഇടാക്കേണ്ടതായിട്ടുണ്ട്.

LIFE 2-ാം ഘട്ടം (ഭവന രഹിത പുനരധിവാസം) പുരോഗതി വിശകലനം (31.03.2021 വരെ)

അർഹതയുള്ള ഗുണഭോക്താക്കളുടെ എണ്ണം, കരാർ ചമച്ചവർ തുടങ്ങി പുരോഗതിയുടെ വിശകലന റിപ്പോർട്ട് പലയിടങ്ങളിൽ പല രീതിയിൽ നൽകിയിരിക്കുന്നതായി ഫയലിൽ കാണുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയായ വി. ഇ. ഒ. സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് സമർപ്പിച്ച പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	പൊതു വിഭാഗം	എസ്. സി.	എസ്. റ്റി.	ആകെ
കരാർ വച്ചത്	307	17	14	338
പണി തുടങ്ങാത്തത്	1			1

പണി തീർന്നത്	296	14	8	318
തറ തീർന്നത്	1		1	2
ലിന്റൽ തീർന്നത്	2		5	7
മേൽക്കൂര തീർന്നത്	7	3		10

രണ്ടാംഘട്ട നടത്തിപ്പിന് വേണ്ടി വി.ഇ.ഒ.-യുടെ അപേക്ഷ പ്രകാരം 04.01.2019-ൽ ബാങ്കിൽ ക്രെഡിറ്റ് വന്ന ഒന്നാം ഗഡു KURDFC വായ്പ ₹99,33,417/- 25.01.2019-നകം പൂർണ്ണമായി വിനിയോഗിച്ച് വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ടെങ്കിലും വിതരണത്തിന്റെ കൃത്യത പരിശോധിക്കേണ്ടതുണ്ട്.

മറ്റ് അപാകതകൾ

1	അപാകതയായി പറഞ്ഞിരിക്കുന്നത് രണ്ടാം ഖണ്ഡികയിലെ പട്ടികയിൽ ചേർത്തിരിക്കുന്ന വായ്പ തുക പൂർണ്ണമായി ചെലവഴിച്ചെന്ന് വിശദാംശങ്ങൾ ഉൾപ്പെടുത്തി 05.09.2019-ൽ KURDFC-യ്ക്ക് ഗ്രാമപഞ്ചായത്ത് വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.
2	ബാങ്ക് അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയതിലെ പിഴവ് മൂലം ഗുണഭോക്താക്കൾക്ക് തുക ലഭിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ തിരികെ വന്നത് നിർവ്വഹണത്തിലെ വീഴ്ചയാണ്.
3	രണ്ടാം ഘട്ട ഗുണഭോക്താക്കൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ധനസഹായ വിഹിതം രേഖപ്പെടുത്തുന്നതിനും യോഗ്യത ആയിട്ടില്ലാത്ത ഗുണഭോക്താക്കളെ യോഗ്യതയുള്ളവരാക്കുന്നതിലും ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിൽ സൗകര്യം ലഭ്യമാണെന്നിരിക്കെ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ വിശദാംശങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞില്ല.

4	അപാകതകൾ ഉണ്ടെന്ന് പ്രഥമ ദൃഷ്ട്യാ ബോദ്ധ്യപ്പെട്ടപ്പോൾ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി പലപ്രാവശ്യം നിർദ്ദേശിച്ചെങ്കിലും വി.ഇ.ഒ. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കിയില്ല. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഫയലുകൾ, രജിസ്റ്ററുകൾ, കണക്കുകൾ, ഇതര രേഖകൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃത്യമായി പരിപാലിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ കണക്കുകളും രേഖകളും കൃത്യമാക്കി സാക്ഷ്യപത്രം സമർപ്പിക്കുന്നതിനോ ബാക്കി തുക ആവശ്യപ്പെടുന്നതിനോ ഗ്രാമപഞ്ചായത്തിന് സാധിച്ചില്ല. ഈ കാരണത്താൽ വിവിധ വാർഡുകളിലെ ഗുണഭോക്താക്കളെ നേരിട്ട് സന്ദർശിച്ച് അവരിൽനിന്ന് നിർദ്ദിഷ്ട പ്രഫോർമയിൽ പദ്ധതി നടത്തിപ്പിന്റെ അതുവരെയുള്ള പൂർണ്ണ വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ജീവനക്കാരെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്ക് ചുമതലപ്പെടുത്തേണ്ടി വന്നു.
5	പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ തുക സൂക്ഷിക്കേണ്ടിടത്ത് ഗ്രാമപഞ്ചായത്തിന്റെ ഇ-പേയ്മെന്റ് അക്കൗണ്ടിലാണ് വായ്പയും സംസ്ഥാന വിഹിതവും നിലനിർത്തിയിരിക്കുന്നത്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ഫയൽ സൂക്ഷിപ്പ്, വായ്പ സ്വീകരിക്കൽ, തുക വിതരണം തുടങ്ങി എല്ലാ മേഖലകളിലും നിർവ്വഹണ ഉദ്യോഗസ്ഥന് ഗുരുതരവീഴ്ച ഉണ്ടായിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ ക്രമക്കേടുകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

പ്രോജക്ട് നിർവ്വഹണത്തിലെ ക്രമക്കേടിന്റെ വ്യാപ്തിയും ഇടപാടുകളുടെ നിജസ്ഥിതിയും പുറത്തുകൊണ്ടുവരുന്നതിന് വിശദമായതും ആഴത്തിലുള്ളതുമായ പരിശോധന അനിവാര്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2021-22-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15. ലൈഫ് ഭവന പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ശ്രീ. റ്റി. എസ്. സന്ദീപിന്റെ കാലയളവിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിയതിലുണ്ടായിട്ടുള്ള ക്രമക്കേടുകളിൽ ₹1,05,000/- ഒഴികെ ബാക്കി തുക തിരികെ ഈടാക്കിയിട്ടുണ്ടെന്ന് ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ശ്രീ. റ്റി. എസ്. സന്ദീപിന് 22.02.2022, 25.09.2023, 17.11.2023 എന്നീ തീയതികളിൽ രേഖാമൂലം അറിയിപ്പ് നൽകിയിട്ടും ടിയാൻ നാളിതുവരെ മറുപടിയൊന്നും സമർപ്പിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന് ടിയാൻ മറുപടിയൊന്നും നൽകിയിട്ടില്ലെന്ന് ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

16. വിഷയത്തിൽ നേരിട്ട് അന്വേഷണം നടത്തണമെന്ന് ജോയിന്റ് ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഫയലുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ലെന്ന് കണ്ടെത്തിയെന്നും തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന 1,05,000/- രൂപയിൽ നിന്നും ഗുണഭോക്താവ് തിരികെ ഒടുക്കിയ 36,800/- രൂപ കിഴിച്ച് ബാക്കി തുകയായ 68,200/- രൂപ ലഭിക്കാനുണ്ടെന്നും പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ റ്റി. എസ്. സന്ദീപിനോട് നേരിട്ട് ഹാജരാകണമെന്നാവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം അറിയിപ്പ് നൽകിയിരുന്നെങ്കിലും ഹിയറിംഗ് സമയത്ത് ഹാജരാകാത്തതിനെ തുടർന്ന് അദ്ദേഹത്തെ ഫോണിൽ വിളിച്ച് സംസാരിക്കുകയും നേരിട്ട് ഹാജരാകാത്തപക്ഷം തുക ബാധ്യതയായി കണക്കാക്കേണ്ടി വരുമെന്ന്

അറിയിക്കുകയും ചെയ്യുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ വിശദീകരിച്ചു. 19.11.2023-ൽ ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുമ്പാകെ നേരിട്ട് ഹാജരാകണമെന്ന് പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേന കത്ത് നൽകിയിട്ടും അദ്ദേഹം ഹിയറിംഗിന് ഹാജരാകുകയോ കത്തിന് മറുപടി നൽകുകയോ ചെയ്തിട്ടില്ലെന്നും ടിയാൻ സഹകരിക്കാത്ത സ്ഥിതിയാണുള്ളതെന്നും അസിസ്റ്റന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

17. ശ്രീ. റ്റി. എസ്. സന്ദീപ് ഇപ്പോഴും സർവീസിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഉണ്ട് എന്ന് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. സർവീസിലുള്ള ഉദ്യോഗസ്ഥൻ ഹിയറിംഗിന് വിളിച്ചിട്ട് വരുന്നില്ലെങ്കിൽ തീർച്ചയായും അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു മൂന്ന് തവണ കത്ത് നൽകിയിട്ടും മറുപടി ലഭ്യമാക്കാത്ത നിർവഹണ ഉദ്യോഗസ്ഥന്റെ സമീപനം ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലായെന്നും വിഷയം സർക്കാർ ഗൗരവമായി തന്നെയാണ് കാണുന്നതെന്നും ഇക്കാര്യത്തിൽ നാളതീകരിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് അസിസ്റ്റന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

നിഗമനങ്ങളും ശിപാർശകളും

18. ലൈഫ് ഭവന പദ്ധതി നടത്തിപ്പിലുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ നിന്നും മൂന്ന് തവണ കത്ത് നൽകിയിട്ടും മറുപടി ലഭ്യമാക്കാത്ത നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ. റ്റി. എസ്. സന്ദീപിന്റെ സമീപനം ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലായെന്ന് സമിതി അഭിപ്രായപ്പെടുന്നു. നിർവഹണ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി

സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഇന്റഗ്രേറ്റഡ് റിഫൈനറി എക്സ്പാൻഷൻ പ്രോജക്ട് - ഗുരുതരമായ അപാകതകൾ
(തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്, ഓഡിറ്റ് റിപ്പോർട്ട് 2020-21 ഖണ്ഡിക 1-20)

ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിയുടെ ഇന്റഗ്രേറ്റഡ് റിഫൈനറി എക്സ്പാൻഷൻ പ്രോജക്ടിന്റെയും, പ്രൊപ്പിലിൻ ഡെറിവേറ്റീവ് പെട്രോകെമിക്കൽ പ്രോജക്ടിന്റെയും ഭാഗമായി തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന്റെ മറ്റക്കുഴി- വെൺമണി വാർഡിൽ നെൽവയലിലൂടെ വാപ്പാലത്താഴം വഴി ചിത്രപ്പുഴയിലേക്ക് ഒഴുകുന്ന ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തോടും, സമീപത്തെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള നിലഭൂമിയും ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ 2012-13 വർഷത്തിൽ തന്നെ ആരംഭിച്ചിട്ടുള്ളതാണ്. നിലം ആയിട്ടുള്ള ഭൂമി നികത്തി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പാരിസ്ഥിതിക അനുമതി റിഫൈനറിക്ക് ലഭിച്ചിട്ടുള്ളതാണ്. കക്കാട് വാർഡിൽ നിലവിലുണ്ടായിരുന്ന ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള, തോടിന്റെ കമ്പനിയോട് ചേർന്നുള്ള ഭാഗം നികത്തുകയും, ഏറ്റിക്കര, മറ്റക്കുഴി ഭാഗങ്ങളിൽ നിന്നും വരുന്ന തോടുകൾ റിഫൈനറി തന്നെ മുൻകയ്യെടുത്ത് കമ്പനിയുടെ മതിൽകെട്ടിന് പുറത്തുകൂടി ചിത്രപുഴയിലേക്ക് ഒഴുകുന്ന വിധം തോടിന്റെ മുകൾഭാഗത്ത് 23 മീറ്റർ വീതിയിലും, അടിഭാഗത്ത് 11 മീറ്റർ വീതിയിലും, 5 മീറ്റർ ആഴത്തിലും മുൻപുണ്ടായിരുന്ന തോടിന് പകരം പുതിയ തോട് നിർമ്മിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തോട് കൈയ്യേറി നിർമ്മാണം നടത്തിയിട്ടും നഷ്ടപ്പെട്ട സ്ഥലത്തിന് പകരം ഭൂമി തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2020-ലെ കത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ റിഫൈനറിയുടെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുണ്ടായിരുന്ന തോട് നികത്തുന്നതിനും, ഗതിമാറ്റി വിടുന്നതിനും 17.06.2020-ലെ 18-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി സാധൂകരണം നൽകിയിട്ടുണ്ട്. പുതിയതായി നിർമ്മിച്ച തോട് റിഫൈനറിയുടെ മതിൽകെട്ടിനുള്ളിലൂടെ ഒഴുകുന്ന ഭാഗത്തിന്റെ ഉടമസ്ഥാവകാശവും, പരിശോധനാ സ്വാതന്ത്ര്യവും നിയമാനുസൃതം ലഭിക്കണമെന്നും, തോടിന്റെ സംരക്ഷണത്തിനും, മെയിന്റനൻസിനും സൗകര്യം ഒരുക്കണമെന്നും, റിഫൈനറിയിൽ നിന്നുള്ള മാലിന്യം തോട്ടിലേക്കൊഴുക്കരുതെന്ന കർശന നിർദ്ദേശത്തോടെയുമാണ് സാധൂകരണം നൽകിയത്. ഈ പ്രവർത്തനത്തിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

സ്ഥലകൈമാറ്റ നടപടികൾ സുതാര്യമല്ല

തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് 40-ൽ ഉൾപ്പെട്ട 328.28 ആർ സ്ഥലത്താണ് പുതിയതായി തോട് നിർമ്മിച്ചിട്ടുള്ളത്. ഒരു ആറിന് 15000/- രൂപ എന്ന നിരക്കിലാണ് ടി സ്ഥലത്തിന് തിരുവാണിയൂർ വില്ലേജ് ഓഫീസർ ഫെയർ വാല്യൂ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് 40-ൽ ഉൾപ്പെട്ട 2/1, 3/1, 4/1, 63/1, 64/1, 65/1 റീസർവെ നമ്പറുകളിലെ 94.20 ആർ സ്ഥലത്താണ് പഴയ തോട് സ്ഥിതി ചെയ്യുന്നത്. ഒരു ആറിന് 27,225/- രൂപ എന്ന നിരക്കിലാണ് ടി സ്ഥലത്തിന് തിരുവാണിയൂർ വില്ലേജ് ഓഫീസർ ഫെയർ വാല്യൂ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. തിരുവാണിയൂർ വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച പരസ്പരം കൈമാറുന്ന ഭൂമിയുടെ വിസ്തീർണ്ണം, ബി.ടി.ആർ. പകർപ്പ്, ഫെയർ വാല്യൂ സർട്ടിഫിക്കറ്റ് എന്നിവയും, കൊച്ചിൻ റിഫൈനറി സ്പെഷ്യൽ തഹസിൽദാരിൽ നിന്നും ലഭിച്ച അതിർത്തി വ്യക്തമാക്കുന്ന ലൊക്കേഷൻ മാപ്പ് എന്നിവ പരസ്പര വസ്തു കൈമാറ്റത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 166 പട്ടിക മൂന്ന് പ്രകാരം പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സൂക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തോട് നികത്തി ഗതിമാറ്റി നിർമ്മിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഗ്രാമപഞ്ചായത്തിന് റിഫൈനറിയിൽ നിന്നും കൈമാറിക്കിട്ടാനുള്ള സ്ഥലത്തിന്റെ വിഷയത്തിൽ പ്രാഥമികമായ ധാരണ ഉണ്ടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിലോ, സർക്കാർ തലത്തിലോ സുതാര്യവും, കാര്യക്ഷമവുമായ ഇടപെടൽ നടത്തിയിട്ടില്ല. കൂടാതെ, വസ്തു കൈമാറ്റത്തിന് 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും, കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങളും സ്വീകരിച്ചിട്ടില്ല.

മാലിന്യ സംസ്കരണം - സുസ്ഥിര വികസനത്തിന് വിഘാതം

അമ്പലമുകളിൽ സ്ഥിതി ചെയ്യുന്ന ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ ഫാക്ടറിയിൽ നിന്നും മഴവെള്ളം ഒഴുകിപ്പോയിരുന്നത് വാപ്പാലത്താഴം വഴി ചിത്രപ്പുഴയിലേക്ക് നിലവിലുണ്ടായിരുന്ന തോട്ടിലൂടെയായിരുന്നു. ബി.പി.സി.എൽ. കമ്പനിയുടെ വികസന പദ്ധതിയുടെ ഭാഗമായി ഈ തോട് ജനവാസമേഖലയിലൂടെ വഴിമാറ്റി നിർമ്മിക്കുകയും, തുടർന്ന് ഈ പ്രദേശത്തെ നിരവധി ജനങ്ങളുടെ കുടിവെള്ളത്തിനും, കുളിക്കുന്നതിനും, കാർഷിക ആവശ്യത്തിനുമുള്ള ജലസ്രോതസ്സായ ഈ തോട്ടിലേക്ക് കമ്പനിയിൽ നിന്നും വിഷാംശം കലർന്ന കറുത്തതും, ഓയിൽ കലർന്നതുമായ മലിനജലമാണ് ഫാക്ടറിയിൽ നിന്നും തുറന്നു വിടുന്നത് എന്ന പരാതി ഉയർന്ന് വരുകയും, വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ 18.03.2018-ന് എച്ച്.ഒ.സി. അധികൃതർക്ക് കത്ത് നൽകുകയും, നേരിൽ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ഫാക്ടറിയിൽ നിന്നും മലിനജലം ഒഴുകി തോട്ടിൽ എത്തിച്ചേരുന്ന ഭാഗം പഞ്ചായത്ത് അധികൃതർ മൺതിട്ട നിർമ്മിച്ച് തടയുകയും ചെയ്തിട്ടുണ്ട്. ടി വിഷയം 25.06.2019-ലെ എ 4-5700/2018 കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എച്ച്.ഒ.സി.എൽ. കമ്പനിയിൽ നിന്നും സ്വാഭാവികജലം ഒഴുകിപ്പോയിരുന്നത് ഗ്രാമപഞ്ചായത്ത് അധികൃതർ മൺതിട്ട നിർമ്മിച്ചതിനാൽ മഴവെള്ളം ഒഴുകിപ്പോകുന്നില്ലായെന്നും, തൻമൂലം മഴവെള്ളം ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുള്ള വ്യാവസായിക മലിനജല ശുദ്ധീകരണ പ്ലാന്റിലെ സംസ്കരിക്കാത്ത ജലവുമായി കലർന്ന് സമീപത്തെ പാടശേഖരങ്ങളിലും, ജലസ്രോതസ്സുകളിലും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നും, ആയതിനാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും 20.05.2019-ന് PCB/HO/EKM/ICO/394/2000 നമ്പർ കത്ത് ലഭിച്ചിരുന്നു. ഇതേ തുടർന്ന് 02.08.2019-ന് ബി.പി.സി.എൽ., ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് അധികൃതരുമായും ചർച്ച നടത്തുകയും എച്ച്.ഒ.സി.എൽ. കമ്പനിയിൽ നിന്നും വെള്ളം ചിത്രപ്പുഴയിലേക്ക് ഒഴുക്കുന്നതിനായി ഒരു പൈപ്പ് സ്ഥാപിക്കുന്നതിന് ബി.പി.സി.എൽ. കമ്പനിയോട് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ, പിന്നീട് തുടർനടപടികൾ സ്വീകരിക്കുകയുണ്ടായില്ല. മാത്രമല്ല ഈ വിഷയത്തിൽ തിരുവാണിയൂർ ഗ്രാമപഞ്ചായത്തിനെ ഒന്നാം എതിർകക്ഷിയാക്കി ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് കേരള ഹൈക്കോടതിയിൽ ഡബ്ല്യൂപി(സി) 27190/2020(കെ) നമ്പർ കേസും ഫയൽ ചെയ്തിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 166 പട്ടിക മൂന്ന് പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക, ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ജലമാർഗങ്ങളും, കനാലുകളും പരിരക്ഷിക്കുക, പരിസ്ഥിതി ആരോഗ്യകരമായി സംരക്ഷിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ നിരവധി ജനങ്ങളുടെ കുടിവെള്ള സ്രോതസ്സായ തോട്ടിലേക്ക് എച്ച്.ഒ.സി.എൽ. കമ്പനി മലിനജലം ഒഴുക്കിവിടുന്ന സാഹചര്യത്തിൽ താൽകാലിക പരിഹാരമായി മൺതിട്ട നിർമ്മിച്ച് തടയുക

എന്നതിനപ്പുറം ബന്ധപ്പെട്ട കമ്പനികളുമായി ക്രിയാത്മകമായ ഇടപെടൽ നടത്തി സുസ്ഥിരവും, ശാസ്ത്രീയവുമായ ഒരു മാലിന്യ നിർമ്മാർജന സംവിധാനം ഏർപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല

അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ചില്ല

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് അതിർത്തിയോട് ചേർന്ന പ്രദേശങ്ങൾ ഏറ്റെടുത്ത് ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറി ഗ്രാമപഞ്ചായത്തിന്റെ നിർമ്മാണ അനുമതിയില്ലാതെ കെട്ടിടങ്ങൾ നിർമ്മിക്കുകയും, പ്ലാന്റുകൾ സ്ഥാപിപ്പിച്ചിട്ടുള്ളതായും ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഐ. വി. ഷാജി കത്ത് നൽകിയിരുന്നു. (എ 3-4283/19) കൊച്ചിൻ റിഫൈനറി വികസന പദ്ധതിയുടെ ഭാഗമായി നിർമ്മാണം നടത്തിയിട്ടുള്ളതിനാൽ കൈമാറുന്ന വസ്തുവിന്റെ ലൊക്കേഷൻ മാപ്പിന്റെ ആധികാരികത ഉറപ്പുവരുത്താൻ സാധിക്കുകയില്ലെന്ന് തിരുവാണിയൂർ വില്ലേജ് ഓഫീസർ 16.03.2020-ന് നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ, ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്നത് വ്യക്തമാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 166 പട്ടിക മൂന്ന് പ്രകാരം കെട്ടിട നിർമ്മാണം നിയന്ത്രിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ, ബി.പി.സി.എൽ. കമ്പനി റിഫൈനറി വികസന പദ്ധതിയുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടും ഗ്രാമപഞ്ചായത്ത് യാതൊരുവിധ അന്വേഷണം നടത്തുകയോ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 90 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല

കെട്ടിട നികുതി നിർണ്ണയം നടത്തിയില്ല -വരുമാന നഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട

കെട്ടിടങ്ങൾക്ക് അവക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും, നിരക്കിലും വസ്തുനികുതി നിർണ്ണയിക്കേണ്ടതും, നികുതി ഡിമാന്റ് ചെയ്ത് നോട്ടീസ് നൽകേണ്ടതുമാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് കൊച്ചിൻ റിഫൈനറി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ അന്വേഷണം നടത്തി മേൽ സൂചിപ്പിച്ച ചട്ടം പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് ചെയ്തിട്ടില്ല. ഇപ്രകാരം വസ്തുനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2021-22-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. ബി.പി.സി.എൽ. കമ്പനി പുതിയ പ്ലാന്റ് നിർമ്മിക്കാൻ വേണ്ടി തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി കൈമാറ്റം നടത്തുകയും പകരം ഭൂമി പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ലെന്നുള്ളതുമാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതി ആവശ്യമായ രേഖകൾ 2020-ൽ സർക്കാരിന് സമർപ്പിച്ചിരുന്നുവെന്നും ഓഡിറ്റ് പരാമർശം വന്നതിനുശേഷം കഴിഞ്ഞ നവംബർ മാസത്തിൽ സർക്കാർ അനുമതി ലഭിക്കുന്നതിനായി വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. വസ്തു കൈമാറ്റ നടപടി അംഗീകരിച്ച് നൽകേണ്ടത് സർക്കാരാണെന്നും 05.11.2024-ന് അംഗീകാരം ലഭിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി. അവലോകന യോഗത്തിനുശേഷമാണ് പഞ്ചായത്ത് അധികൃതർ ഇക്കാര്യം പറയുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി തദവസരത്തിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

20. പ്രിൻസിപ്പൽ ഡയറക്ടറേറ്റ് തലത്തിൽ ഒന്നുകൂടി പ്രസ്തുത വിഷയം പരിശോധിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ തദവസരത്തിൽ

അറിയിച്ചു. സർക്കാർ തലത്തിൽ സംഭവിച്ച വീഴ്ചയാണിതെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽ നിന്നും പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച വന്നതായി കാണുന്നില്ലെന്നും അവർ കൃത്യമായി കാര്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി വിഷയം സർക്കാർ തലത്തിൽ പരിശോധിച്ച് വ്യക്തത വരുത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു

21. അമ്പലമുകളിൽ സ്ഥിതി ചെയ്യുന്ന ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ ഫാക്ടറിയിൽ നിന്നുള്ള മഴവെള്ളം ഒഴുകിപ്പോകുന്നതിന് നിലനിന്നിരുന്ന തോട് ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിയുടെ വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മൂടിയതിനാൽ മഴവെള്ളം ഒഴുകിപ്പോകുന്നതിന് സൗകര്യമില്ലാതെ വരികയും ഫാക്ടറിയിൽ നിന്നുള്ള മലിനജലവുമായി കലർന്ന് ജനങ്ങൾ കുടിവെള്ളത്തിനും കുളിക്കുന്നതിനും കാർഷിക ആവശ്യത്തിനും ഉപയോഗിക്കുന്ന തോട്ടിൽ എത്തിച്ചേരുന്നതായും പഞ്ചായത്തിന് പരാതി ലഭിച്ചതിനെത്തുടർന്ന് ഫാക്ടറിയിൽ നിന്നും മലിനജലം ഒഴുകി തോട്ടിൽ എത്തിച്ചേരുന്ന ഭാഗം പഞ്ചായത്ത് അധികൃതർ മൺതിട്ട നിർമ്മിച്ച് തടയുകയുണ്ടായെങ്കിലും ഫാക്ടറിയിലെ മഴവെള്ളം ഒഴുകിപ്പോകുന്നില്ലെന്നും ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുള്ള വ്യാവസായിക മലിനജല ശുദ്ധീകരണ പ്ലാന്റിലെ സംസ്കരിക്കാത്ത ജലവുമായി കലർന്ന് പാടശേഖരങ്ങളിലും ജലസ്രോതസ്സുകളിലും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ പ്രശ്ന പരിഹാരത്തിനായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും കത്ത് ലഭിച്ചുവെന്നും തുടർന്ന് അന്നത്തെ പഞ്ചായത്ത് ഭരണ സമിതി 2019-ൽ ബി.പി.സി.എൽ., എച്ച്.ഒ.സി.എൽ. എന്നീ കമ്പനികളെ കളക്ടറുടെ നിർദ്ദേശാനുസരണം വിളിച്ചുവരുത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെന്നും തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. എച്ച്.ഒ.സി.എൽ. കമ്പനിയിൽ നിന്നും മഴവെള്ളം ചിത്രപ്പുഴയിലേക്ക് ഒഴുകിപ്പോകുന്നതിന് ബി.പി.സി.എൽ. പൈപ്പ് സ്ഥാപിക്കാമെന്ന്

അറിയിച്ചെങ്കിലും പ്രാവർത്തികമാക്കാത്തതിനെ തുടർന്ന് 2020-ൽ എച്ച്.ഒ.സി.എൽ. പഞ്ചായത്തിനെ ഒന്നാം എതിർ കക്ഷിയാക്കിയും കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിനെ രണ്ടാം എതിർ കക്ഷിയാക്കിയും ബി.പി.സി.എൽ.-നെ മൂന്നാം എതിർ കക്ഷിയാക്കിയും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. 2021 ജനുവരി മാസമാണ് കേസിന്റെ അവസാന ഹിയറിങ് നടന്നതെന്നും മൺതിട്ട നിർമ്മിച്ച സ്ഥലം ചതുപ്പായതിനാൽ പഞ്ചായത്ത് അധികൃതർക്ക് പ്രദേശത്തേക്ക് പോകാൻ നിർവാഹമില്ലാത്ത സ്ഥിതിയാണ് ഉള്ളതെന്നും ബി.പി.സി.എൽ. മാലിന്യ നിർമ്മാർജന സംവിധാനം ഏർപ്പെടുത്താത്തതും തോട്ടിൽ ഒഴുക്കില്ലാത്തതും കാരണം തോട് മലിനമായ അവസ്ഥയിലാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

22. മാലിന്യ നിർമ്മാർജനത്തിന് നിലവിൽ എന്താണ് ചെയ്യുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആരാഞ്ഞതിന് രണ്ട് പഞ്ചായത്തുകളിൽ കൂടി ഒഴുകുന്ന വലിയ തോടായതിനാൽ ഭീമമായ തുക ചെലവഴിച്ച് ശാസ്ത്രീയമായ മാലിന്യ നിർമ്മാർജന സംവിധാനം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് മാത്രമായി കഴിയില്ലെന്നും തോടിന്റെ കുറച്ചുഭാഗം ബി.പി.സി.എൽ.-ന്റെ അധീനതയിലുള്ള വസ്തുവിലൂടെയും കുറച്ചുഭാഗം ഗതി മാറി ചിത്രപ്പുഴയിലേക്ക് ഒഴുകുന്ന നിലയിലുമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

23. ബി.പി.സി.എൽ. അധികൃതരുമായി സംസാരിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ലേയെന്ന് സമിതി ആരാഞ്ഞതിന് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ പ്രശ്നം പരിഹരിക്കുന്നതിന് കത്ത് മുഖേനയും ഫോൺ മുഖേനയും ബി.പി.സി.എൽ. അധികൃതരോട് ആവശ്യപ്പെട്ടെങ്കിലും അനുകൂലമായ യാതൊരു നടപടിയും ഇതുവരെയുണ്ടായിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

24. തോട്ടിലേക്ക് മലിനജനം ഒഴുക്കിവിടുന്ന കമ്പനികൾക്കെതിരെ പഞ്ചായത്തിന് നിയമ നടപടികൾ സ്വീകരിക്കാൻ കഴിയില്ലേയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് പഞ്ചായത്ത്‌രാജ് ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഫീസർ മറുപടി നൽകി. മലിനജലം തോട്ടിൽ ഒഴുക്കിവിടുന്ന കമ്പനിക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് അധികൃതർക്ക് കഴിയുമെന്നും അക്കാര്യം പ്രായോഗികമല്ലാത്തതിനാൽ കമ്പനി അധികൃതരുമായി സംസാരിച്ച് പ്രശ്നം രമ്യമായി പരിഹരിക്കാൻ ശ്രമിക്കണമെന്നും സമിതി നിർദേശിച്ചു

25. ഫാക്ടറിയിൽ നിന്നും മലിനജലം തോട്ടിലേക്ക് തുറന്നുവിടുന്ന വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ കത്ത് നൽകുകയും നേരിൽ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടും ബി.പി.സി.എൽ. അധികൃതരുടെ ഭാഗത്തുനിന്ന് യാതൊരു നടപടിയുമുണ്ടാകാത്തതിനാൽ വിഷയം രേഖാമൂലം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പഞ്ചായത്തിനെക്കൊണ്ട് കഴിയുന്ന രീതിയിൽ സഹകരിക്കാൻ തയ്യാറായിട്ടും കമ്പനി അധികൃതരുടെ ഭാഗത്തുനിന്നും അനുകൂലമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും തദവസരത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

26. പഞ്ചായത്ത് മാത്രം വിചാരിച്ചാൽ വിഷയത്തിന് പരിഹാരം കാണാൻ കഴിയില്ലെന്നും ഉന്നതതല ഇടപെടലുണ്ടായാൽ മാത്രമേ പ്രശ്ന പരിഹാരം സാധ്യമാകുകയുള്ളൂവെന്നും മലിനജലം തോട്ടിലേക്ക് ഒഴുക്കിവിട്ട് ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും പ്രശ്ന പരിഹാരത്തിന് മാലിന്യ നിർമ്മാർജന സംവിധാനം ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്ന കമ്പനിയുടെ നടപടി ന്യായീകരിക്കാനാകില്ലെന്നും വിഷയം ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ തുടർനപടി സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടാകുമെന്നും അഭിപ്രായപ്പെട്ട സമിതി വിഷയം വകുപ്പുകളുടെ ഉന്നതതല യോഗം ചേർന്ന് തീരുമാനമെടുത്ത് തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

27. ബി.പി.സി.എൽ. ഏറ്റെടുത്ത സ്ഥലത്ത് കെട്ടിടങ്ങൾ നിർമ്മിച്ച് പ്ലാന്റുകൾ സ്ഥാപിച്ചിട്ടും അനധികൃത നിർമ്മാണത്തിനെതിരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കാത്തതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്കരിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് ബി.പി.സി.എൽ-ന് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചില്ലെന്നും 01.04.2023 മുതൽ പരിഷ്കരിച്ച വസ്തുനികുതിയുടെ ഭാഗമായി കെട്ടിടങ്ങളുടെ ഏരിയ ഡ്രോൺ സർവെ നടത്തി തിട്ടപ്പെടുത്തുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പഞ്ചായത്തിന്റെ മറ്റ് പ്രദേശങ്ങളിൽ സർവെ നടത്തിയെങ്കിലും സുരക്ഷാകാരണങ്ങളാൽ പരാമർശിത പ്രദേശത്ത് അനുമതി നിഷേധിച്ചതിനാൽ പ്രസ്തുത മേഖലയിൽ സർവെ നടത്തുന്നതിന് അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ബി.പി.സി.എൽ. ജനറൽ മാനേജർക്ക് മൂന്ന് തവണ കത്ത് നൽകിയെങ്കിലും അനുകൂല മറുപടി ലഭിക്കാത്തതിനാൽ വിഷയം ജില്ലാ കളക്ടറുടെയും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് കൂട്ടിച്ചേർത്തു. സെക്രട്ടറി പ്രദേശത്ത് സുരക്ഷാകാരണങ്ങളാൽ നേരിട്ട് പരിശോധന നടത്തുന്നതിന് അനുമതി നൽകാൻ കഴിയാത്തപക്ഷം ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ പ്ലാനും ഉടമസ്ഥാവകാശ രേഖകളും പഞ്ചായത്തിന് നൽകണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും അതിനും മറുപടി നൽകിയില്ലെന്നും സെക്രട്ടറി വ്യക്തമാക്കി. വകുപ്പിന്റെ അവലോകന യോഗത്തിനുശേഷം വീണ്ടും ബി.പി.സി.എൽ.ന് അയച്ച കത്തിന്മേൽ 13.12.2024-ന് ലഭ്യമാക്കിയ മറുപടിയിൽ തിരുവാണിയൂർ പഞ്ചായത്തിലുൾപ്പെടേണ്ട ബി.പി.സി.എൽ.ന്റെ 7 കെട്ടിടങ്ങൾ പുത്തൻകുരിശ് പഞ്ചായത്തിലാണുള്ളതെന്നും കെട്ടിടങ്ങൾ അവിടെനിന്ന് കുറവ് ചെയ്ത് തിരുവാണിയൂർ പഞ്ചായത്തിലേക്ക് ചേർക്കണമെന്നുള്ള ആവശ്യമാണ് ഉന്നയിച്ചിരുന്നതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണ വർഷം ഉൾപ്പെടെ മറ്റ്

കാര്യങ്ങളൊന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ബി.പി.സി.എൽ. പ്രദേശത്ത് സർവെ നടത്താൻ പഞ്ചായത്തിന് അനുമതി നൽകുന്നില്ലെന്ന് ചൂണ്ടിക്കാണിച്ച് ജില്ലാ കളക്ടർക്ക് കത്ത് നൽകിയെങ്കിലും ജോയിന്റ് ഡയറക്ടറാണ് ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തേണ്ടതെന്ന മറുപടിയാണ് കളക്ടറിൽ നിന്ന് ലഭിച്ചതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

28. പുത്തൻകുരിശ് പഞ്ചായത്തിലുള്ള ബി.പി.സി.എൽ-ന്റെ ഏഴ് കെട്ടിടങ്ങൾ തിരുവാണിയൂർ പഞ്ചായത്തിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് ബി.പി.സി.എൽ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് സമിതി ആരാഞ്ഞു. 13.12.2024-നാണ് കത്ത് ലഭിച്ചതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം അസിസ്റ്റന്റ് ഡയറക്ടർ ബോധിപ്പിച്ചു. വിഷയത്തിൽ ജോയിന്റ് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന മറുപടിയാണോ ജില്ലാകളക്ടർ നൽകിയതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആരാഞ്ഞതിന് സർവെ നടത്തുന്നതിന് അനുമതി നിഷേധിച്ച ബി.പി.സി.എൽ-ന് എതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയപ്പോൾ ജോയിന്റ് ഡയറക്ടറുമായി ആലോചിച്ച് നടപടി സ്വീകരിക്കണമെന്ന മറുപടിയാണ് ലഭിച്ചതെന്ന് തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

29. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാതെ വിഷയത്തിൽ നിന്നും ഒഴിഞ്ഞുമാറിയ ജില്ലാകളക്ടറുടെ നടപടി ശരിയല്ലായെന്ന് സമിതി വിലയിരുത്തി. സമിതി യോഗത്തിൽ ബി.പി.സി.എൽ. അധികൃതരോട് ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന് യോഗത്തിൽ ഹാജരാകണമെന്നാവശ്യപ്പെട്ട് വകുപ്പ് മുഖാന്തരം കത്ത് നൽകിയിരുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. ബി.പി.സി.എൽ.ൽ നിന്നും ലഭിച്ച കത്തിന്മേൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്ന്

നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആവശ്യപ്പെട്ടു. അക്കാര്യം പരിശോധിക്കാമെന്ന് തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

30. ബി.പി.സി.എൽ.-ന്റെ 7 കെട്ടിടങ്ങൾ സംബന്ധിച്ച് വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ രേഖകൾ പരിശോധിക്കണമെന്നും വിഷയത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് ബന്ധപ്പെട്ട സ്ഥാപന മേധാവികളെ വിളിച്ചുവരുത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമം നടത്തണമെന്നും ചർച്ച പരാജയപ്പെടുന്നപക്ഷം അതുസംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ച സമിതി സർക്കാരിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് സമിതി മുമ്പാകെ നേരിട്ട് ഹാജരാകുന്നതിനായി അറിയിപ്പ് നൽകാമെന്നും തീരുമാനിച്ചു. ബി.പി.സി.എൽ.മായി നടത്തുന്ന ചർച്ചയുടെ വിശദാംശമടങ്ങിയ റിപ്പോർട്ട് എന്ന് നൽകാൻ സാധിക്കുമെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന് ഒരു മാസത്തിനുള്ളിൽ നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

<u>നിഗമനങ്ങളും ശിപാർശകളും</u>

31. ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിയുടെ പുതിയ പ്ലാന്റ് നിർമ്മിക്കാൻ തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി കൈമാറ്റ നടപടികൾ സുതാര്യമല്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച വന്നതായി കാണുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. വസ്തു കൈമാറ്റ നടപടി അംഗീകരിച്ച് നൽകേണ്ടത് സർക്കാരാണെന്നും രണ്ട് തവണ പഞ്ചായത്ത് ഇക്കാര്യത്തിനായി സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടും സർക്കാരിന്റെ ഭാഗത്തു നിന്നും തുടർനടപടി ഉണ്ടായിട്ടില്ലെന്നും ഇത് സർക്കാർ തലത്തിൽ സംഭവിച്ച വീഴ്ചയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത വിഷയം സർക്കാർ തലത്തിൽ പരിശോധിച്ച് വ്യക്തത

വരുത്തി ആയതിന്മേലുള്ള റിപ്പോർട്ട് രണ്ട് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

32. അമ്പലമുകളിൽ സ്ഥിതി ചെയ്യുന്ന എച്ച്.ഒ.സി.എൽ., ബി.പി.സി.എൽ. എന്നീ കമ്പനികൾക്കെതിരെ മലിനജലം ഒഴുക്കിവിടുന്നതിന് നടപടികൾ നിയമപരമായി സ്വീകരിക്കാൻ പഞ്ചായത്ത്‌രാജ് ആക്ട് പ്രകാരം സാധിക്കുമെന്നും ഇക്കാര്യത്തിൽ കമ്പനി അധികൃതരുമായി സംസാരിച്ച് പ്രശ്നം രമ്യമായി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

33. മലിനജലം തോട്ടിലേക്ക് ഒഴുക്കിവിട്ട് ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും പ്രശ്ന പരിഹാരത്തിന് മാലിന്യ നിർമ്മാർജന സംവിധാനം ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്ന ബി.പി.സി.എൽ. കമ്പനിയുടെ നടപടി ന്യായീകരിക്കാനാകില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന് സമിതിക്ക് ബോധ്യമുണ്ട്. പഞ്ചായത്ത് മാത്രം വിചാരിച്ചാൽ വിഷയത്തിന് പരിഹാരം കാണാൻ കഴിയാത്തതിനാലും ഉന്നതതല ഇടപെടലുണ്ടായാൽ മാത്രമേ പ്രശ്ന പരിഹാരം കാണാൻ സാധ്യമാകുകയുള്ളൂവെന്നതിനാലും വിഷയത്തിന്മേൽ വകുപ്പുകളുടെ ഉന്നതതല യോഗം ചേർന്ന് തീരുമാനമെടുത്ത് തുടർനടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

34. നികുതി നിർണ്ണയം നടത്താതെ ബി.പി.സി.എൽ. കമ്പനി പ്രദേശത്ത് അനധികൃത കെട്ടിട നിർമ്മാണം നടത്തുകയും ആയത് പരിശോധിക്കുവാൻ പഞ്ചായത്തിന് സർവെ നടത്താൻ അനുമതി നൽകാത്ത ബി.പി.സി.എൽ. അധികൃതർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയപ്പോൾ തുടർ നടപടി സ്വീകരിക്കാതെ ജോയിന്റ് ഡയറക്ടറുമായി ആലോചിച്ച് നടപടി സ്വീകരിക്കണമെന്ന മറുപടി നൽകി പ്രസ്തുത വിഷയത്തിൽ

നിന്നും ഒഴിഞ്ഞുമാറിയ ജില്ലാ കളക്ടറുടെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

35. ബി.പി.സി.എൽ.-ന്റെ 7 കെട്ടിടങ്ങൾ സംബന്ധിച്ച് വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ രേഖകൾ പരിശോധിക്കണമെന്നും വിഷയത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് ബന്ധപ്പെട്ട സ്ഥാപന മേധാവികളെ വിളിച്ചുവരുത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമം നടത്തണമെന്നും അതുസംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

1.75 കോടിയോളം ചെലവഴിച്ചിട്ടും നഗരസഭാ മന്ദിരം ചോർന്നൊലിക്കുന്നു

(തൃക്കാക്കര മുനിസിപ്പാലിറ്റി, ഓ.റി. 2020-21 ഖ. 1-33)

പ്രവൃത്തി	നഗരസഭാ ഓഫീസ് നവീകരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ഫയൽ നം.	E1-4082/19
ചെലവ് വിവരം	1)3040000, 361311/18.04.20 2)3135000, 361701/27.08.20 3)4624157, 403031/04.02.21 4)4717412, 402916/21.12.20 5)1902738, 403030/04.02.21 1,74,19,307

നഗരസഭാ ഓഫീസ് കെട്ടിടം നവീകരിക്കുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രവൃത്തി. ആയതിനായി നഗരസഭാ കൗൺസിലിന്റെ 30.10.2019-ലെ 41-ാം നമ്പർ തീരുമാന പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയെ ഏൽപ്പിക്കുകയാണ് ചെയ്തത്. അതനുസരിച്ച് സിഡ്കോയുമായി നഗരസഭ 20.11.2019-ൽ കരാറുടമ്പടി

ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1) അക്രഡിറ്റഡ് ഏജൻസികളെ മരാമത്ത് പ്രവൃത്തി ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട ജി.ഒ.(പി)നം. 77/2019/ഫിൻ, തീയതി 04.07.2017-ലെ ഉത്തരവ് പ്രകാരം സിഡ്കോയെ ഇന്റീരിയർ പ്രവൃത്തി ചെയ്യുന്നതിനുള്ള ഏജൻസിയായിട്ടാണ് അംഗീകരിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സിഡ്കോയെ അംഗീകൃത ഏജൻസിയായി തെരഞ്ഞെടുത്തതിൽ അപാകതയുണ്ട്. സ്റ്റോർപർച്ചേസ് വകുപ്പിന്റെ ജി.ഒ.(ആർ.ടി.)നം.19/2019/എസ്.പി.ഡി., തീയതി 13.05.2019, ജി.ഒ.(ആർ.ടി.) നം.20/2019/എസ്.പി.ഡി., തീയതി 13.05.2019 ഉത്തരവുകൾ പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നും വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. റൂഫ് വർക്ക്, സീലിംഗ് വർക്ക്, ഇലക്ട്രിക്കൽ വർക്ക് എന്നീ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടില്ല.

2) തദ്ദേശഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം നിലവിലില്ലാതിരുന്ന കാലയളവിൽ നിർമ്മിതി കേന്ദ്രം, ഹാബിറ്റാറ്റ് മുതലായ മറ്റ് ഏജൻസികളെക്കൊണ്ട് പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യിച്ചിരുന്നു. നിലവിൽ എഞ്ചിനീയറിംഗ് വിഭാഗം നഗരസഭയിൽ പ്രവർത്തിക്കുന്നതിനാൽ ഓഫീസ് കെട്ടിടം നവീകരിക്കുന്നതിന് സിഡ്കോ പോലുള്ള ഏജൻസികളെ ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കൃത്യമായ എസ്റ്റിമേറ്റില്ലാതെ നടപ്പാക്കിയ ഈ പ്രവൃത്തി ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്.

നിർമ്മാണം പൂർത്തീകരിച്ച് സിഡ്കോയ്ക്ക് തുക കൈമാറിയെങ്കിലും 17.06.2021-ൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കടവന്ത്രയിലെ സിഡ്കോ മാനേജർക്ക് നൽകിയ ഇ 2-11223/21 നമ്പർ കത്തിൽ മേൽ പ്രവൃത്തി ചെയ്തതിൽ ധാരാളം അപാകതകൾ ഉള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. 23.07.2022-ന് ഓഡിറ്റ് ടീം നടത്തിയ പരിശോധനയിലും

ഈ അപാകതകൾ നിലനിൽക്കുന്നതായി ബോധ്യപ്പെടുകയുണ്ടായി. നവീകരിച്ച ഓഫീസ് കെട്ടിടം നിലവിൽ ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. മഴവെള്ളം നഗരസഭാ മന്ദിരത്തിന്റെ ഭിത്തികളിൽ പതിയ്ക്കുന്നത് കാരണം ഭിത്തികളിൽ വിള്ളൽ ഉണ്ട്. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് മറുപടി നൽകിയില്ല. ആയതിനാൽ 1,74,19,307/- രൂപയുടെ ചെലവ് ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2021-22-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

36. 04.07.2017-ലെ ജി.ഒ.(പി)നം. 77/2019/ഫിൻ പ്രകാരം സിഡ്കോയെ ഏൽപ്പിച്ച തൃക്കാക്കര നഗരസഭയിലെ ഓഫീസ് നവീകരണ പ്രവൃത്തിക്കായി 1,74,19,307/- രൂപയാണ് ചെലവായതെന്നും കെട്ടിടത്തിൽ ചോർച്ചയും മറ്റ് പോരായ്മകളും കണ്ടെത്തിയതിനെത്തുടർന്ന് നിർവഹണ ഏജൻസിയെ അറിയിക്കുകയും അവർ അത് പരിഹരിക്കുകയും ചെയ്തിട്ടുണ്ടെന്നും തൃക്കാക്കര മുനിസിപ്പാലിറ്റി സെക്രട്ടറി ബോധിപ്പിച്ചു. നിലവിൽ ചോർച്ച പരിഹരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, പരിഹരിച്ചിട്ടുണ്ടെന്ന് തൃക്കാക്കര മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. ജില്ലാ ഓഡിറ്റ് ഓഫീസിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിൽ കെട്ടിടത്തിന് ചോർച്ചയുണ്ടെന്നാണ് വ്യക്തമാക്കുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചപ്പോൾ ഓഡിറ്റിന്റെ പരിശോധനയ്ക്കുശേഷമാണ് സിഡ്കോയുമായി ബന്ധപ്പെട്ട് അവരുടെ ചെലവിൽ ചോർച്ച പരിഹരിച്ചിട്ടുള്ളതെന്നും ഇക്കാര്യം ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുള്ളതാണെന്നും തൃക്കാക്കര മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

37. പ്രസ്തുത വിഷയം ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ലായെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചപ്പോൾ വിഷയം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. അക്രെഡിറ്റഡ് ഏജൻസിക്ക്

പ്രവൃത്തി നൽകുന്നതിൽ അപാകതയുണ്ടെന്നും സിഡ്കോയ്ക്ക് മരാമത്ത് പ്രവൃത്തി ചെയ്യാനുള്ള വൈദഗ്ധ്യമോ സാങ്കേതികപരിജ്ഞാനമോ ഇല്ലാത്തതിനാൽ പ്രവൃത്തി ഏറ്റെടുത്തതിനുശേഷം സിഡ്കോ ഉപകരാർ കൊടുത്താണ് പ്രവൃത്തി ചെയ്യുന്നതെന്നും സമിതി നിരീക്ഷിച്ചു.

38. പ്രസ്തുത പ്രവൃത്തി നഗരസഭ നേരിട്ട് സിഡ്കോയെ ഏൽപ്പിക്കുകയാണോ ചെയ്തതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന് കരാർ സിഡ്കോയ്ക്ക് നേരിട്ടാണ് നൽകിയതെന്നും അവർ തന്നെയാണ് നിർമ്മാണ പ്രവൃത്തികൾ ചെയ്തതെന്നും തൃക്കാക്കര മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. സിഡ്കോയ്ക്ക് നിർമ്മാണ പ്രവർത്തനം നടത്തുന്നതിനുള്ള സംവിധാനമില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി മറ്റ് കരാറുകാരെ ഏൽപ്പിക്കുകയാണ് ചെയ്യുന്നതെന്നും ചില ജില്ലകളിൽ ഏറ്റെടുക്കുന്ന പ്രവൃത്തി സിഡ്കോ നല്ല രീതിയിൽ ചെയ്യുന്നുണ്ടെന്നും ഉപകരാർ ഏറ്റെടുക്കുന്നയാൾ കാര്യക്ഷമമായി പ്രവൃത്തി ചെയ്യാതെ വരുമ്പോഴാണ് പിഴവ് സംഭവിക്കുന്നതെന്നും നഗരസഭാ കൗൺസിൽ തീരുമാനപ്രകാരമാണ് പ്രവൃത്തി സിഡ്കോയെ ഏൽപ്പിച്ചതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി. നഗരസഭയ്ക്ക് എഞ്ചിനീയറിങ് വിഭാഗം ഉണ്ടായിട്ടും സിഡ്കോയെ ചുമതലപ്പെടുത്തിയെന്നാണ് മറ്റൊരു ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത പ്രവൃത്തി നഗരസഭ സിഡ്കോയെ ഏൽപ്പിച്ചതിൽ തെറ്റൊന്നുമില്ലെന്നും ഇത്തരം ബൃഹത് പദ്ധതികൾ ചെയ്യാനാണ് ഇതുപോലുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതെന്നും അഡീഷണൽ ഡയറക്ടർ ബോധിപ്പിച്ചു പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം കെട്ടിടം ചോർന്നൊലിക്കുന്ന സ്ഥിതിയാണുണ്ടായതെന്നും ഓഡിറ്റ് പരിശോധനയിലും കെട്ടിടം ചോർന്നൊലിക്കുന്ന അവസ്ഥയിലായിരുന്നുവെന്നും അതിനുശേഷം സിഡ്കോയെക്കൊണ്ട് ചോർച്ച പരിഹരിച്ചുവെന്ന് അറിയിച്ച് പഞ്ചായത്ത് നൽകിയ മറുപടി ഓഡിറ്റ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ലെന്നും അഡീഷണൽ ഡയറക്ടർ കൂട്ടിച്ചേർത്തു.

39. ഇന്റീരിയൽ പ്രവൃത്തി ചെയ്യുന്ന ഏജൻസിയായിട്ടാണ് സിഡ്കോയെ അംഗീകരിച്ചിട്ടുള്ളതെന്നാണ് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിലുള്ളതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടപ്പോൾ 2019-ലെ ജി.ഒ. പ്രകാരം സിഡ്കോ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് പ്രാപ്തിയുള്ളവരാണെന്നും ലിമിറ്റഡ് ടെൻഡറില്ലാതെ സിഡ്കോയെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചു എന്നുള്ളതാണ് ഓഡിറ്റിന്റെ പരാമർശമെന്നും സിഡ്കോ അംഗീകൃത ഏജൻസിയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ ബോധിപ്പിച്ചു

40. അക്രെഡിറ്റഡ് ഏജൻസികളെക്കുറിച്ച് ഉൾപ്പെടുത്തി ടെൻഡർ നടപടി സ്വീകരിച്ചുകൂടെയെന്ന് സമിതി ആരാഞ്ഞതിന് ലിമിറ്റഡ് ടെൻഡറിലൂടെയാണ് ഇത്തരം പ്രവൃത്തി ചെയ്യേണ്ടിയിരുന്നതെന്നും ലിമിറ്റഡ് ടെൻഡർ വിളിക്കുമ്പോൾ അക്രെഡിറ്റഡ് ഏജൻസികൾക്ക് മത്സരാധിഷ്ഠിത ടെൻഡറിൽ പങ്കെടുക്കാൻ സാധിക്കുമെന്നും പ്രസ്തുത നടപടിക്രമം പാലിച്ചില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

41. അക്രെഡിറ്റഡ് ഏജൻസികളെക്കുറിച്ച് വ്യാപക പരാതി സംസ്ഥാനത്തുടനീളം നിലനിൽക്കുന്നതിനാൽ ഇവരുടെ പെർഫോമൻസ് സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ പരിശോധന നടത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ നിരന്തരമായി ഗുണനിലവാരം നഷ്ടപ്പെടുത്തുന്ന ഏജൻസികളെ ഒഴിവാക്കുന്നവിധം അക്രഡിറ്റേഷൻ ലിസ്റ്റിൽ നിയന്ത്രണം കൊണ്ടുവരണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു

നിഗമനങ്ങളും ശിപാർശകളും

42. തൃക്കാക്കര നഗരസഭയിലെ നവീകരിച്ച ഓഫീസ് കെട്ടിടത്തിലെ ചോർച്ചയും മറ്റ് പോരായ്മകളും നിർവഹണ ഏജൻസിയായ സിഡ്കോ അവരുടെ ചെലവിൽ പരിഹരിച്ചിട്ടുണ്ടെന്ന് തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറി സമിതി

മുമ്പാകെ ബോധിപ്പിച്ച അവസരത്തിൽ ഇക്കാര്യം ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

43. 1.75 കോടിയോളം ചെലവഴിച്ചിട്ടും നഗരസഭാ മന്ദിരം ചോർന്നൊലിക്കുന്നുവെന്ന തൃക്കാക്കര മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി സിഡ്കോയ്ക്ക് മരാമത്ത് പ്രവൃത്തി ചെയ്യാനുള്ള വൈദഗ്ധ്യമോ സാങ്കേതികപരിജ്ഞാനമോ ഇല്ലാത്തതിനാൽ പ്രവൃത്തി ഏറ്റെടുത്തതിനുശേഷം സിഡ്കോ ഉപകരാർ കൊടുത്താണ് പ്രവൃത്തി ചെയ്യുന്നതെന്ന് നിരീക്ഷിക്കുന്നു.

44. അക്രെഡിറ്റഡ് ഏജൻസികളെക്കുറിച്ച് വ്യാപക പരാതി സംസ്ഥാനത്തുടനീളം നിലനിൽക്കുന്നതിനാൽ പ്രസ്തുത ഏജൻസികളുടെ പെർഫോമൻസ് സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ പരിശോധന നടത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. നിരന്തരമായി ഗുണനിലവാരം നഷ്ടപ്പെടുത്തുന്ന ഏജൻസികളെ ഒഴിവാക്കുന്നവിധം അക്രഡിറ്റേഷൻ ലിസ്റ്റിൽ നിയന്ത്രണം കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കലും കെട്ടിട നിർമ്മാണവും - അപാകതകൾ

(മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്ത്, ഓ.റി. 2020-21 ഖ. 1-28)

1)

പ്രോജക്ട്	സി.എച്ച്.സി.യിൽ മാമോഗ്രാം യൂണിറ്റ് കെട്ടിട നിർമ്മാണം
പ്രോജക്ട് നം.	69/2020-21

നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ	30,00,001/-
ചെലവ്	13,79,415/-

2)

പ്രോജക്ട്	മുളന്തുരുത്തി സി.എച്ച്.സി.യിൽ മാമോഗ്രാം യൂണിറ്റ് കെട്ടിട നിർമ്മാണം
പ്രോജക്ട് നം.	154/2020-21
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ	3,00,000/-
ചെലവ്	2,99,166/-

3)

പ്രോജക്ട്	മുളന്തുരുത്തി സി.എച്ച്.സി.യിൽ മാമോഗ്രാം യൂണിറ്റ്, 22/21
നിർവ്വഹണം	മെഡിക്കൽ ഓഫീസർ, മുളന്തുരുത്തി സി.എച്ച്.സി.
അടങ്കൽ	3500000/- വികസന ഫണ്ട് -7192/- തനത് ഫണ്ട്- 19,92,808/- ജില്ലാ പഞ്ചായത്ത് വിഹിതം - 15,00,000/-
പർച്ചേയ്സ് ഓർഡർ നമ്പർ	53/2020, തീയതി 15.02.2021

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടക സ്ഥാപനമായ സി.എച്ച്.സി. മുളന്തുരുത്തിയ്ക്കായി മാമോഗ്രാം യൂണിറ്റ് കെട്ടിടം സ്ഥാപിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതാണ്. പ്രവൃത്തി പൂർത്തീകരിച്ച സാക്ഷ്യപത്രം ഫയലിൽ ഇല്ല. പൂർത്തീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്.

ടി കെട്ടിടത്തിൽ മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിനായും പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആകെ 35,00,000/- രൂപ അടങ്കൽ വരുന്ന ഈ പ്രവൃത്തി 2020-21 സാമ്പത്തിക വർഷം നടപ്പാക്കാനാണ് ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിച്ചിരുന്നത്. തൻവർഷം തുക ചെലവഴിച്ചതിന്റെ വിശദാംശം ഹാജരാക്കിയ ഫയലിൽ ഇല്ല എന്നാൽ മെഡിക്കൽ ഓഫീസറുടെ 15.02.2021 തീയതിയിലെ 53/2020 കത്ത് പ്രകാരം അലൻജേർസ് മെഡിക്കൽ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ചണ്ഡീഗഡ് എന്ന സ്ഥാപനത്തിൽ നിന്നും കമ്മിറ്റി തീരുമാനം ഇല്ലാതെ മാമോഗ്രാം യൂണിറ്റ് 23.03.2021-ന് സി.എച്ച്.സി. മുളന്തുരുത്തിയിൽ എത്തിച്ചതായി ഫയലിൽ രേഖകൾ ഉണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതിയോ, അംഗീകാരമോ കൂടാതെയാണ് ഈ യൂണിറ്റ് ഇവിടെ എത്തിച്ചിരിക്കുന്നത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിനായി മുളന്തുരുത്തി സി.എച്ച്.സി.യിൽ കെട്ടിട നിർമ്മാണം 2022 മാർച്ചിൽ പോലും പൂർത്തീകരിക്കാത്ത സ്ഥിതിയ്ക്ക് മാമോഗ്രാം യൂണിറ്റ് തിരക്കിട്ട്, സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി, ഏത് ഫണ്ട് ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കാതെ (തുക ചെലവഴിച്ചതിന്റെ രേഖകൾ ഇല്ലാതെ) എത്തിച്ചത് എങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഈ യൂണിറ്റിന്റെ വാറന്റി കാലാവധിയായി അലൻജേർസ് മെഡിക്കൽ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം രേഖപ്പെടുത്തിയിരിക്കുന്നത് 3 വർഷക്കാലമാണ്. ഒരു വർഷത്തോളം ഈ മെഷീൻ ഉപയോഗിക്കാതിരുന്നത് കാരണം നിലവിൽ ഈ യൂണിറ്റ് പ്രവർത്തിക്കുമോയെന്ന കാര്യം വ്യക്തമല്ല. കൂടാതെ മെഡിക്കൽ മേഖലയായതിനാൽ ഒരു വർഷം മുൻപ് ഉപയോഗിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ, കാലഹരണപ്പെട്ട അവസ്ഥയിലെങ്കിൽ, കെട്ടിടം പണി പൂർത്തികരിച്ച് ഈ യൂണിറ്റ് സ്ഥാപിക്കപ്പെടുമ്പോൾ എത്രത്തോളം ഉപയോഗക്ഷമമാകും എന്നും വിശദീകരിക്കപ്പെടേണ്ടതാണ്.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമായ മറുപടി കൂടി പരിഗണിച്ചാണ് ഖണ്ഡിക

തയ്യാറാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ വാങ്ങുന്നത് സ്റ്റോർ പർച്ചേസ് മാനുവൽ ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ ഇത്തരം നടപടികൾ അംഗീകരിക്കുവാൻ കഴിയില്ല. പൊതു പണമുപയോഗിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റ് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2021-22-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.5.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. ബ്ലോക്ക് പഞ്ചായത്തിന്റെ അംഗീകാരമില്ലാതെയും സ്റ്റോർ പർചേസ് മാനുവൽ പാലിക്കാതെയും മുളന്തുരുത്തി സി.എച്ച്.സി.-യിൽ മാമോഗ്രാം യൂണിറ്റ് വാങ്ങിയെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും 2021 മാർച്ച് മാസത്തിൽ വാങ്ങിയിട്ടുള്ള ഉപകരണത്തിന്റെ വില നാളിതുവരെ കമ്പനിക്ക് നൽകിയിട്ടില്ലെന്നും മാമോഗ്രാം യൂണിറ്റ് രോഗികളെ കിടത്തി ചികിത്സിക്കുന്ന വാർഡിൽ സൂക്ഷിച്ചിരിക്കുകയാണെന്നും മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

46. മാമോഗ്രാം യൂണിറ്റ് പ്രവർത്തിപ്പിക്കാത്തതിന് കാരണമെന്താണെന്ന് സമിതി അംഗം ആരാഞ്ഞതിന് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടനിർമ്മാണം പൂർത്തിയാകാതെയും കമ്മിറ്റിയുടെ അംഗീകാരമില്ലാതെയും നിർവഹണ ഉദ്യോഗസ്ഥനായിരുന്ന അന്നത്തെ മെഡിക്കൽ ഓഫീസർ മാമോഗ്രാം യൂണിറ്റ് പർചേസ് ചെയ്തു എന്നതാണ് പരാതിയെന്നും അതിനായി ഫണ്ട് ഒന്നും ചെലവഴിച്ചിട്ടില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

47. മാമോഗ്രാം യൂണിറ്റിന്റെ വില കമ്പനി ആവശ്യപ്പെട്ടിരുന്നില്ലേ എന്ന് സമിതി ആരാഞ്ഞതിന് ആവശ്യപ്പെട്ടിരുന്നുവെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. കെട്ടിടനിർമ്മാണംപോലും പൂർത്തിയാകുന്നതിന് മുമ്പ് നിർവഹണ

ഉദ്യോഗസ്ഥൻ മാമോഗ്രാം യൂണിറ്റ് പർച്ചേസ് ചെയ്യതിന്റെ കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് മുൻവർഷമാണ് മുളന്തുരുത്തി സി.എച്ച്.സി.യിൽ സേവനമാരംഭിച്ചതെന്നും 2021-ൽ മുളന്തുരുത്തി സി.എച്ച്.സി.യിൽ മെഡിക്കൽ ഓഫീസറായിരുന്ന ഡോ. ഷാജിയാണ് പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനെന്നും മുളന്തുരുത്തി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അസിസ്റ്റന്റ് സർജൻ ബോധിപ്പിച്ചു

48. ഫണ്ട് ലഭ്യമാകുന്നതിന് മുമ്പാണ് അദ്ദേഹം മാമോഗ്രാം യൂണിറ്റ് പർച്ചേസ് ചെയ്യതെന്നും അടങ്കൽ തുക 35 ലക്ഷമായി നിശ്ചയിച്ചിട്ടും 37,15,00/- രൂപയ്ക്കാണ് മെഡിക്കൽ ഓഫീസർ ഉപകരണം വാങ്ങിയതെന്നും വാറണ്ടി കാലയളവായ മൂന്ന് വർഷം അവസാനിച്ചിരിക്കുകയാണെന്നും നിർമ്മാണ കമ്പനിയായ അലൻജേർസ് മെഡിക്കൽ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ചണ്ഡീഗഡ് യൂണിറ്റിന്റെ വില ആവശ്യപ്പെട്ടുകൊണ്ട് കത്ത് ലഭ്യമാക്കിയിട്ടുണ്ടെന്നും മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തദവസരത്തിൽ വ്യക്തമാക്കി. നിർവഹണ ഉദ്യോഗസ്ഥൻ യൂണിറ്റ് കമ്പനിക്കുതന്നെ തിരികെ നൽകാമെന്ന് ഉറപ്പുനൽകിയിരുന്നെങ്കിലും തിരികെ കൊണ്ടുപോയിട്ടില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. മാമോഗ്രാം യൂണിറ്റ് നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് സമിതി ആരാഞ്ഞതിന് യൂണിറ്റ് ഇതുവരെ പ്രവർത്തിപ്പിച്ചിട്ടില്ലെന്നും അതിലുപയോഗിക്കുന്ന സോഫ്റ്റ്‌വെയർ കാലഹരണപ്പെട്ടിട്ടുണ്ടോയെന്ന് സംശയമുണ്ടെന്നും മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

49. യൂണിറ്റ്, പർച്ചേസ് ചെയ്യപ്പോൾ കൊണ്ടുവന്നതുപോലെ പാക്ക് ചെയ്യ അവസ്ഥയിൽ ഐ.പി. വാർഡിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും യൂണിറ്റിന്റെ തുക കൈമാറാത്തതിനാൽ സർക്കാരിന് ഇക്കാര്യത്തിൽ ധനനഷ്ടമുണ്ടായിട്ടില്ലെന്നും മുളന്തുരുത്തി കമ്യൂണിറ്റി ഹെൽത്ത് സെന്റർ അസിസ്റ്റന്റ് സർജൻ അറിയിച്ചു സ്റ്റോർ പർചേസ് മാന്വൽ സൂക്ഷിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടൊന്നും

ഇതിനുവേണ്ടി ചെലവഴിച്ചിട്ടില്ലെന്ന് മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ബോധിപ്പിച്ചു.

50. യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് സമിതി ആരാഞ്ഞു. കെട്ടിട നിർമാണം പൂർത്തിയായിട്ടുണ്ടെന്നും നിലവിലുള്ള മാമ്മോഗ്രാം യൂണിറ്റ് പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിച്ച് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മുളന്തുരുത്തി സി.എച്ച്.സി.-യിൽ മാമോഗ്രാം യൂണിറ്റ് വാങ്ങിയതിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടൊന്നും ചെലവഴിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

നിഗമനങ്ങളും ശിപാർശകളും

51. മുളന്തുരുത്തി സി.എച്ച്.സി.-യിൽ മാമോഗ്രാം യൂണിറ്റ് വാങ്ങിയതിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടൊന്നും ചെലവഴിച്ചിട്ടില്ലായെന്ന മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്വകാര്യ മാർക്കറ്റ് കെട്ടിടം - നിർമ്മാണാനുമതി - അപാകതകൾ

(പൂതാടി ഗ്രാമപഞ്ചായത്ത്, ഓ.റി. 2020-21 ഖ. 1-13)

പൂതാടി ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ ശ്രീ. സാബു ജോർജ്ജ്, ശ്രീമതി സ്മിത വർഗ്ഗീസ് എന്നിവരുടെ പേരിലുള്ള 0.0829 ഹെക്ടർ സ്ഥലത്ത് കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി (പെർമ്മിറ്റ് നം.SC-3-BA(206346)2019/01.07.19) നൽകിയിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരം 383.217 ച.മീ വിസ്തീർണ്ണം ഉണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

നില	പ്ലിന്ത് വിസ്തീർണ്ണം	കാർപ്പറ്റ് വിസ്തീർണ്ണം
കെട്ടിടം 01	98.685 ച.മീ.	78.948 ച.മീ.
കെട്ടിടം 02	68.172 ച.മീ.	54.537 ച.മീ.
കെട്ടിടം 03	216.36 ച.മീ.	173.08 ച.മീ.
ആകെ	383.217 ച.മീ.	306.56 ച.മീ.

ഫോം 6 പ്രകാരം 16/465 M മുതൽ 16/465 Z9 വരെയുള്ള (383.55 ച.മീ) നമ്പർ നൽകിയിട്ടുണ്ട്.

12.01.2021-ലെ ഭരണ സമിതി തീരുമാന പ്രകാരം (നം.7/1) മേൽ കെട്ടിടത്തിൽ സ്വകാര്യ മത്സ്യ-മാംസ മാർക്കറ്റിന് അനുമതി നൽകിയിട്ടുണ്ട്. 29.10.2022-ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത കെട്ടിടം മത്സ്യ-മാംസ മാർക്കറ്റായി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു. വാണിജ്യ ഗണത്തിൽ (എഫ് കാറ്റഗറി) പെടുത്തിയാണ് നമ്പർ നൽകിയിരിക്കുന്നത്. നിലവിൽ പബ്ലിക് മാർക്കറ്റായി ഉപയോഗിക്കുന്നതിനാൽ ഉപയോഗ ഗണം കാറ്റഗറി ഡി (സമ്മേളന സ്ഥലം) ആയി കണക്കാക്കേണ്ടതായിരുന്നു. പൂതാടി ഗ്രാമപഞ്ചായത്ത് മത്സ്യ-മാംസ മാർക്കറ്റ് എന്ന പേരിൽ പ്രവർത്തിക്കുന്ന ഈ മാർക്കറ്റ് നിർമ്മിക്കുന്നതിന് അനുമതി നൽകിയതിലും കെട്ടിടനമ്പർ നൽകിയതിലും അപാകതകൾ വന്നിട്ടുണ്ട്.

1. പൂതാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.06.2019-ലെ 35/19 നമ്പർ തീരുമാനപ്രകാരം ശ്രീ. സാബുജോർജ്ജ് എന്നയാളുടെ ഉടമസ്ഥതയിലുള്ള 56/13 റീസർവെ നമ്പറിൽപ്പെട്ട, കേണിച്ചിറ ടൗണിലുള്ള സ്ഥലം, മത്സ്യ-മാംസ മാർക്കറ്റിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി പഞ്ചായത്തിന് വിട്ടുതരുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ടുള്ള കത്ത് സമർപ്പിച്ചത് വായിച്ച് ചർച്ച ചെയ്യുകയും ടിയാന് ആയതിനുള്ള അനുമതി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് ഈ

തീരുമാനം പരിഗണിക്കാതെ ഈ സ്ഥലത്ത് വാണിജ്യകെട്ടിടം പണിയാൻ അനുമതി നൽകുകയാണുണ്ടായത്.

2. കെട്ടിടനിർമ്മാണത്തിനുള്ള അനുമതിയിൽ (ബിൽഡിംഗ് പെർമിറ്റ് നമ്പർ SC-3-BA(206346)2019/01.07.2019)വാർഡ് 12-ൽ 56/30, 56/29 എന്നീ റീസർവെ നമ്പറുകൾ ഉള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുവാദം നൽകിയിരിക്കുന്നത്.

3. കെട്ടിടം നിർമ്മിച്ചിരിക്കുന്നത് വാർഡ് 16-ൽ ആണ്. എന്നാൽ സ്വകാര്യ മത്സ്യ-മാംസ മാർക്കറ്റ് നടത്തുന്നതിന് ശ്രീ. സാബുജോർജ്ജ്, ശ്രീമതി സ്മിത എം. വർഗ്ഗീസ് എന്നിവർക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നത് വാർഡ് 18-ൽ ആണ്. നിലവിൽ മത്സ്യ-മാംസ മാർക്കറ്റ് പ്രവർത്തിക്കുന്നത് വാർഡ് 16-ൽ ആണ്. വാർഡ് 12-ൽ നിർമ്മാണാനുമതി ലഭിച്ച കെട്ടിടം വാർഡ് 16-ൽ പണിതതും വാർഡ് 18-ൽ ലൈസൻസ് ലഭിച്ച മത്സ്യ-മാംസ മാർക്കറ്റ് ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ഗുരുതരമായ ക്രമക്കേടാണ്. ഈ വിഷയത്തിൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു

4. ഡി-കാറ്റഗറിക്ക്, കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 29 പ്രകാരം 22.5 ച.മീ. സ്ഥലത്തിന് ഒരു പാർക്കിംഗ് നൽകേണ്ടതാണ്. അതായത്, 2.7 m x 5.5 m വിസ്തീർണ്ണം ഉള്ള 14 കാർ പാർക്കിംഗ് നൽകേണ്ടതാണ് (306.56/22.5=14). കൂടാതെ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 107 പ്രകാരം ശാരീരിക അവശതകൾ ഉള്ളവർക്ക് വേണ്ടി ആകെ പാർക്കിംഗിന്റെ 2% നൽകേണ്ടതാണ്. അതായത്, 3.6 m x 5.5 m വിസ്തീർണ്ണം ഉള്ള ഒരു പാർക്കിംഗ്. അങ്ങിനെ ആകെ 15 കാർ പാർക്കിംഗ് നൽകേണ്ടതാണ്. മൊത്തം കാർ പാർക്കിംഗിന്റെ 25% ഇരു ചക്ര വാഹന പാർക്കിംഗും നൽകേണ്ടതാണ്. ഒരു പാർക്കിംഗ് നൽകാനുള്ള സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്. പൂർത്തീകരണ പ്ലാൻ പ്രകാരം കാണിച്ചിരിക്കുന്ന മറ്റ് പാർക്കിംഗ് സ്ഥലം പാർക്കിംഗിനു അനുയോജ്യമല്ല എന്ന് 29.10.2022-ന് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു.

5. പൂർത്തിയായ കെട്ടിടത്തിന്റെ ഡി-കാറ്റഗറി ഒക്യുപ്പൻസിക്ക്, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 57 പ്രകാരം ആവശ്യമുള്ള തുറസ്സായ സ്ഥലവും പൂർത്തീകരണ പ്ലാൻ പ്രകാരം നൽകിയിട്ടുള്ള തുറസ്സായ സ്ഥലവും താഴെ പറയുന്നു.

ഇനം	**പൂർത്തീകരണ പ്ലാൻ പ്രകാരം നൽകിയിരിക്കുന്നത് (മീറ്റർ)**	**ചട്ട പ്രകാരം നൽകേണ്ടത് (മീറ്റർ)**	**തുറസ്സായ സ്ഥലം നൽകിയതിൽ വന്ന കുറവ് (മീറ്റർ)**
ഉമ്മറം	3	6	3
ബാക്ക് യാർഡ്	1.5	2	0.5
പടിഞ്ഞാറ് വശം	1	2	1
കിഴക്ക് വശം	1.2	2	0.8

6. 9.10.2022-ന് നടത്തിയ സ്ഥല പരിശോധനയിൽ മാർക്കറ്റ് കെട്ടിടം പൊതു വഴിയിൽ നിന്നും 45 ഡിഗ്രിയിൽ കൂടുതൽ ചരിഞ്ഞ് കിടക്കുന്നത് എന്ന് ബോധ്യപ്പെട്ടു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 26(3) പ്രകാരം 45 ഡിഗ്രിയിൽ കൂടുതൽ ചരിഞ്ഞ് കിടക്കുന്ന സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുൻപ് മഴവെള്ളം ഒഴുകി പോകുന്നതിനുള്ള സൗകര്യം ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അത് ചെയ്യാതെയാണ് പെർമിറ്റ് നൽകിയിരിക്കുന്നത്.

7. സ്ഥല പരിശോധനയിൽ മഴവെള്ള സംഭരണി നൽകിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

8. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 107 പ്രകാരം നൽകേണ്ട ശാരീരിക അവശതകൾ ഉള്ളവർക്കുള്ള ടോയിലറ്റ്, റാമ്പ് എന്നിവ നൽകിയിട്ടില്ല.

ഈ വിഷയത്തിൽ സമഗ്ര അന്വേഷണം ശുപാർശ ചെയ്യുന്നു. അനധികൃതമായി പെർമിറ്റ് നൽകിയ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി നൽകിയത്-മൂല്യനിർണ്ണയത്തെക്കാൾ അധികം തുക നൽകി.

(പൂതാടി ഗ്രാമപഞ്ചായത്ത്, ഓ.റി. 2020-2021 ഖ. 1-34)

2020-21 വർഷത്തിൽ പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി നൽകുന്ന പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ വന്നിട്ടുണ്ട്.

പ്രോജക്ട് നം.	269/21
പ്രോജക്ടിന്റെ പേര്	പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി
അടങ്കൽ	വികസന ഫണ്ട് - ടി.എസ്.പി.
ചെലവ്	**₹6,53,112/-**

ഓരോ ഗുണഭോക്താവിന്റെയും അപേക്ഷ മുതൽ മൂല്യനിർണ്ണയം വരെയുള്ള രേഖകൾ ഒരു ഫയലായി സൂക്ഷിച്ചിട്ടില്ല. പഠനമുറിക്ക് ഓരോ ഗഡുക്കൾ നൽകുമ്പോഴും ഓരോ ഗഡുക്കൾക്കും വേണ്ടിയുള്ള മൂല്യനിർണ്ണയമാണ് നടത്തിയിരിക്കുന്നത്. ഒരു പഠനമുറിയുടെ അന്തിമ മൂല്യനിർണ്ണയം നടത്തിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

പഠനമുറിക്ക് വേണ്ടി വിവിധഘട്ടങ്ങളിൽ അനുവദിക്കുന്ന തുകകൾ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. ഈ ഗുണഭോക്താക്കൾ ഇതിനുമുൻപ് ഇതേ ആനുകൂല്യം മറ്റ് സ്ഥാപനങ്ങളിൽ നിന്നോ, പഞ്ചായത്തിൽ നിന്ന് തന്നെയും കൈപ്പറ്റിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല

കൂടാതെ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് തുക നൽകിയതിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	നൽകിയ തുക/തീയതി	മൂല്യനിർണ്ണയ പ്രകാരമുള്ള തുക	അധികം നൽകിയ തുക
1	ലക്ഷ്മിപ്രിയ	50000/23.09.20 40000/25.01.21 ആകെ-90000	55,081.92	34,918
2	നീനമോൾ	50000/17.04.20 38000/07.07.20 34472/31.03.21 ആകെ-122472	1,22,472	0
3	അബിൻ. ടി.സതീശൻ	50000/17.04.20 50000/25.08.20 94650/15.01.21 ആകെ-194650	1,12,528	82,122
4	ദേവദർശ്	50000/17.04.20 52000/07.07.20 43990/25.08.20 ആകെ - 145990	1,44,071	1,919
5	രാജേഷ്	50000/17.04.20 50000/25.08.20 ആകെ-100000	52,729.92	47,270
	ആകെ	**6,53,112/-**		**1,66,229/-**

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി മറുപടിയിൽ മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ ലഭിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും ഓരോ ഗുണഭോക്താക്കളുടെയും പഠനമുറികളുടെ ആകെ മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പഠനമുറികൾ നിർമ്മാണം പൂർത്തീകരിച്ചുവെന്ന മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഫയലിൽ ഇല്ല.

മൂല്യനിർണ്ണയത്തെക്കാൾ അധികം നൽകിയ 1,66,229/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 6,53,112/- രൂപയിൽ നിരാകരിച്ച തുക കഴിച്ച് 4,86,883/- രൂപ തടസ്സപ്പെടുത്തുന്നു. ഓരോ

ഗുണഭോക്താക്കളുടെയും അപേക്ഷ മുതൽ പൂർത്തീകരണ/മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ വരെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അധികം നൽകിയ 1,66,229/- രൂപ ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

പട്ടികവർഗ വിദ്യാർഥികൾക്ക് പഠനമുറി നൽകൽ - അധികം നൽകിയ തുക നിരാകരിക്കുന്നു.
(പൂതാടി ഗ്രാമപഞ്ചായത്ത്, ഓ.റി. 2020-2021 ഖ. 1-35)

നിർമ്മിച്ചതിന് മൂല്യനിർണ്ണയത്തെക്കാൾ അധികം തുക നൽകി.

പ്രോജക്ട് നം.	277/21
പ്രോജക്ടിന്റെ പേര്	എസ്.ടി. വിദ്യാർഥികൾക്ക് പഠനമുറി
നിർവഹണം	അസി.സെക്രട്ടറി.
ഫണ്ട്	വികസനഫണ്ട് (ടി.എസ്.പി.)

മേൽ പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താവായ അജേഷ് കെ.ആർ., കൊല്ലിക്കൽ കോളനി എന്നയാൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 1,00,000/- രൂപ അനുവദിച്ചു. ട്രഷറി ബിൽ നമ്പർ 8/17.04.21-3,50,000/-, ട്രഷറി ബിൽ നമ്പർ 26/23.09.20-1,00,000/- എന്നിവ പ്രകാരം മാറിയതിൽ 50,000/- രൂപ വീതം നൽകുകയാണുണ്ടായത്. മേൽ ഗുണഭോക്താവിന് 2021-22 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ട് നം.179/22 മുഖേന 73,553/- രൂപയും നൽകിയതായി ടി.ആർ.59 ഇ തയ്യാറാക്കി അക്കൗണ്ട് നം. 40121100311030 കേരള ഗ്രാമീൺ ബാങ്ക് - നൽകിയതിന്റെ രേഖ ഫയലിൽ രേഖപ്പെടുത്തി. ആയതിന്റെ യു.ടി.ആർ. സ്റ്റേറ്റ് ഹാജരാക്കി. ഫയലിൽ 89,981/- രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തതായി കാണുന്നു. എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയറുടെ 19.05.2021 തീയതിയിലെ എഇ/പിഡിവെ/വാല്യു/297/2021 നമ്പർ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത സാക്ഷ്യപത്രം പ്രകാരം ശ്രീ.അജേഷ് കെ.ആർ., കൊല്ലിക്കൽ കോളനി, പൂതാടി എന്നയാളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് ആയതിന്

89,981/- രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകി. 2021-22 വർഷത്തിൽ തുക നൽകിയതിന്റെ ബിൽ ട്രഷറിയിൽ സമർപ്പിച്ചതിന്റെ രേഖകളോ ട്രഷറി ബിൽ ബുക്ക് അല്ലെങ്കിൽ ട്രഷറി ഇ-ബിൽ ബുക്ക് തുടങ്ങിയ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. കൂടാതെ തുക നൽകിയത് ക്യാഷ് ബുക്ക് തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ല. 2021-22 സാമ്പത്തിക വർഷം പൂതാടി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന് ട്രഷറി ബിൽ ബുക്ക് അനുവദിച്ചു. ബിൽ ബുക്ക് അനുവദിച്ചതിന് ശേഷം ബിൽ ബുക്ക് മുഖേനയല്ലാതെ തുക മാറിയതിന്റെ കാരണം വ്യക്തമാക്കണം. 89,981/- രൂപ മാത്രം മൂല്യ നിർണ്ണയം നടത്തിയ പഠനമുറിക്ക് 1,73,553/- രൂപ അനുവദിച്ചത് തെറ്റായ നടപടിയാണ്. ഓഡിറ്റ് എൻക്വയറി പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. മൂല്യനിർണ്ണയത്തെക്കാൾ അധികം നൽകിയ 83,572/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

അങ്കണവാടി പോഷകാഹാരം - ആവശ്യമായ രേഖകളും അനുമതിയുമില്ലാതെ തന്നെ മുൻവർഷത്തെ തുക പ്രോജക്ടിൽ ഉൾപ്പെടുത്താതെ നൽകി - 26,86,554/- രൂപയുടെ നഷ്ടം
(പൂതാടി ഗ്രാമപഞ്ചായത്ത്, ഓ.റി. 2020-2021 ഖ. 1-62)

പൂതാടി ഗ്രാമപഞ്ചായത്തിലെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ, 3 വയസ്സ് മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, പോഷകാഹാരക്കുറവ് മൂലം ബുദ്ധിമുട്ടുന്ന കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് അനുപൂരക പോഷകാഹാരം ലഭ്യമാക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന പദ്ധതി നടപ്പാക്കി.

പ്രോജക്ട് നം.	**9 /21**
പ്രോജക്ടിന്റെ പേര്	അങ്കണവാടി പോഷകാഹാരം - സംയുക്തം
അടങ്കൽ വികസന ഫണ്ട്	35,10,000
കേന്ദ്രാവിഷ്കൃത ഫണ്ട്	25,00,000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	10,00,000

ജില്ലാ പഞ്ചായത്ത് വിഹിതം	20,00,000
ആകെ	90,10,000
പദ്ധതി ചെലവ് പത്രിക പ്രകാരം ആകെ ചെലവ്	64,28,918

മേൽ പ്രോജക്ടിനായി ബിൽ നം.1/2020-21 തീ.28.04.2020 പ്രകാരം 20,80,166/-രൂപ ചെലവഴിച്ച

(പ്ലാൻ ഫണ്ട് ജനറൽ)മേൽ ബില്ല് ഉപയോഗിച്ച് താഴെപ്പറയുന്ന പ്രകാരം തുക നൽകി.

ക്രമ നം.	തുക ലഭിച്ച സ്ഥാപനം	നൽകിയ തുക	ഇൻവോയിസ് നം./തീയതി	ഇൻവോയിസ് തുക	അധികം നൽകിയത്	കുറവ് നൽകിയത്
1	വയനാട് ജില്ലാ മൊത്ത വ്യാപാരം സഹകരണ കൺസ്യൂമർ സ്റ്റോർ, കൽപ്പറ്റ	1300426	16/21.12.2019	4,30,956		6573
2	വയനാട് ജില്ലാ മൊത്ത വ്യാപാരം സഹകരണ കൺസ്യൂമർ സ്റ്റോർ, കൽപ്പറ്റ		20/31.01.2020	8,76,043		
3	ഐശ്വര്യ ന്യൂട്രമിക്സ്	642096	16/02.12.2019	2,09,034		
4	ഐശ്വര്യ ന്യൂട്രമിക്സ്		18/01.01.2020	2,24,910		
5	ഐശ്വര്യ ന്യൂട്രമിക്സ്		23/03.02.2020	2,14,767		
6	റിജിൽ ടി. പി.	55378	വാഹന വാടക			
7	സിജേഷ് ഇ. ജി.	82266	വാഹന വാടക			
	ആകെ	**20,80,166/-**				

മേൽ ഇൻവോയ്സുകൾ എല്ലാം തന്നെ 2019-20 സാമ്പത്തിക വർഷത്തിലെ ചെലവുകളുടേതാണ്. കൂടാതെ കേന്ദ്ര വിഹിതത്തിൽ നിന്നും താഴെപ്പറയുന്ന ഇൻവോയ്സുകളുടെ തുക കൂടി നൽകി.

ക്യാഷ് ബുക്ക് പേജ് നം.32-ൽ തീയതി 11.11.2020 4,00,000/- രൂപ താഴെപ്പറയും പ്രകാരം നൽകി.

ക്രമ നം	തുക ലഭിച്ച സ്ഥാപനം	നൽകിയ തുക	ഇൻവോയിസ് നം./തീയതി	ഇൻവോയിസ് തുക	കുറവ് നൽകിയത്
1	വയനാട് ജില്ലാ മൊത്ത വ്യാപാരം സഹകരണ കൺസ്യൂമർ സ്റ്റോർ, കൽപ്പറ്റ	4,00,000	32/23.03.2020	8,07,385	407385 ആകെ ഇൻവോയ്സ് തുക 807385 രൂപയാണെങ്കിലും ഭാഗികമായി മാത്രമാണ് നൽകിയതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്യാഷ് ബുക്ക് പേജ് നം.27-ൽ തീയതി 25.06.2020 അനുസരിച്ച് കേന്ദ്രവിഹിതം 7,50,979/- രൂപ (സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പേരിൽ നൽകിയ ചെക്ക് നം.012086 തീയതി 25.05.2020) ഗുണഭോക്താക്കൾക്ക് അക്കൗണ്ട് മുഖേനയാണോ നൽകിയത് എന്ന് വ്യക്തമല്ല.

മേൽ തുകയിൽ നിന്നും താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയതായി കാണുന്നു.

ക്രമ നം.	തുക ലഭിച്ച സ്ഥാപനം	നൽകിയ തുക	ഇൻവോയ്സ് നം./തീയതി	ഇൻവോയ്സ് തുക
1	ഐശ്വര്യ ന്യൂട്രമിക്സ്	2,06,388	26/06.03.2020	2,06,388

2020-21 സാമ്പത്തിക വർഷത്തിൽ 2019-20 വർഷത്തെ ഇൻവോയ്സുകൾ പ്രകാരം ആകെ നൽകിയ തുക 26,86,554/- രൂപയാണെന്ന് (2080166+400000+206388) കാണുന്നു. ഇത്തരത്തിൽ തുക നൽകാനുള്ള സാഹചര്യം

വിശദീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കഴിഞ്ഞിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. പ്രസ്തുത വർഷത്തെ ട്രഷറി ബിൽ ബുക്ക് പരിശോധിച്ചതിൽ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ പൂർണ്ണമായും പണമായി മാറിയിട്ടുണ്ട്. ബില്ലുകൾ ഒന്നും തന്നെ ക്യൂ ബില്ലിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ തന്നെ മുൻ വർഷത്തെ എല്ലാ ബാധ്യതകളും പൂർണ്ണമായും കൊടുത്തു തീർത്തു എന്ന നിഗമനത്തിലെത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവ് പത്രിക പ്രകാരമുള്ള 2015-16 മുതൽ 2020-21 കാലയളവ് വരെ അനുപൂരക പോഷകാഹാര പദ്ധതിക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
2015-16	4316343	3990619
2016-17	5600000	4131928
2017-18	6600000	4488181
2018-19	6000000	5749806
2019-20	5500000	4262107
2020-21	9010000	6428919

മേൽ പട്ടിക പരിശോധിച്ചാൽ 6 വർഷങ്ങളിലും വകയിരുത്തിയതിനേക്കാൾ വളരെ കുറവ് തുക മാത്രമാണ് ചെലവഴിച്ചത് എന്ന് വ്യക്തമാകുന്നു. കൂടാതെ വകയിരുത്തിയ തുകയിൽ കൂടുതൽ തുക ചെലവഴിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് അധികാരമില്ലാത്തതാണ്. ഏതെങ്കിലും തുക നൽകാൻ ബാക്കിയുണ്ടെങ്കിൽ ആയതിനായി ചെലവഴിക്കാൻ ബാക്കിയുള്ള തുകയ്ക്ക് സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കി പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

പദ്ധതി തയ്യാറാക്കുമ്പോൾ, അനുപൂരക പോഷകാഹാര പദ്ധതിക്ക് നിർബന്ധ വകയിരുത്തൽ ആവശ്യമാണെന്നതിനാൽ വർക്കിംഗ് ഗ്രൂപ്പുകളിൽ ആവശ്യമായ തുക

സംബന്ധിച്ച് വിശദമായ ചർച്ച നടത്തേണ്ടതും ഗുണഭോക്താക്കളുടെ മുൻവർഷത്തിലെ എണ്ണം കണക്കാക്കി ആവശ്യമായ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കേണ്ടതുമാണ്. പുതാടി ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളിൽ ഇത് സംബന്ധിച്ച ചർച്ച നടത്തിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. തുക വകയിരുത്താനാവശ്യമായ ഡാറ്റ തയ്യാറാക്കി കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് നിർവ്വഹണ ഉദ്യോഗസ്ഥ വർക്കിംഗ് ഗ്രൂപ്പ് ഭരണ സമിതി എന്നിവ മുമ്പാകെ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച് 12.10.2021-ന് പൂതാടി ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	വർഷം	അനുവദിച്ച തുക	ചിലവായ തുക	ഗുണഭോക്താക്കൾ 6 മാസം-3 വയസ്സ്	3 വയസ്സ് വരെ	ഗർഭിണികൾ	പാലൂട്ടുന്ന അമ്മമാർ	കൗമാര കുട്ടികൾ	തൂക്കക്കുറവുള്ളവർ
1	2016-17	5600000	4131928	1025	670	306	250	484	49
2	2017-18	6600000	4488181	946	593	315	245	438	46
3	2018-19	6000000	5749806	1035	680	382	241	465	41
4	2019-20	5750194	4511918	1020	678	318	258	480	39
5	2020-21	9010000	6428918	1285	683	323	263	495	36

മേൽ പ്രകാരമുള്ള ഗുണഭോക്താക്കൾ തൻവർഷം ആകെയുള്ള ഗുണഭോക്താക്കളുടെ എണ്ണമാണ്. പ്രതിമാസ കണക്കിൽ ഭക്ഷ്യ സാധനങ്ങളുടെ ആവശ്യകത വ്യത്യസ്തമായിരിക്കും. മേൽ പട്ടിക പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 2017-18, 2018-19 എന്നീ വർഷങ്ങളിലെ ഗുണഭോക്താക്കളുടെ എണ്ണത്തേക്കാൾ കുറവാണ് എന്ന് കാണാവുന്നതാണ്.

2015-16 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള പദ്ധതി ചെലവ് പത്രിക പരിശോധിച്ചാൽ വകയിരുത്തിയ തുകകളൊന്നും തന്നെ

ചെലവഴിച്ചിട്ടില്ല. ഇത് വകയിരുത്തുന്ന തുക ആവശ്യത്തിൽ കൂടുതലാണെന്ന് വ്യക്തമാകുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ ആകെ വകയിരുത്തിയതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച് (ഹാജരാക്കിയ രേഖകൾ പ്രകാരം ഉള്ളവ) താഴെ ചേർക്കുന്നു.

- പദ്ധതി ചെലവ് പത്രിക പ്രകാരം വകയിരുത്തിയ തുക - 5500000
- പദ്ധതി ചെലവ് പത്രിക പ്രകാരം ചെലവഴിച്ച തുക - 4262107
- 2020-21-ൽ മുൻവർഷത്തെ ചെലവായി നൽകിയ തുക - 2686554
- ഇങ്ങനെ കണക്കാക്കിയാൽ ആകെ ചെലവ് - 6948661
- വകയിരുത്തിയതിനേക്കാൾ അധികം ചെലവ് - 1448661 രൂപ

2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ട്രഷറിയിൽ ബില്ലുകൾ അധികമായി സമർപ്പിക്കുകയോ ക്യൂ ബില്ലിൽ ഉൾപ്പെടുകയോ ചെയ്ത ബില്ലുകൾ ഇല്ല. ആയതിനാൽ തന്നെ 2686554/- രൂപയും നിർവ്വഹണ ഉദ്യോഗസ്ഥ അധികമായി ചെലവഴിച്ചതായി കാണുന്നു. മാത്രമല്ല പദ്ധതി തയ്യാറാക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ കൂടിയായ നിർവ്വഹണ ഉദ്യോഗസ്ഥ അധിക തുക ആവശ്യമായത് വ്യക്തമാക്കുന്ന കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ ആയത് വർക്കിംഗ് ഗ്രൂപ്പിൽ അവതരിപ്പിച്ച് പദ്ധതി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ തന്നെ വകയിരുത്തിയ തുക ആവശ്യത്തിലധികമാണെന്ന നിഗമനത്തിലെത്തുന്നു.

ഓരോ മാസത്തേയും ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കേണ്ടതും പ്രസ്തുത ഗുണഭോക്താക്കൾക്ക് നിശ്ചിത കലോറി മൂല്യം ലഭിക്കേണ്ടതിനാവശ്യമായ അനുപൂരക പോഷകാഹാരത്തിന്റെ അളവ് (വിവിധ ഇനത്തിൽ പെട്ട ഭക്ഷ്യ സാധനങ്ങളുടെ അളവ്) കണക്കാക്കി ആകെ എണ്ണം ഗുണഭോക്താക്കളുടെ എണ്ണം ഗുണിച്ചാൽ ആവശ്യമായ

പ്രതിമാസ ഭക്ഷ്യ സാധനങ്ങളുടെ അളവ് ലഭിക്കുന്നതാണ്. ഇത്തരത്തിൽ ഓരോ മാസത്തേയും ഭക്ഷ്യ സാധനങ്ങളുടെ അളവ് പ്രകാരം ആവശ്യമായ അളവ് ഭക്ഷ്യ സാധനങ്ങൾക്ക് സപ്ലൈ ഓർഡർ നൽകി ഭക്ഷ്യ സാധനങ്ങൾ വാങ്ങി വിതരണം നടത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

ആവശ്യകത തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും തയ്യാറാക്കാതെയും ഭരണസമിതിയുടെ അനുമതി വാങ്ങാതെയും നിർവ്വഹണ ഉദ്യോഗസ്ഥ സ്വന്തം നിലയിൽ ഭക്ഷ്യ സാധനങ്ങൾ വാങ്ങി എന്ന് രേഖപ്പെടുത്തിയ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചത് നിയമവിരുദ്ധമാണ്. 2019-20 വർഷം വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ വില നൽകാനാവശ്യമായ തുക പ്രസ്തുത വർഷം തന്നെ വകയിരുത്തിയിരുന്നു. എന്നാൽ ആയത് പ്രസ്തുത വർഷം ചെലവഴിക്കപ്പെടേണ്ട സാഹചര്യമുണ്ടായിരുന്നില്ല. കൂടാതെ ഇത്തരത്തിൽ വാങ്ങിയതായി അവകാശപ്പെടുന്ന ഭക്ഷ്യ സാധനങ്ങൾ വിവിധ അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളിൽ ചേർത്ത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത രേഖകളും ഗുണഭോക്താക്കളുടെ പൂർണ്ണമായ വിവരങ്ങളും ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 42 തീയതി 03.02.2022 മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ആയത് ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ മുൻവർഷത്തെ ചെലവ് എന്ന നിലയിൽ നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവഴിച്ച 2686554/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥ നടപ്പാക്കിയ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ പദ്ധതികളുടെ ചെലവുകൾ സംബന്ധിച്ച് തുടരന്വേഷണം ആവശ്യമായതിനാൽ വിശദമായ അന്വേഷണത്തിന് ഓഡിറ്റ് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2021-22-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.6.1 മുതൽ 2.6.4 വരെ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

53. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18

അനുബന്ധം – I

പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നം.	ഖണ്ഡിക നം.	ബന്ധപ്പെട്ട വകുപ്പ്	നിഗമനങ്ങൾ/ശിപാർശകൾ
1	3	കൃഷി വകുപ്പ്	ഓടക്കാലി സുഗന്ധദ്രവ്യ ഗവേഷണ കേന്ദ്രത്തിലെ ഭൂമി സർവകലാശാലയുടെ കൈവശമാണെങ്കിലും റീസർവെ റിക്കോർഡിൽ പുറമ്പോക്കെന്നും റിമാർക്സ് കോളത്തിൽ ഇഞ്ചിപ്പുൽ ഗവേഷണകേന്ദ്രം എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പ്രസ്തുത ഭൂമി സർവകലാശാലയുടെ ഉടമസ്ഥതയിലാണെന്ന് രേഖപ്പെടുത്താത്തതിനാൽ സർവകലാശാലയ്ക്ക് നികുതി അടയ്ക്കാൻ കഴിയുന്നില്ലെന്നും പ്രസ്തുത ഭൂമി സർവകലാശാലയുടെ പേരിൽ പോക്കുവരവ് ചെയ്യുന്നതിന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും സർവകലാശാല കംപ്ട്രോളർ മറുപടി നൽകിയ സാഹചര്യത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
2	4	കൃഷി വകുപ്പ്	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
3	11	തദ്ദേശ സ്വയംഭരണ വകുപ്പ്	കട്ടപ്പന നഗരസഭാ പരിസരത്ത് സ്വന്തമായി രണ്ട് ഏക്കർ സ്ഥലമുള്ളപ്പോൾ നഗരപരിധിയിൽ നിന്നും ഏഴ് കിലോമീറ്റർ അകലെയുള്ള പുളിയൻമലയിൽ പ്ലാന്റ് സ്ഥാപിച്ചാൽ വേസ്റ്റ് അവിടേയ്ക്ക് എത്തിക്കുക പ്രായോഗികമല്ലെന്ന് വിലയിരുത്തിയ സമിതി നഗരസഭാ പരിസരത്ത് സ്ഥാപിച്ച യന്ത്രം പുളിയൻമലയിലേക്ക് മാറ്റിയതാണ് ജൈവവള സംസ്കരണ പ്ലാന്റിന്റെ നിലവിലെ അവസ്ഥയ്ക്ക് കാരണമെന്ന് നിരീക്ഷിക്കുന്നു.
4	12	തദ്ദേശ സ്വയംഭരണ വകുപ്പ്	എന്ത് കാരണം കൊണ്ടാണെങ്കിലും യന്ത്രം മാറ്റിവയ്ക്കുന്ന സ്ഥലം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം നഗരസഭയ്ക്കാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ജൈവവള സംസ്കരണ പ്ലാന്റിനായി വാങ്ങിയ യന്ത്രം സുരക്ഷിതമായി വയ്ക്കുന്നതിനുപകരം

-61-2

			സ്ക്രാപ് പോലെ കണക്കാക്കി വേസ്റ്റ് ഡമ്പിംഗ് യാർഡിൽ സൂക്ഷിച്ച മുനിസിപ്പാലിറ്റിയുടെ പ്രവൃത്തിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.
5	13	തദ്ദേശ സ്വയംഭരണ വകുപ്പ്	കമ്പനി സ്ഥാപിച്ച സ്ഥലത്തുനിന്നും അവരുടെ അനുമതി കൂടാതെ യന്ത്രം മാറ്റിസ്ഥാപിച്ചതുമൂലം സംഭവിച്ച അറ്റകുറ്റപ്പണികൾ കമ്പനിയുടെ ചെലവിൽ നടത്തുവാൻ കഴിയില്ലെന്ന് സമിതി വിലയിരുത്തുന്നതോടൊപ്പം ജൈവ മാലിന്യം ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് സുരക്ഷിതമായി എത്തിക്കാൻ ഒരുപാട് സംവിധാനങ്ങളുള്ള ഇക്കാലത്ത് പുളിയൻമലയിൽതന്നെ യന്ത്രം സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്യുന്നു.
6	14	തദ്ദേശ സ്വയംഭരണ വകുപ്പ്	പുളിയൻമലയിലുള്ള വേസ്റ്റ് ഡമ്പിംഗ് യാർഡിൽ സൂക്ഷിച്ചിരിക്കുന്ന യന്ത്രത്തിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയശേഷം പ്രസ്തുത യന്ത്രം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി ആയതിന്മേലുള്ള റിപ്പോർട്ട് നാല് മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
7	18	തദ്ദേശ സ്വയംഭരണ വകുപ്പ്	ലൈഫ് ഭവന പദ്ധതി നടത്തിപ്പിലുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഉടുമ്പൻചോല ഗ്രാമ പഞ്ചായത്തിൽ നിന്നും മൂന്ന് തവണ കത്ത് നൽകിയിട്ടും മറുപടി ലഭ്യമാക്കാത്ത നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ. റ്റി. എസ്. സന്ദീപിന്റെ സമീപനം ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലായെന്ന് സമിതി അഭിപ്രായപ്പെടുന്നു. നിർവഹണ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
8	31	തദ്ദേശ സ്വയംഭരണ വകുപ്പ്	ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിയുടെ പുതിയ പ്ലാന്റ് നിർമ്മിക്കാൻ തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി കൈമാറ്റ നടപടികൾ സുതാര്യമല്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച വന്നതായി കാണുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. വസ്തു കൈമാറ്റ നടപടി അംഗീകരിച്ച് നൽകേണ്ടത് സർക്കാരാണെന്നും രണ്ട് തവണ പഞ്ചായത്ത് ഇക്കാര്യത്തിനായി സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടും

			സർക്കാരിന്റെ ഭാഗത്തു നിന്നും തുടർനടപടി ഉണ്ടായിട്ടില്ലെന്നും ഇത് സർക്കാർ തലത്തിൽ സംഭവിച്ച വീഴ്ചയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത വിഷയം സർക്കാർ തലത്തിൽ പരിശോധിച്ച് വ്യക്തത വരുത്തി ആയതിന്മേലുള്ള റിപ്പോർട്ട് രണ്ട് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
9	32	തദ്ദേശ സ്വയംഭരണ വകുപ്പ്	അമ്പലമുകളിൽ സ്ഥിതി ചെയ്യുന്ന എച്ച്.ഒ.സി.എൽ., ബി.പി.സി.എൽ. എന്നീ കമ്പനികൾക്കെതിരെ മലിനജലം ഒഴുക്കിവിടുന്നതിന് നടപടികൾ നിയമപരമായി സ്വീകരിക്കാൻ പഞ്ചായത്ത്‌രാജ് ആക്ട് പ്രകാരം സാധിക്കുമെന്നും ഇക്കാര്യത്തിൽ കമ്പനി അധികൃതരുമായി സംസാരിച്ച് പ്രശ്നം രമ്യമായി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.
10	33	തദ്ദേശ സ്വയംഭരണ വകുപ്പ്	മലിനജലം തോട്ടിലേക്ക് ഒഴുക്കിവിട്ട് ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും പ്രശ്ന പരിഹാരത്തിന് മാലിന്യ നിർമ്മാർജന സംവിധാനം ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്ന ബി.പി.സി.എൽ. കമ്പനിയുടെ നടപടി ന്യായീകരിക്കാനാകില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന് സമിതിക്ക് ബോധ്യമുണ്ട്. പഞ്ചായത്ത് മാത്രം വിചാരിച്ചാൽ വിഷയത്തിന് പരിഹാരം കാണാൻ കഴിയാത്തതിനാലും ഉന്നതതല ഇടപെടലുണ്ടായാൽ മാത്രമേ പ്രശ്ന പരിഹാരം കാണാൻ സാധ്യമാകുകയുള്ളൂവെന്നതിനാലും വിഷയത്തിന്മേൽ വകുപ്പുകളുടെ ഉന്നതതല യോഗം ചേർന്ന് തീരുമാനമെടുത്ത് തുടർനടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
11	34	തദ്ദേശ സ്വയംഭരണ വകുപ്പ്	നികുതി നിർണ്ണയം നടത്താതെ ബി.പി.സി.എൽ. കമ്പനി പ്രദേശത്ത് അനധികൃത കെട്ടിട നിർമ്മാണം നടത്തുകയും ആയത് പരിശോധിക്കുവാൻ പഞ്ചായത്തിന് സർവെ നടത്താൻ അനുമതി നൽകാത്ത ബി.പി.സി.എൽ. അധികൃതർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയപ്പോൾ തുടർ നടപടി സ്വീകരിക്കാതെ ജോയിന്റ് ഡയറക്ടറുമായി ആലോചിച്ച് നടപടി സ്വീകരിക്കണമെന്ന മറുപടി നൽകി

			പ്രസ്തുത വിഷയത്തിൽ നിന്നും ഒഴിഞ്ഞുമാറിയ ജില്ലാ കളക്ടറുടെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.
12	35	തദ്ദേശ സ്വയംഭരണ വകുപ്പ്	ബി.പി.സി.എൽ.-ന്റെ 7 കെട്ടിടങ്ങൾ സംബന്ധിച്ച് വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ രേഖകൾ പരിശോധിക്കണമെന്നും വിഷയത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് ബന്ധപ്പെട്ട സ്ഥാപന മേധാവികളെ വിളിച്ചുവരുത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമം നടത്തണമെന്നും അതുസംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
13	42	തദ്ദേശ സ്വയംഭരണ വകുപ്പ്	തൃക്കാക്കര നഗരസഭയിലെ നവീകരിച്ച ഓഫീസ് കെട്ടിടത്തിലെ ചോർച്ചയും മറ്റ് പോരായ്മകളും നിർവഹണ ഏജൻസിയായ സിഡ്കോ അവരുടെ ചെലവിൽ പരിഹരിച്ചിട്ടുണ്ടെന്ന് തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ച അവസരത്തിൽ ഇക്കാര്യം ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
14	43	തദ്ദേശ സ്വയംഭരണ വകുപ്പ്	1.75 കോടിയോളം ചെലവഴിച്ചിട്ടും നഗരസഭാ മന്ദിരം ചോർന്നൊലിക്കുന്നുവെന്ന തൃക്കാക്കര മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി സിഡ്കോയ്ക്ക് മരാമത്ത് പ്രവൃത്തി ചെയ്യാനുള്ള വൈദഗ്ദ്ധ്യമോ സാങ്കേതികപരിജ്ഞാനമോ ഇല്ലാത്തതിനാൽ പ്രവൃത്തി ഏറ്റെടുത്തതിനുശേഷം സിഡ്കോ ഉപകരാർ കൊടുത്താണ് പ്രവൃത്തി ചെയ്യുന്നതെന്ന് നിരീക്ഷിക്കുന്നു.
15	44	തദ്ദേശ സ്വയംഭരണ വകുപ്പ്	അക്രെഡിറ്റഡ് ഏജൻസികളെക്കുറിച്ച് വ്യാപക പരാതി സംസ്ഥാനത്തുടനീളം നിലനിൽക്കുന്നതിനാൽ പ്രസ്തുത ഏജൻസികളുടെ പെർഫോമൻസ് സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ പരിശോധന നടത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. നിരന്തരമായി ഗുണനിലവാരം നഷ്ടപ്പെടുത്തുന്ന ഏജൻസികളെ ഒഴിവാക്കുന്നവിധം അക്രഡിറ്റേഷൻ ലിസ്റ്റിൽ നിയന്ത്രണം കൊണ്ടുവരണമെന്ന്

			സമിതി ശിപാർശ ചെയ്യുന്നു.
16	51	തദ്ദേശ സ്വയംഭരണ വകുപ്പ്	മുളന്തുരുത്തി സി.എച്ച്.സി.-യിൽ മാമോഗ്രാം യൂണിറ്റ് വാങ്ങിയതിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടൊന്നും ചെലവഴിച്ചിട്ടില്ലായെന്ന മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
17	53	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

65-

<u>ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ ഡയറക്ടറുടെ 2012-13 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകളിലെ ഓഡിറ്റ് പരാമർശങ്ങളിൽ കേരള കാർഷിക സർവ്വകലാശാല സ്വീകരിച്ച ന്യൂനതാ പരിഹാര നടപടി പത്രിക</u>

ഖണ്ഡിക	ഓഡിറ്റ് ഖണ്ഡിക/ശുപാർശ	സ്വീകരിച്ച നടപടി
	<u>ആസ്തി രേഖകളുടെ സൂക്ഷിപ്പിൽ വീഴ്ച</u> കാർഷിക കോളേജ് വെള്ളായണി, വെറ്റിനറി കോളേജ് മണ്ണുത്തി എന്നിവയും, കൃഷി, മൃഗസംരക്ഷണ വകുപ്പുകളുടെ 21 ഗവേഷണ കേന്ദ്രങ്ങളും കേരള കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുള്ളത് 31.01.1972 ലെ എസ്.ആർ.ഒ 52/72, 53/72 എന്നീ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമാണ്. എന്നാൽ മേൽ സ്ഥാപനങ്ങൾക്ക് സർക്കാർ ഭൂമി അനുവദിച്ചതിന്റെപട്ടയം / ഉത്തരവുകൾ എന്നിവ അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. സർവ്വകലാശാലയുടെ ഭൂമി കരം ഒടുക്കാതെ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ കഴിയാത്തവിധം റവന്യൂ രേഖകളിൽ സർക്കാർ, പുറംപോക്കായും രേഖപ്പെടുത്തി കാണുന്നു.	കാർഷിക സർവ്വകലാശാല സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനാവശ്യമായ വിലയേറിയ റവന്യൂ രേഖകൾ ശേഖരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ നടപടികൾ മുഖേന ഏറ്റെടുത്ത് സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടതും സർക്കാർ പുറമ്പോക്ക് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുക്കളിലെ ഇനം മാറ്റം നടത്തി തണ്ടപ്പേർ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

SHAJAN A
Joint Secretary
PEN: 101215
Agriculture Department
Govt. Secretariat, Thiruvananthapuram

	1.വെള്ളാനിക്കര മെയിൻ ക്യാമ്പസ് 1961 ലെ ലാന്റ് അക്വിസിഷൻ ആക്റ്റ് പ്രകാരം 391.4395 ഹെക്ടർ ഭൂമി ജില്ലാ കളക്ടർ അക്വയർ ചെയ്ത് വിവിധ അവാർഡുകൾ മുഖേന കാർഷിക സർവ്വകലാശാലയുടെ പ്രധാന ക്യാമ്പസിനായി നൽകിയിട്ടുണ്ട്. എന്നാൽ 372.8662 ഹെക്ടർ ഭൂമിയുടെ കരം വില്ലേജ് ഓഫീസിൽ അടവാക്കുന്നതിന്റെ രസീതുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കി യിട്ടുള്ളത്. 18.5733 ഹെക്ടർ (45.859 എക്കർ) ഭൂമിയുടെ കരം ഒടുക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ മേൽ ഭൂമി സർവ്വകലാശാലയ്ക്ക് അന്യാധീനപ്പെട്ട പോയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.	**വെള്ളാനിക്കര മെയിൻ കാമ്പസ്സ്** Land Acquisition Act പ്രകാരം ജില്ലാ കളക്ടർ കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പ്രധാന കാമ്പസ്സിനായി നൽ കിയിട്ടുള്ള 391.43 ഹെക്ടർ ഭൂമിയിൽ നിന്നും ദേശീയ പാത വികസനം, പവർ ഗ്രിഡ് കോർപ്പറേഷൻ എന്നിവയ്ക്കായി വിട്ടു നൽ കിയിട്ടുള്ള 13.66 ഹെക്ടർ കഴിച്ച ശേഷം 377.9362 ഹെക്ടർ വസ്തു നിലനിൽക്കുന്നതും ആയതിൽ 3.85 ഹെക്ടർ വസ്തുവിന് റീസർവ്വേയിൽ അപാകതകൾ സംഭവിച്ചിട്ടുള്ളത് പരിഹരിക്കുന്നതിന് TSA 14354/18 പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതും, ടി വസ്തു ഒഴികെയുള്ള മുഴുവൻ വസ്തുക്കൾക്കും ഭൂനികുതി അടച്ചുവരുന്നതുമാണ്.
	2.കണ്ണാറ വാഴ ഗവേഷണ കേന്ദ്രം സർവ്വകലാശാലയുടെ വസ്തു രജിസ്റ്റർ (പേജ്83) പ്രകാരം, കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിന് 17.3 ഹെക്ടർ ഭൂമിയുള്ളതായും ഇതിൽ 92 സെന്റ് ഗ്രാമപഞ്ചായത്തിനു നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് പാണഞ്ചേരി വില്ലേജ് ഓഫീസിലുള്ള അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം (പേജ് 343), 2738/2 മുതൽ 1835/1, 2 വരെ സർവ്വേ നമ്പറുകളിലായി തണ്ടപ്പേർ നമ്പർ 263 ൽ 16 ഹെക്ടർ ഭൂമി സർക്കാർ വക പുറമ്പോക്കായി രേഖപ്പെടുത്തിയതിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വസ്തു രജിസ്റ്ററിൽ നിന്നും 1.3 ഹെക്ടർ (3.212 ഏക്കർ) ഭൂമിയുടെ വ്യത്യാസമുണ്ട്.	**2.കണ്ണാറ വാഴ ഗവേഷണ കേന്ദ്രം** വാഴ ഗവേഷണത്തിന് സിദ്ധിച്ചിരുന്ന 17.3 ഹെക്ടർ ഭൂമി റീസർവ്വേയിൽ 1.3 ഹെക്ടർ കുറവ് സംഭവിച്ചിട്ടുള്ളതായും, രേഖകളിൽ വാഴ ഗവേഷണ കേന്ദ്രം പുറമ്പോക്ക് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഭൂനികുതി അടയ്ക്കാനായിട്ടില്ലാത്തതും. ടി ന്യൂനതകൾ പരഹരിക്കുന്നതിന് തൃശ്ശൂർ ഭൂരേഖ തഹസിൽ ദാർ ക്ക് TSA 27638/17 ആയി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും താലൂക്ക് സർവേയർ സ്ഥല പരിശോധന നടത്തി അളവ് നടത്തിയിട്ടുള്ളതും Area alteration നടപടി പൂർത്തിയാക്കി രേഖകൾ കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി അവസാന ഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്.
	3.ഓടക്കാലി സുഗന്ധതൈല ഗവേഷണ കേന്ദ്രം സ്ഥാപനത്തിലെ ലാന്റ് ആന്റ് ബിൽഡിംഗ് രജിസ്റ്റർ പ്രകാരം 31 ഏക്കർ 7 സെന്റ് സ്ഥലമുള്ളതായി	**ഓടക്കാലി സുഗന്ധതൈല ഗവേഷണ കേന്ദ്രം** ഭൂമി ഏറ്റെടുക്കൽ (Land Acquisition) നടപടി പ്രകാരം ഏറ്റെടുത്ത് കൈമാറിയ

67

	രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അശമന്നൂർ വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ, 11.3 ഹെക്ടർ ഭൂമി (27.92 ഏക്കർ) അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം സർക്കാർ വക പുറമ്പോക്കായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓടക്കാലി ഔഷധ സുഗന്ധതൈല ഗവേഷണ കേന്ദ്രത്തിന്റെ കൈവശ ഭൂമി സംബന്ധിച്ച് 15.09.1961 ൽ ഡയറക്ടർ ഓഫ് സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ് നൽകിയ സർവ്വേ സ്കെച്ച് പ്രകാരം 2 , 3 4 നമ്പർ പ്ലോട്ടുകളായി യഥാക്രമം 1 3 സെന്റ്, 4 എക്കർ എന്നീ വിസ്തൃതികളിലുള്ള പ്രദേശങ്ങൾ കയ്യേറ്റങ്ങളായി രേഖപ്പെടുത്തിയിരിക്കുന്നു. 1971 ലെ കേരള കാർഷിക സർവ്വകലാശാല നിയമത്തിലെ സെക്ഷൻ 32(3) പ്രകാരം, സർവ്വകലാശാലയിലെ എല്ലാ സ്ഥാവരജംഗമ വസ്തുക്കളുടെയും പൊതു സൂക്ഷിപ്പുകാരനായി ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിനെ (ഡി.പി.പി) നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, 09.01.1980 ലെ ജി. ഒ(എം.എസ്) 10/80 എ.ഡി ഉത്തരവ് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ട് 6(1), സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും മേധാവികളുടെ സഹായത്തോടെ വസ്തുസംബന്ധമായ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുവാൻ ഡി.പി.പിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ, കൈമാറിക്കിട്ടിയ ഭൂമികൾക്ക് സർവ്വകലാശാലയുടെ പേരിൽ ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുവാനോ, പോക്കുവരവ് നടത്തി വില്ലേജ് രേഖകളിൽ ഉടമസ്ഥാവകാശം ഉറപ്പിക്കുവാനോ ഉള്ള നിർദ്ദേശങ്ങൾ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. സർവ്വകലാശാലയുടെ എല്ലാ സ്റ്റേഷനുകളിലും റവന്യൂ രേഖകളുടെ സഹായത്തോടെ ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് തന്നെ ഭൂമിയെ അതിർ ത്തിവേലി / മതിൽ കെട്ടി സംരക്ഷിക്ക വാനോ കയ്യേറ്റ ശ്രമങ്ങളെ	വസ്തുക്കൾക്ക് മാത്രമേ പോക്ക് വരവ് ചെയ്ത് തണ്ടപ്പേർ പിടിക്കുവാൻ കഴിയൂ എന്ന റവന്യൂ (ഇ) വകുപ്പിന്റെ 13/10/17 ലെ സ.ഉ(കൈ) നം.345/217/ റവന്യൂ ഉത്തരവ് ഉള്ളതിനാൽ Go(ms) 33/72 AD dtd.31.1.72 ലെ സർക്കാർ ഉത്തരവ് മൂലം കൈമാറ്റം ചെയ്ത സർക്കാർ പുറമ്പോക്ക് ഭൂമി സർവ്വകലാശാല പേരിൽ ഇനമാററം നടത്തി തണ്ടപ്പേർ പിടിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ലാന്റ് റവന്യൂ കമ്മീഷണർ 12.06.2020 ലെ LR-B8-1318/20-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. (Annex.3) മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ഇഞ്ചിപ്പുല്ല് ഗവേഷണ കേന്ദ്രത്തിന് കൃഷി വകുപ്പിൽ നിന്ന് അനുവദിച്ചിരുന്ന സർക്കാർ പുറമ്പോക്ക് വസ്തു സർവ്വകലാശാല സൗജന്യ നിരക്കിൽ (1രൂപ) പതിച്ചുനൽകുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ സമർ പ്പിക്കുന്നതിനോ /കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് കൈമാറ്റം ചെയ്യപ്പെട്ട സർക്കാർ പുറമ്പോക്ക് വസ്തുക്കളും/ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുത്ത് കൈമാറ്റം ചെയ്യപ്പെട്ട വസ്തുക്കളും സർവ്വകലാശാല പേരിൽ പോക്ക് വരവ് ചെയ്ത് തണ്ടപ്പേർ പിടിച്ച് ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളോ ഉത്തരവുകളോ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ആവശ്യമായ നിയമനിർമ്മാണം നടത്തേണ്ടതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

	നിയമപരമായി നേരിട്ടുവാനോ, സർക്കാർ ഏറ്റെടുക്കലുകൾക്ക് മതിയായ നഷ്ടപരിഹാരം നേടാനോ കാർഷിക സർവ്വകലാശാലക്ക് കഴിയുന്നില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ അടിയന്തിരമായി പതിയേണ്ടതുണ്ട്.	

[illegible] A
Joint Secretary
PEN: [illegible]
Agriculture Department
Govt. Secretariat, Thiruvananthapuram

69

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26)- 2021-22 വർഷത്തെ
സമാഹൃത ഓഡിറ്റ് റിപ്പോർട്ട് അധ്യായം 2 - ഇടുക്കി, എറണാകുളം & വയനാട് എന്നീ ജില്ലകൾ - ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള ഓഡിറ്റ് ന്യൂനത പരിഹാര നടപടി വിശദീകരണ പത്രിക

ഖണ്ഡിക	ശിപാർശ /നിർദ്ദേശം	നടപടി വിവരം
2.4	**ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം**	
2.4.1	**കട്ടപ്പന നഗരസഭ** (ഓ.റി 2019-20 ഖ.1-23) മാലിന്യ സംസ്കരണത്തിന് ജൈവ വള പ്ലാൻറ് സ്ഥാപിക്കൽ - പദ്ധതി പ്രവർത്തന രഹിതം – വാങ്ങിയ യന്ത്രം ഉപയോഗിക്കാതെ നശിക്കുന്നു –ചെലവ് തടസ്സം (ഓ.റി. 2019-20 ഖ.1-23) നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി അടങ്കൽ- ധനകാര്യ കമ്മീഷൻ അവാർഡ്- 13,07,438/- തനത് ഫണ്ട്- 16,92,562/- ആകെ 30, 00, 000/- രൂപ ചെലവ് - 13,07,438/- രൂപ ധനകാര്യ കമ്മീഷൻ അവാർഡ് 1, 89,742/- രൂപ തനത് ഫണ്ട ആകെ 14,97,180/- രൂപ നഗരസഭയിലെ ജൈവമാലിന്യ നിർമ്മാർജ്ജനത്തിനായി (ദിനം പ്രതി 500 കി.ഗ്രാം) 2018-19 ൽ ആവിഷ്കരിച്ച പദ്ധതിയാണ് ജൈവ-വള സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ. ധനകാര്യകമ്മീഷൻ അവാർ-ഡ് വിഹിതം ₹27.00,000/- ഉം തനത്ഫണ്ട് ₹3,00,000/- ചേർത്ത് ₹30,00,000/- അടങ്കലിൽ 275/19 നമ്പരായി ,ആവിഷ്കരിച്ച ഈ പദ്ധതിയ്ക്ക് ടി വർഷം ചെലവൊന്നുമുണ്ടായിരുന്നില്ല. 2019-20 വർഷം സ്പിൽ ഓവറായി പുതുക്കി അംഗീകാരം നേടിയ മേൽ പദ്ധതിയിൽ ടെണ്ടർ മുഖേന സോൾവ് എർത്ത് എക്കോടെക്ക് പ്രൈവറ്റ് ലിമിറ്റ-ഡ്, കടവന്ത്ര, കൊച്ചി, എന്നസ്ഥാപനത്തിൽ നിന്നും 'ഓർഗാനിക്	2015 ൽ കട്ടപ്പന നഗരസഭ രൂപീകൃതമായ സമയത്ത് ജൈവ മാ-ലിന്യങ്ങൾ ഭാഗികമായി സംസ്കരിക്കുന്നതിന് മാത്രമേ സൗകര്യം ഉണ്ടായിരുന്നുള്ളൂ. 2018 ൽ മിനിസ്ട്രി ഓഫ് അർബൻ അഫയേഴ്സിന്റെ മുംബൈയിൽ വച്ചു നടന്ന ഓൾ ഇന്ത്യാ എക്സിബിഷൻ കം സെമിനാ-റിൽ പങ്കെടുത്ത കട്ടപ്പന മുനിസിപ്പൽ ചെയർമാൻ പരാമർശ യന്ത്ര-ത്തിന്റെ പ്രവർത്തനം വിലയിരുത്തുകയും വിഷയം കൗൺസലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും, ഈ സംസ്കരണ രീതി കൂടുതൽ പഠന വിധേ-യമാക്കുന്നതിന് കൗൺസലിൽ നിന്ന് പ്രതിനിധികൾ ഈ മെഷീനറി സ്ഥാപിച്ചിട്ടുള്ള ഇൻഫോപാർക്ക് ഉൾപ്പടെയുള്ള സ്ഥലങ്ങൾ സന്ദർശിച്ച് പ്രവർത്തനം ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. ഓഫീസ് സമു-ച്ചയം പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ബേസ്മെൻറിലാണ് ആ യന്ത്രം സ്ഥാപിച്ച് സംസ്കരണം നടത്തിയിരുന്നത്. യാതൊരു വിധ പരിസര മലിനീകരണമോ ,വിഷവാതകമോ ഉണ്ടാകുന്നില്ല എന്ന് ടി സ്ഥാപനത്തിന്റെ പരിസരത്തുള്ള ആളുകളിൽ നിന്ന് ബോധ്യപ്പെട്ടക-യും ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ആവിഷ്കരിച്ച അംഗീകാരം വാങ്ങിയത്.. **2**. യന്ത്രം സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണ് കൗൺ-സിൽ കണ്ടെത്തിയിരുന്നത്. ഇത് യാതൊരു തരത്തിലുമുള്ള മാലി-ന്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നതല്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാ-നത്തിലുമാണ് 2 ഏക്കറോളമുള്ള ഓഫീസ് സമുച്ചയ പരിസരത്ത്

	വേസ്റ്റ് കൺവേർട്ടർ സിസ്റ്റം 500 കി.ഗ്രാം എന്ന യന്ത്രം 31.07.2019 ലെ 2019-20M-018 നമ്പർ ഇൻവോയ്സ് പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും യന്ത്രം സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടില്ല. പുളിയൻമലയിലുള്ള നഗരസഭയുടെ ഡംബ്ബിംഗ്‌യാർഡിലെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനുവേണ്ടിയുള്ള കെട്ടിടത്തിലാണ് നിലവിൽ ഉപകരണം സൂക്ഷിച്ചിരിക്കുന്നത്. ഇപ്രകാരം ഒരു യന്ത്രം വാങ്ങുന്നതിനു മുന്നോടിയായി അവശ്യം അനുവർത്തിക്കേണ്ടതും താഴെ കൊടുത്തിട്ടുള്ളതുമായ നടപടിക്രമങ്ങൾ നഗരസഭ പാലിച്ചിട്ടില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു:- 1. നഗരസഭയിൽ പ്രതിദിനം സൃഷ്ടിക്കപ്പെടുന്ന ജൈവമാലിന്യം എത്രയെന്ന് കണക്കാക്കാനോ അത് ഫലപ്രദമായി സംസ്കരിക്കുന്നതിനുള്ള മാർഗ്ഗം ഏതെന്ന് വിലയിരുത്താനോ യാതൊരു പഠനവും നടത്തിയിട്ടില്ല. കട്ടപ്പനയിലെ മുഴുവൻ മാലിന്യങ്ങളും ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് നഗരസഭയുടെ രണ്ട് ടിപ്പർ ലോറികളിൽ കയറ്റി പുളിയൻമലയിലുള്ള ഡംബ്ബിംഗ് യാർഡിൽ നിക്ഷേപിക്കുകയും ഭാഗികമായി തരംതിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം മാത്രം ക്ലീൻ കേരള മിഷന് നൽകുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. 2. യന്ത്രം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിരുന്നില്ല. 3. ഈ രംഗത്ത് നിലവിൽ ലഭ്യമായ യന്ത്രങ്ങളും രീതികളും എന്തൊക്കെയാണെന്ന് അന്വേഷിച്ച് വിലയിരുത്തി കട്ടപ്പനയുടെ സാഹചര്യത്തിൽ അനുയോജ്യവും ആവശ്യവുമായ സംവിധാനം അവലംബിക്കാനുതകുന്ന യാതൊരു പഠനവും നടത്തിയിരുന്നില്ല. 4. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഈ യന്ത്രം പ്രവർത്തിപ്പിക്കുന്നതിന് തൊഴിലാളികളുടെ കൂലിയിനത്തിലും വൈദ്ധ്യുതി ചാർജ്ജിനത്തിലും നഗരസഭയ്ക്ക് എത്ര തുക അധിക ബാധ്യത വരുത്തിവയ്ക്കും എന്നതും കണക്കിലെടുത്തിരുന്നില്ല. 5. പദ്ധതിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന ജൈവവളം സംഭരിച്ച് ഉപ-	തന്നെ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ചത്. എന്നാൽ എല്ലാ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കുമെതിരെ പൊതുവെ ഉണ്ടാകുന്ന പൊതുജന പ്രതിരോധം ഈ കാര്യത്തിലും ഉണ്ടാവുകയും പുളിയൻമലയിലേക്ക് മാറ്റിസ്ഥാപിക്കുവാൻ നിർബന്ധിതമാകുകയായിരുന്നു. **3.** യന്ത്രം വാങ്ങിയ കാലയളവിൽ ടി മെഷീൻ പല സ്ഥാപനങ്ങളിലും ഫലപ്രദമായി പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും നഗരസഭയ്ക്ക് ഗുണകരമാകും എന്ന സദുദ്ദേശത്തിലുമാണ് പദ്ധതി നടപ്പിലാക്കിയത്. നിലവിൽ ശുചിത്വ മിഷൻ ഉൾപ്പടെ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിന് ഈ യന്ത്രം ശുപാർശ ചെയ്യുന്നുണ്ട്. നിലവിൽ വിഴിഞ്ഞം പോർട്ടുൾപ്പടെ 200 ഓളം സ്ഥാപനങ്ങളിലും ക്ഷേത്രങ്ങളും ഉൾപ്പടെയുള്ള മുനിസിപ്പാലിറ്റികളിലും ഈ യന്ത്രം ഉപയോഗിക്കുന്നുണ്ട്. **4.**വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഈ യന്ത്രം ഫുൾ കപ്പാസിറ്റിയിൽ പ്രവർത്തിക്കുന്നതിന് 15 മണിക്കൂർ മാത്രമാണ് വേണ്ടി വരുന്നത്. കൂടാതെ ഈ യന്ത്രം പ്രവർത്തിക്കുന്നതിന് പ്രവർത്തനം ആരംഭിക്കുന്ന സമയത്തും (മാലിന്യം ലോഡു ചെയ്യുന്ന സമയം) അവസാനിക്കുന്ന സമയത്തും മാത്രമാണ് ഒരു തൊഴിലാളിയുടെ സേവനം ആവശ്യമായി വരുന്നത്. വൈദ്യുതിയുടെ ഉപയോഗം സംബന്ധിച്ചും തൊഴിലാളിയുടെ എണ്ണം സംബന്ധിച്ചും കൗൺസിൽ ശരിയായ വിലയിരുത്തൽ നടത്തിയ ശേഷമാണ് പദ്ധതി നടപ്പിലാക്കിയത്. **5.** പദ്ധതിയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ജൈവ വളം പ്രാദേശികമായി കാർഷിക കൂട്ടായ്മയിലൂടെയും കുടുംബശ്രീ മുഖാന്തിരം വിതരണം ചെയ്യുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. മറ്റു പാരിസ്ഥിതികപ്രശ്നങ്ങൾ ഉണ്ടാകില്ലായെന്നും ബോധ്യപ്പെട്ടിരുന്നു. ഇപ്പോൾ ഈ യന്ത്രത്തിന് ശുചിത്വ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും ബയോവേസ്റ്റ് സംസ്കരണത്തിന് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. ഓൾ

	യോഗ യോഗ്യമാക്കുന്നതിന്/നീക്കം ചെയ്യുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിരുന്നില്ല. യന്ത്രം പുറന്തള്ളുന്ന വാതകങ്ങൾ പരിസ്ഥിതിയെയും പരിസരവാസികളെയും ബാധിക്കുമെന്നോ അക്കാരണത്താൽ പരിസരവാസികളിൽ നിന്നും എതിർപ്പുണ്ടാകുമെന്നോ വാങ്ങൽ നടത്തുന്നതിനു മുൻപ് കണക്കാക്കിയിരുന്നില്ല. 6. പ്രസ്തുത യന്ത്രം മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ എന്നോ അത് വിജയകരമാണോ എന്നോ യാതൊരു അന്വേഷണവും നടത്താതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. 7. യന്ത്രത്തിന്റെ പ്രവർത്തനരീതി, ഉപയോഗക്രമം എന്നിവ സംബന്ധിച്ച് റിപ്പോർട്ടുകൾ/നിർദ്ദേശങ്ങൾ എന്നിവയൊന്നും നഗരസഭയിൽ ലഭ്യമല്ല. പ്രീ പ്രോജക്ട്, ടെണ്ടറുകൾ, കരാർ, ഇൻവോയ്സ്, ബിൽ പകർപ്പ് എന്നിവ അടങ്ങുന്ന ഒരു ഫയൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്. നടപടികൾ/തീരുമാനങ്ങൾ. ഉത്തരവുകൾ എന്നിവ രേഖപ്പെടുത്തിയ ഫയൽ. പദ്ധതിയുടെ ഭരണാനുമതി, ടെണ്ടർ അംഗീകാരം എന്നിവ നല്കിക്കൊണ്ടുള്ള കൗൺസിൽ തീരുമാനങ്ങൾ, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. ഇവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയും ലഭ്യമാക്കിയില്ല. ഓഡിറ്റിന് ഹാജരാക്കിയ മിനിറ്റ്സ് ബുക്കിൽ ഇതു സംബന്ധിച്ച തീരുമാനങ്ങളൊന്നും കണ്ടെത്താനായില്ല. 3 വർഷത്തെ സ്ഥലവാറന്റി ഓഫർ ചെയ്തിട്ടുള്ള ഈ യന്ത്രത്തിന്റെ വാറന്റി കാലഘട്ടം, യന്ത്രം സ്ഥാപനത്തിൽ എത്തിക്കുന്ന ദിവസം മുതൽ ആരംഭിക്കുന്നതാണ് എന്ന് വിതരണക്കാരനുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ 4-ാമത്തെ നിബന്ധനയായി ചേർത്തിട്ടുണ്ട്. 31.07.2019-ൽ ലഭ്യമായ യന്ത്രത്തിന്റെ വാറന്റി കാലയളവ് അവസാനിക്കുന്നതിനു മുമ്പ്. യന്ത്രം പ്രവർത്തിപ്പിക്കുന്നതിനോ. പ്രവർത്തനത്തിലെ മികവ്/അപാകതകൾ കണ്ടെത്തുന്നതിനോ നഗരസഭയുടെ ഭാഗത്തുനിന്ന് യാതൊരു ശ്രമവും നടത്തിയതായി കാണുന്നില്ല. 15,00,000/- ചെലവിട്ട യന്ത്രം കാ-	ഇന്ത്യാഎക്സിബിഷനിൽ ഗവ.ഓഫ് ഇന്ത്യയുടെ അനുമതി ഉണ്ടെന്നും PCB അനുമതി ഉണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. **6.** നിലവിൽ ഈ കമ്പനി ഇന്ത്യയിലുടനീളം 384 സ്ഥാപനങ്ങൾക്ക് യന്ത്രം സപ്ലൈ ചെയ്തിട്ടുള്ളതാണ്. **7.** കോവിഡ് കാലഘട്ടത്തിൽ മാലിന്യം സംഭരിച്ച് ടി സ്ഥലത്ത് എത്തിക്കുന്നതിനോ സംസ്കരിക്കുന്നതിനോ സാധിക്കാതെ വരികയും ഇതു സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി വയ്ക്കുവാൻ കഴിയാതെ പോയിട്ടുള്ളതുമാണ്. ടി യന്ത്രം പുളിയൻമലയിലേക്ക് മാറ്റി സ്ഥാപിക്കുകയും കോവിഡ് കാലത്ത് ഒരു വർഷം പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വന്നതുമൂലം ഇലക്ട്രിക് കേബിളുകൾ നിശിപ്പിക്കുകയും യന്ത്രം പ്രവർത്തിപ്പിക്കുന്നതിലേക്കായി യന്ത്രം സ്ഥാപിച്ച കമ്പനി പ്രതിനിധികളെ വിളിച്ചുവരുത്തി പരിശോധിക്കുകയും യന്ത്രം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാണെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഓഡിറ്റിൽ പരാമർശിക്കുന്ന യന്ത്രത്തിന്റെ സാങ്കേതിക വശങ്ങളും നിലവിൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ടി യന്ത്രം ഉപയോഗിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും ശുചിത്വ മിഷന്റെ അഭിപ്രായം സ്വീകരിച്ചും യന്ത്രം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ടെന്നുള്ള വിവരം ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

72

	ലഹരണപ്പെട്ട നിലയിലാണ് നിലവിൽ അവശേഷിക്കുന്നത്. യന്ത്രം വാങ്ങുന്നതിനും കെട്ടിടനിർമ്മാണം, വൈദ്യുതീകരണം തടങ്ങിയ പ്രവർത്തന ചെലവിലേക്കുമായി ₹30,00,000/- വകയിരുത്തിയിരുന്നുവെങ്കിലും ₹14,97,180/- ചെലവഴിക്കുന്നതിന് മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടുള്ളത്. യന്ത്രം വാങ്ങി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവർത്തിപ്പിക്കാത്തതും ഉചിതമായ രീതിയിൽ സംരക്ഷിക്കാത്തതിനാലും പ്രസ്തുത യന്ത്രം തുരുമ്പെടുത്ത് നശിച്ചു കൊണ്ടിരിക്കുന്നു. ആയതിനാൽ ഈ പദ്ധതിച്ചെലവ് തടസ്സപ്പെടുത്തുന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. വിഷയം സർക്കാരിന്റെയും നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.	
2.4.2	**ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്** ലൈഫ് ഭവന പദ്ധതി നടത്തിപ്പിലുണ്ടായ ക്രമക്കേടുകൾ (ഓ.റി 2019-20 ഖ..1-21)	
1	**ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി തുക അനുവദിച്ചു** ലൈഫ് ഭവന നിർമ്മാണത്തിലെ വിവിധ നിർമ്മാണ ഘട്ടങ്ങളിലായി ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി സബ്സിഡി 4,00,000/- രൂപയാണ്. എന്നാൽ ഇവിടെ ലൈഫ് ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയേക്കാൾ അധികം പണം അനുവദിക്കുകയും പിന്നീട് ഗുണഭോക്താക്കളിൽ ചിലരിൽ നിന്ന് അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കുകയും ചെയ്തുവെങ്കിലും അനുവദനീയമായ സബ്സിഡി നിരക്കിനേക്കാൾ അധികം തുക കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുവാൻ സാധിച്ചിട്ടില്ല. ഓരോ വ്യക്തിക്കും അർഹമായ സബ്സിഡി തുക രേഖകൾ പരിശോധിച്ച് അനുവദിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. അധികം നൽകിയ തുകയ്ക്ക്, " അനധികൃതമായി കൈവശം വച്ചതിന്" ബാധകമായ പലിശ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടിയിരുന്നു.	പരാമർശ ലൈഫ് ഭവന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ശ്രീ. റ്റി.എസ്. സന്ദീപിന് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശ ഖണ്ഡികയുടെ പകർപ്പ് സഹിതം മറുപടി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 22/02/2022 തീയതിയിൽ കത്ത് നൽകിയിരുന്നെങ്കിലും ടിയാൻ മറുപടി ലഭ്യമാക്കിയില്ലെന്നും തുടർന്ന് ടിയാന് വ്യക്തിപരമായി രജിസ്റ്റേഡ് തപാൽ മുഖേനയും ടിയാൻ ജോലി ചെയ്യുന്ന ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം 23/09/2023 തീയതിയിലും അറിയിപ്പ് നല്കിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിരുന്നില്ല. തുടർന്ന് അസിസ്റ്റന്റ് ഡയറക്ടർ നേരിട്ട് ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തുകയും ടി പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുകയും ആയതിൽ ലൈഫ് ഭവന പദ്ധതി നടത്തിപ്പിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ഫയൽ സൂക്ഷിപ്പ്, തുക വിതരണം, വായ്പ സ്വീകരിക്കൽ എന്നിവയിൽ ടിയാൻ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കാലയളവിൽ വീഴ്ച സംഭവിച്ചിട്ടുളളതായി

73

	തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന ₹1,05,000/- അടിയന്തിരമായി ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.	കണ്ടെത്തുകയും, ടിയാന്റെ കാലയളവിലെ ഫയലുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ നാളിതുവരെ പൂർണ്ണമായി പരിഹരിച്ചിട്ടില്ലാത്തതായും കണ്ടെത്തിയിട്ടുള്ളതും, ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ സന്ദീപ് റ്റി.എസ്. നോട് ടിയാനെ നേരിൽ കേൾക്കുന്നതിനായി ടി വിഷയത്തിന്മേലുള്ള റിപ്പോർട്ട് സഹിതം 19-11-2024 തീയതി പകൽ 11 മണിക്ക് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുൻപാകെ ഹാജരാകണമെന്ന് പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതും ടിയാൻ കത്ത് കൈപ്പറ്റിയിട്ടുള്ളതുമാണ്. എന്നാൽ ടിയാൻ ജോയിന്റ് ഡയറക്ടർ മുൻപാകെ ഹാജരായിട്ടില്ലാത്തതാണ്. തുടർച്ചയായി ഓഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തത് വളരെ ഗൗരമായാണ് സർക്കാർ കാണുന്നത്. ഈ സാഹചര്യത്തിൽ ടിയാനെതിരെ വകുപ്പതല നടപടികൾ സ്വീകരിക്കാനും ഓഡിറ്റിൽ പരാമർശിക്കുന്ന നഷ്ടതുകയെ സംബന്ധിച്ച് ഒരു വിശദീകരണവും നൽകാത്തതിനാൽ ടിയാന് ഇക്കാര്യത്തിൽ മറ്റൊന്നും ബോധിപ്പിക്കാനില്ല എന്ന കണക്കാക്കി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കും പ്രകാരം നഷ്ടതുക ടിയാനിൽ നിന്നും ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാനും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
(II)	**<u>ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടാത്ത ഗുണഭോക്താക്കളുടെ പേരുവിവരം ഉൾപ്പെടുത്തി അധിക തുക പിൻവലിച്ചു</u>** ആവശ്യകതയനുസൃതമായല്ലാതെ വായ്പയും സംസ്ഥാന വിഹിതവും സ്വീകരിച്ച് ദീർഘനാൾ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച നടപടിയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ജനറൽ, എസ്.സി.പി., റ്റി.എസ്.പി. 338 ഗുണഭോക്താക്കളാണ് ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ച് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കരാറിലേർപ്പെടാത്തതും ആരംഭിക്കാത്തതുമായ വ്യക്തികളുടെ പേരുകൾ കൂടി ലിസ്റ്റിൽ ചേർത്ത് രണ്ടാം ഗഡു KURDFC വായ്പയിനത്തിലും സംസ്ഥാന വിഹിതമിനത്തിലും അക്കൗണ്ടിൽ പിൻവലിച്ച് ഗ്രാമപഞ്ചായത്തിന്റെ ഇ-പേയ്മെന്റ് അധികമായി ലഭിച്ച തുക പിൻവലിച്ചത് ക്രമവിരുദ്ധമാണെന്ന് കണ്ട് 08.09.2020-ന് തിരിച്ചടക്കുകയും ചെയ്തു. ഭീമമായ തുക പിൻവലിച്ച് അർഹതയില്ലാത്തവരുടെ അക്കൗണ്ടിലേക്ക് നടപടി നല്കിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. KURDFC രണ്ടാം ഗഡു വായ്പയുടെ 28.03.2019 മുതൽ 07.09.2019 വരെയുള്ളതും സംസ്ഥാന വിഹിതത്തിന്റെ 13.11.2019 മുതൽ 17.01.2020 വരെയുള്ളതുമായ കാലഘട്ടങ്ങളിലെ സമ്പൂർണ്ണ വിതരണ വിശദാംശങ്ങൾ യോഗ്യതാ പട്ടികയുൾപ്പെടെ പരിശോധനയ്ക്ക്- ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അർഹതയില്ലാത്തവരുടെ പേരിലാണ് തുക. അധികമായി പിൻവലിച്ചതെങ്കിലും പിന്നീടുള്ള കാലഘട്ടത്തിൽ അർഹതയുള്ളവരിൽ *നിന്ന് നിർമ്മാണ ഘട്ടം പൂർത്തിയാക്കിയവരെ ക്രമമായി കണ്ടെത്തി അവർക്ക് മാത്രമാണ് തുക വിതരണം ചെയ്തതെന്നും അനർഹർക്ക് തുക നല്കിയിട്ടില്ലെന്നുമുള്ള" നിലപാടിന്റെ നിജസ്ഥിതി പരിശോധി-	

	ക്കാനായില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ധനാഭ്യർത്ഥനയൊപ്പം തയ്യാറാക്കി നല്കുന്ന ഗുണഭോക്താക്കളുടെ പട്ടികപ്രകാരം ആക്കെ തുകയുള്ള ചെക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ബാങ്കിലേക്ക് നല്കി വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതായിരുന്നു അനുവർത്തിച്ചുവന്നിരുന്ന രീതി ഗുണഭോക്തൃ ലിസ്റ്റിൽ അർഹതയുള്ളവരാണോ, നിയമാനുസൃത കരാറിലേർപ്പെട്ടവരാണോ ഉൾപ്പെടുത്തിയിരിക്കുന്ന വ്യക്തികൾ കരാറിലേർപ്പെട്ടവരാണോ, കൃത്യമായി നിർമ്മാണ ഘട്ടം പൂർത്തിയാക്കിയവരാണോ എന്നിങ്ങനെയുള്ള കാര്യങ്ങൾപോലും പ്രാഥമികമായി വിലയിരുത്തിയിട്ടില്ലെന്ന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ വ്യത്യസ്ത കാരണങ്ങളാൽ അനർഹരായവർ/പദ്ധതിയ്ക്ക് പുറത്തുള്ളവർ പോലും ഗുണഭോക്തൃ ലിസ്റ്റിൽ കടന്നുകൂടാനുള്ള സാദ്ധ്യത നിലനില്ക്കുന്നു. അധിക തുക കൈപ്പറ്റിയതിനുശേഷം ബാങ്കിൽ/ഗ്രാമപഞ്ചായത്തിൽ തുകകൾ പണമായി നേരിട്ട് തിരിച്ചടച്ചതുപോലും യഥാർത്ഥത്തിലുള്ള ഗുണഭോക്താക്കളാണോയെന്ന് ഉറപ്പാക്കേണ്ടിയിരിക്കുന്നു. ആയതിനാൽ ആകെയുള്ള പദ്ധതി നടത്തിപ്പിൽ വിശദമായ പരിശോധന നടത്തി കൃത്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതായിട്ടുമുണ്ട്. അർഹതയില്ലാത്തവർക്കാണ് പദ്ധതി പ്രകാരം തുക വിതരണം ചെയ്തിട്ടുള്ളതെങ്കിൽ, കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 303A(C)-യുടെ കുറിപ്പ് പ്രകാരം, (സർക്കാർ തുക അനധികൃതമായി മറ്റുള്ളവർക്ക് കൈവശം വെയ്ക്കാൻ അവസരം നല്കിയതിനാൽ) തുക പിഴപ്പലിശ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഇടാക്കേണ്ടതായിട്ടുണ്ട്.	
3.	**LIFE 2-ാം ഘട്ടം (ഭവന രഹിത പുനരധിവാസം) പുരോഗതി വിശകലനം (31.03.2021 വരെ)** ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ,ഫയൽ സൂക്ഷിപ്പ്, വായ്പ സ്വീകരിക്കൽ തുക വിതരണം തുടങ്ങി എല്ലാ മേഖലകളിലും നിർവ്വഹണ	

	ഉദ്യോഗസ്ഥന് ഗുരുതര വീഴ്ച ഉണ്ടായിട്ടുണ്ട്.	
2.5	**എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം**	
2.5.1	**<u>തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്</u>** <u>ഇന്റഗ്രേറ്റഡ് റിഫൈനറി എക്സ്പാൻഷൻ പ്രോജക്ട്- ഗുരുതരമായ അപാകതകൾ</u> (ഓ. റി.2020-21- ഖ.1-20) ബിപിസിഎൽ കൊച്ചിൻ റിഫൈനറിയുടെ ഇന്റഗ്രേറ്റഡ് റിഫൈനറി എക്സ്പാൻഷൻ പ്രോജക്ടിന്റെയും, പ്രൊപ്പിലിൻ ഡെറിവേറ്റീവ് പെട്രോകെമിക്കൽ പ്രോജക്ടിന്റെയും ഭാഗമായി തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന്റെ മറ്റക്കുഴി- വെൺമണി വാർഡിൽ നെൽവയലിലൂടെ വാപ്പാലത്താഴം വഴി ചിത്രപ്പുഴയിലേക്ക് ഒഴുകുന്ന ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തോട്ടം, സമീപത്തെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള നിലഭൂമിയും ഏറ്റെടുത്ത് വികസനപ്രവർത്തനങ്ങൾ 2012-13 വർഷത്തിൽ തന്നെ ആരംഭിച്ചിട്ടുള്ളതാണ്. നിലം ആയിട്ടുള്ള ഭൂമി നികത്തി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പാരിസ്ഥിതിക അനുമതി റിഫൈനറിക്ക് ലഭിച്ചിട്ടുള്ളതാണ്. കക്കാട് വാർഡിൽ നിലവിലുണ്ടായിരുന്ന ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള, തോടിന്റെ കമ്പനിയോട് ചേർന്നുള്ള ഭാഗം നികത്തുകയും, ഏറ്റിക്കര, മറ്റക്കുഴി ഭാഗങ്ങളിൽ നിന്നും വരുന്ന തോടുകൾ റിഫൈനറി തന്നെ മുൻകയ്യെടുത്ത് കമ്പനിയുടെ മതിൽകെട്ടിന് പുറത്തുകൂടി ചിത്രപുഴയിലേക്ക് ഒഴുകുന്ന വിധം തോടിന്റെ മുകൾഭാഗത്ത് 23 മീറ്റർ വീതിയിലും, അടിഭാഗത്ത് 11 മീറ്റർ വീതിയിലും, 5 മീറ്റർ ആഴത്തിലും മുൻപുണ്ടായിരുന്ന തോടിന് പകരം പുതിയ തോട് നിർമ്മിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തോട് കൈയ്യേറി നിർമ്മാണം നടത്തിയിട്ടും നഷ്ടപ്പെട്ട സ്ഥലത്തിന് പകരം ഭൂമി തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2020 ലെ കത്തിന്റെ	പഞ്ചായത്തിന്റെ അധീനതയിലുള്ള തോട് നികത്തി ബിപിസിഎൽന്റെ അധീനതയിലുള്ള വസ്തുവിലൂടെ പുതിയ തോട് നിർമ്മിച്ചിട്ടുള്ളതാണ്. ഇതിലേക്കായി സർക്കാർ അനുമതി ആവശ്യപ്പെട്ട് ബിപിസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ 17/10/2016 ൽ സർക്കാരിന് സമർപ്പിച്ച അപേക്ഷയിൽ ഗ്രാമപഞ്ചായത്തിന്റെ ശുപാർശ ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശിക്കുകയും തുടർന്ന് 14/02/2020 ൽ അധിക വിവരങ്ങൾ ആരായുകയും ചെയ്തിരുന്നു. ടിവിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിച്ച് വരികയാണെന്നും ആയതിൽ അടിയന്തരമായി തുടർ നടപടി സ്വീകരിയ്ക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ സർക്കാരിൽ ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

	അടിസ്ഥാനത്തിൽ കൊച്ചിൻ റിഫൈനറിയുടെ നിലവിലുണ്ടായിരുന്ന വികസന പ്രവർത്തനങ്ങളുടെ തോട് നികത്തുന്നതിനും, ഗതിമാറ്റി ഭാഗമായി വിടുന്നതിനും 17.06.2020 ലെ 18-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി സാധൂകരണം നൽകിയിട്ടുണ്ട്. പുതിയതായി നിർമ്മിച്ച തോട് റിഫൈനറിയുടെ മതിൽകെട്ടിനുള്ളിലൂടെ ഒഴുകുന്ന ഭാഗത്തിന്റെ ഉടമസ്ഥാവകാശവും, പരിശോധനാ സ്വാതന്ത്ര്യവും നിയമാനുസൃതം ലഭിക്കണമെന്നും, തോടിന്റെ സംരക്ഷണത്തിനും, മെയിന്റനൻസിനും സൗകര്യം ഒരുക്കണമെന്നും, റിഫൈനറിയിൽ നിന്നുള്ള മാലിന്യം തോട്ടിലേക്കൊഴുക്കരുതെന്ന കർശന നിർദ്ദേശത്തോടെയുമാണ് സാധൂകരണം നൽകിയത്	
(1)	**സ്ഥല കൈമാറ്റ നടപടികൾ സുതാര്യമല്ല** തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് 40 ൽ ഉൾപ്പെട്ട 328.28 ആർ സ്ഥലത്താണ് പുതിയതായി തോട് നിർമ്മിച്ചിട്ടുള്ളത്. ഒരു ആറിന് 15000/-രൂപ നിരക്കിലാണ് ടി സ്ഥലത്തിന് തിരുവാണിയൂർ വില്ലേജ് ഓഫീസർ ഫെയർ വാല്യ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് 40 ൽ ഉൾപ്പെട്ട 21, 31, 4/1, 63/1, 64/1, 65/1 റീസർവേ നമ്പറുകളിലെ 94.20 ആർ പഴയ തോട് സ്ഥിതി ചെയ്യുന്നത്. ഒരു ആറിന് 27225/- രൂപ എന്ന സ്ഥലത്തിന് തിരുവാണിയൂർ വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച പരസ്പരം സ്ഥലത്തിന് തിരുവാണിയൂർ വില്ലേജ് ഓഫീസർ ഫെയർ വാല്യ കൈമാറുന്ന ഭൂമിയുടെ വിസ്തീർണ്ണം, ബിടിആർ പകർപ്പ്, ഫെയർ വാല്യൂ സർട്ടിഫിക്കറ്റ് രാവും. ജനനി സ്പെഷ്യൽ അതിർത്തി വ്യക്തമാക്കുന്ന ലൊക്കേഷൻ മാപ്പ് എന്നിവ പരസ്പര വസ്തു കൈമാറ്റത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. സ്ഥലത്താണ് നിരക്കിലാണ് ടി സർട്ടിഫിക്കറ്റ് 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 166 പട്ടിക മൂന്ന് പ്രകാരം പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സൂക്ഷിക്കുക എന്ന	

	ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിനെ അധീനതയിലുള്ള തോട് നികത്തി ഗതി മാറ്റി നിർമ്മിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടു ഗ്രാമപഞ്ചായത്തിന് റിഫൈനറിയിൽ നിന്നും കൈമാറിക്കിട്ടാനുള്ള സ്ഥലത്തിനെ വിഷയത്തിൽ പ്രാഥമികമായ ധാരണ ഉണ്ടാക്കുന്നതിന് ഗ്രാമപഞ്ചായത്ത തലത്തിലോ, സർക്കാർ തലത്തിലോ സുതാര്യവും, കാര്യക്ഷമവുമായ ഇടപെട നടത്തിയിട്ടില്ല. കൂടാതെ, വസ്തു കൈമാറ്റത്തിന് 2005 ലെ കേരള പഞ്ചായത്ത് രാ വസ്തു ആർജിക്കലും, കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങള സ്വീകരിച്ചിട്ടില്ല.	
(2)	**മാലിന്യ സംസ്കരണം സുസ്ഥിര വികസനത്തിന് വിഘാതം** 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 166 പട്ടിക മൂന്ന് പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക, ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ജലമാർഗങ്ങളും, കനാലുകളും പരിരക്ഷിക്കുക, പരിസ്ഥിതി ആരോഗ്യകരമായി സംരക്ഷിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര ചുമതലയാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ നിരവധി ജനങ്ങളുടെ കുടിവെള സ്രോതസ്സായ തോട്ടിലേക്ക് എച്ച്ഒസിഎൽ കമ്പനി മലിനജലം ഒഴുക്കിവിട്ട സാഹചര്യത്തിൽ താത്കാലിക പരിഹാരമായി മൺതിട്ട നിർമ്മിച്ച് തടയുക എന്നതിനപ്പുറം ബന്ധപ്പെട്ട കമ്പനികളുമായി കിരയാത്മകമായ ഇടപെടൽ നടത്തി സുസ്ഥിരവും ശാസ്ത്രീയവുമായ ഒരു മാലിന്യ നിർമ്മാർജന സംവിധാനം ഏർപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല	HOCL ഫാക്ടറിയിൽ നിന്ന് മഴവെള്ളം ഒഴുകിപ്പോകുന്നതിന് സ്വാഭാവികമായി മുമ്പ് നിലനിന്നിരുന്ന തോട് ബി.പി.സി.എൽ കൊച്ചിൻ റിഫൈനറിയുടെ വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മൂടിയതിനാലാണ് ടി പ്രശ്നം സംജാതമായത് എന്നതിനാൽ ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം ഇരു കമ്പനി അധികൃതരുമായി മുൻ ഭരണസമിതിയുടെ കാലത്ത്, അന്നത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചർച്ച നടത്തുകയും HOCL കമ്പനിക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ പ്രശ്നം പരിഹരിക്കുന്നതിനായി കമ്പനിയിൽ നിന്നും ചിത്രപ്പുഴയിലേക്ക് മഴവെള്ളം ഒഴുകിപ്പോകുന്നതിന് ഒരു പൈപ്പ് സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാൻ ബി.പി.സി.എൽ അധികൃതരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. . എന്നാൽ ബി.പി.സി.എൽ അധികൃതരുടെ ഭാഗത്തുനിന്ന് അനുകൂലമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമായതിനാലാണ് പ്രാഥമിക നടപടി എന്ന ചിറകെട്ടി മലിനജലം ഒഴുകുന്നത് തടഞ്ഞതും തുടർന്ന് കമ്പനി അധികാരികളുമായി ചർച്ച നടത്തി പ്രശ്ന പരിഹാരം നിർദ്ദേശിച്ചതും. ടി രണ്ട് ബൃഹത്തായ കമ്പനികളും പഞ്ചായത്തിന്റെ അധീനതയിലുള്ളതല്ലാ-

78

		ത്തതിനാൽ ഇടപെടലുകൾ നടത്തുന്നതിന് പഞ്ചായത്തിന് പരിമിതികൾ ഉണ്ട് മാത്രമല്ല ഭീമമായ തുക ചെലവഴിച്ച് ശാസ്ത്രീയ സംവിധാനം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് മാത്രമായി കഴിയുകയുമില്ല. ഇരു കമ്പനികളും പരസ്പരം സഹകരിച്ച് മാത്രമേ പ്രശ്നപരിഹാരം സാധ്യമാകുകയുള്ളൂ. എന്നാൽ HOCL ഗ്രാമപഞ്ചായത്തിനെ ഒന്നാം എതിർകക്ഷിയാക്കി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP (C) 27106/2020 കേസ് നിലനിൽക്കുന്നതിനാൽ ടി വിഷയത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
(3)	**അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ചിട്ടില്ല** തിരുവാണിർ ഗ്രാമപഞ്ചായത്ത് അതിർത്തിയോട് ചേർന്ന പ്രദേശങ്ങൾ അക്വയർ ചെയ്ത് ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറി ഗ്രാമപഞ്ചായത്തിന്റെ നിർമ്മാണ അനുമതിയില്ലാതെ കെട്ടിടങ്ങൾ നിർമ്മിക്കുകയും പ്ലാന്റുകൾ സ്ഥാപിപ്പിച്ചിട്ടുള്ളതായും ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഐ.വി ഷാജി കത്ത് നൽകിയിരുന്നു. കൊച്ചിൻ റിഫൈനറി വികസന പദ്ധതിയുടെ ഭാഗമായി നിർമ്മാണം നടത്തിയിട്ടുള്ളതിനാൽ കൈമാറുന്ന വസ്തുവിന്റെ ലൊക്കേഷൻ മാപ്പിന്റെ ആധികാരികത ഉറപ്പുവരുത്തുവാൻ സാധിക്കുകയില്ലെന്ന് തിരുവാണിയൂർ വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 166 പട്ടിക മൂന്ന് പ്രകാരം കെട്ടിട നിർമ്മാണം നിയന്ത്രിക്കുക എന്നതി ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ ബിപിസിഎ, കമ്പനി റിഫൈനറി വികസന പദ്ധതിയുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടും ഗ്രാമപഞ്ചായത്ത് യാതൊരു വിധ അന്വേഷണം നടത്തുകയോ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 90 പ്രകാരമുള്ള	സുരക്ഷാ കാരണങ്ങളാൽ പരാമർശ പദ്ധതി പ്രദേശത്ത് പഞ്ചായത്തിന് നേരിട്ട് പരിശോധിക്കുന്നതിന് അനുമതി നൽകാൻ കഴിയില്ലായെങ്കിൽ ബി പി സി എൽ കൊച്ചിൻ റിഫൈനറി എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയ പ്ലാനുകളും ഉടമസ്ഥത തെളിയിക്കുന്ന രേഖകളും സഹിതം കെട്ടിടനിർമ്മാണം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ നൽകാൻ ബി പി സി എൽ കൊച്ചിൻ റിഫൈനറി ജനറൽ മാനേജർക്ക് 30/05/2024 , 19/10/2024 തീയതികളിൽൽ കത്ത് നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ലെന്നും പൊതുമേഖലാ സ്ഥാപനമായ ടി കമ്പനിയിൽ ഗ്രാമപഞ്ചായത്തിന് നേരിട്ട് ഇടപെടുന്നതിന് പരിമിതികൾ ഉള്ളതിനാൽ 24/12/2024 തീയതിയിലെ ബഹു നിയമസഭാസമിതി യോഗത്തിൽ പങ്കെടുക്കുന്നതിന് ബിപിസിഎൽ ജന. മാനേജർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നുള്ള വിവരവും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.	
(4)	**കെട്ടിട നികുതി നിർണയം നടത്തിയില്ല വരുമാന നഷ്ടം** 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 (3) നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അവക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും, നിരക്കിലും വസ്തു നികുതി നിർണ്ണയിക്കേണ്ടതും നികുതി ഡിമാന്റ് ചെയ്ത് നോട്ടീസ് നൽകേണ്ടതുമാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് കൊച്ചിൻ റിഫൈനറി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ അന്വേഷണം നടത്തി മേൽ സൂചിപ്പിച്ച ചട്ടം പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് ചെയ്തിട്ടില്ല. ഇപ്രകാരം വസ്തുനികുതി ഇനത്തൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.	
2.5.2	**<u>തൃക്കാക്കര നഗരസഭ</u>** <u>1.75 കോടിയോളം രൂപ ചെലവഴിച്ചിട്ടും</u> <u>നഗരസഭാമന്ദിരം ചോർന്നൊലിക്കുന്നു (ഓ.റി 2020 -21 ഖ.1-33)</u> നഗരസഭാ ഓഫീസ് കെട്ടിടം നവീകരിക്കുന്നതിനായി ആവിഷ്കരിച്ച പ്രവൃത്തി നഗരസഭാ കൗൺസിലിന്റെ തീരുമാന പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയെ ഏൽപ്പിച്ചു. <u>അപാകതകൾ</u> 1) ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സിഡ്കോയെ അംഗീകൃത ഏജൻസിയായി <u>തെരഞ്ഞെടുത്തു.</u> 2) എഞ്ചിനീയറിംഗ് വിഭാഗം നഗരസഭയിൽ പ്രവർത്തിക്കുന്നതിനാൽ ഓഫീസ് കെട്ടിടം നവീകരിക്കുന്നതിന് സിഡ്കോ പോലുള്ള ഏജൻസികളെ ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ കൃത്യമായ എസ്റ്റിമേറ്റില്ലാതെ നടപ്പാക്കിയ ഈ പ്രവൃത്തി ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. നിർമ്മാണം പൂർത്തീകരിച്ച് സിഡ്കോയ്ക്ക് തുക കൈമാറിയെങ്കിലും അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ കടവന്ത്രയിലെ സിഡ്കോ	തൃക്കാക്കര നഗരസഭയിലെ ഓഫീസ് നവീകരണത്തിനായി 31.10.2019 തീയതിലെ 41ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും PWD ഒഴികെയുള്ള വകുപ്പുകൾക്ക് അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് ജി ഒ (പി) 77/2019 തീയതി 04.07.2019 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയെ ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിലെ Annexure-1 ലെ ഗവ:അക്രഡിറ്റഡ് ഏജൻസികളുടെ 15ാമത്തെ ലിസ്റ്റിൽ സിഡ്കോയെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയതിൽ General Civil Construction Works Of Government Departments other than PWD as PMC എന്ന വിഭാഗത്തിലാണ് സിഡ്കോയെ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള 13.05.2019 തീയതിലെ ഉത്തരവുകൾ Artisans Development Co-Op Ltd 4429 എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ വാങ്ങുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച നൽകുന്നതിനുള്ള ഉത്തരവ് മാത്രമാണ്. പ്രസ്തുത ഉത്തരവുകളിലൊന്നും അക്രഡിറ്റഡ് ഏജൻസികളെ നിയമിക്കുന്നതു-

	മാനേജർക്ക് നൽകിയ ഇ-കത്തിൽ മേൽ പ്രവൃത്തി ചെയ്തതിൽ ധാരാളം അപാകതകൾ ഉള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. 23.07.2022 ന് ഓഡിറ്റ് ടീം നടത്തിയ പരിശോധനയിലും ഈ അപാകതകൾ നിലനിൽക്കുന്നതായി ബോധ്യപ്പെടുകയുണ്ടായി. നവീകരിച്ച ഓഫീസ് കെട്ടിടം നിലവിൽ ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. മഴവെള്ളം നഗരസഭാ മന്ദിരത്തിന്റെ ഭിത്തികളിൽ പതിയുന്നത് കാരണം ഭിത്തികളിൽ വിള്ളൽ ഉണ്ട്. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് മറുപടി നൽകിയില്ല. ആയതിനാൽ 1,74,19,307/- രൂപയുടെ ചെലവ് ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.	മായി ബന്ധപ്പെട്ടോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സിവിൽവർക്കുകൾ സിഡ്കോയെ ഏൽപ്പിക്കരുതെന്നോ സൂചിപ്പിട്ടില്ലാത്തതുമാണ്. ആയതിനാൽ ടി ഉത്തരവ് പ്രകാരം സിവിൽവർക്കുകൾ സിഡ്കോയെ ഏൽപ്പിക്കുന്നതിന് നിയമതടസ്സം ഇല്ലായെന്നും അറിയിച്ചിട്ടുള്ളതാണ്. തൃക്കാക്കര നഗരസഭയിൽ ഓഫീസ് നവീകരണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് സിഡ്കോയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 17.06.2021 തീയതിയിൽ സിഡ്കോയ്ക്ക് നൽകിയ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകളായ ഗേറ്റിൻറെ അപാകതകൾ,നിലവിലുണ്ടായിരുന്ന ചോർച്ച ,പാർക്കിഗ് യാർഡിലെ ടൈലിൻറെ വിഷയം എന്നിവ പരിഹരിച്ചിട്ടുള്ളതായും ക്വട്ടേഷൻ പ്രകാരം ഉള്ള 70,60,621 രൂപയിൽ 61,75,000 രൂപ മാത്രമാണ് സിഡ്കോയ്ക്ക് നൽകിയിട്ടുള്ളതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
2.5.3	**<u>മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്, ഓ.റി. 2020-21</u>** <u>മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കലും കെട്ടിട നിർമ്മാണവും - അപാകതകൾ</u> 1)പ്രോജക്ട് -(69/2020-21) -സി.എച്ച്.സിയിൽ മാമോഗ്രാം യൂണിറ്റ് കെട്ടിട നിർമ്മാണം 2)പ്രോജക്ട് - (154/2020-21)മുളന്തുരുത്തി സി.എച്ച്.സിയിൽ മാമോഗ്രാം യൂണിറ്റ് കെട്ടിട നിർമ്മാണം 3)പ്രോജക്ട് - (22/21)മുളന്തുരുത്തി സി.എച്ച്.സിയിൽ മാമോഗ്രാം, ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടക സ്ഥാപനമായ സി.എച്ച്.സി മുളന്തുരുത്തിയ്ക്കായി മാമോഗ്രാം യൂണിറ്റ് കെട്ടിടം സ്ഥാപിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതാണ്. പ്രവൃത്തി പൂർത്തീകരിച്ച സാക്ഷ്യപത്രം ഫയലിൽ ഇല്ല. പൂർത്തീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് ടീം നടത്തിയ	ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനമായ മുളന്തുരുത്തി സി.എച്ച്.സി. യിൽ മാമോഗ്രം യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണത്തിനായി എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായും മാമോഗ്രം യൂണിറ്റ് വാങ്ങുന്നതിനായി മുളന്തുരുത്തി സി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായും 2 പ്രോജക്ടുകൾ 2020-21 സാമ്പത്തിക വർഷം ഏറ്റെടുത്തിരുന്നു. കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുത്ത പ്രോജക്ടിൽ വകയിരുത്തിയ തുക ടി കെട്ടിടത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ പര്യാപ്തമല്ലാതിരുന്നതിനാൽ ടി വർഷവും തുടർന്നുള്ള വർഷങ്ങളിലും ഈ ആവശ്യത്തിനായി അനുബന്ധ പ്രോജക്ടുകൾ ഏറ്റെടുക്കുകയുണ്ടായി. നിലവിൽ കെട്ടിട നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും വിഹിതം വകയിരുത്തി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന സംയുക്ത പ്രോജക്ടാണ് (പ്രോജക്ട് നം-22/21- മുളന്തുരുത്തി സി.എച്ച്.സിയിൽ

	സ്ഥല പരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്. ടി കെട്ടിടത്തിൽ മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിനായും പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആകെ 35,00,000/- രൂപ അടങ്കൽ വരുന്ന ഈ പ്രവൃത്തി 2020-21 സാമ്പത്തിക വർഷം നടപ്പാക്കാനാണ് ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിച്ചിരുന്നത്. തൻവർഷം തുക ചെലവഴിച്ചതിന്റെ വിശദാംശം ഹാജരാക്കിയ ഫയലിൽ ഇല്ല. എന്നാൽ മെഡിക്കൽ ഓഫീസറുടെ 15.02.2021 തീയതിയിലെ 53/2020 കത്ത് പ്രകാരം അലൻജേർസ് മെഡിക്കൽ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ചണ്ഡീഗഡ് എന്ന സ്ഥാപനത്തിൽ നിന്നും കമ്മറ്റി തീരുമാനം ഇല്ലാതെ മാമോഗ്രാം യൂണിറ്റ് 23.03.2021 ന് സി.എച്ച്.സി മുളന്തുരുത്തിയിൽ എത്തിച്ചതായി ഫയലിൽ രേഖകൾ ഉണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതിയോ, അംഗീകാരമോ കൂടാതെയാണ് ഈ യൂണിറ്റ് ഇവിടെ എത്തിച്ചിരിക്കുന്നത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിനായി മുളന്തുരുത്തി സി.എച്ച്.സിയിൽ കെട്ടിട നിർമ്മാണം 2022 മാർച്ചിൽ പോലും പൂർത്തീകരിക്കാത്ത സ്ഥിതിയ്ക്ക് മാമോഗ്രാം യൂണിറ്റ് തിരക്കിട്ട്, സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി, ഏത് ഫണ്ട് ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കാതെ (തുക ചെലവഴിച്ചതിന്റെ രേഖകൾ ഇല്ലാതെ) എത്തിച്ചത് എങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഈ യൂണിറ്റിന്റെ വാറന്റി കാലാവധിയായി അലൻജേർസ് മെഡിക്കൽ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം രേഖപ്പെടുത്തിയിരിക്കുന്നത് 3 വർഷക്കാലമാണ്. ഒരു വർഷത്തോളം ഈ മെഷീൻ ഉപയോഗിക്കാതിരുന്നത് കാരണം നിലവിൽ ഈ യൂണിറ്റ് പ്രവർത്തിക്കുമോയെന്ന കാര്യം വ്യക്തമല്ല. കൂടാതെ മെഡിക്കൽ മേഖലയായതിനാൽ ഒരു വർഷം മുൻപ് ഉപയോഗിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ, കാലഹരണപ്പെട്ട	മാമോഗ്രാം) സി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി മാമോഗ്രാം യൂണിറ്റ് വാങ്ങൽ ടി സാമ്പത്തിക വർഷം ഏറ്റെടുത്തത്. ടി പ്രോജക്റ്റിന് വിഹിതം നൽകുവാൻ സാധിക്കുകയില്ലായെന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചതിനാലും യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം പ്രാരംഭഘട്ടത്തിലായിരുന്നതിനാലും യൂണിറ്റ് വാങ്ങൽ പ്രോജക്റ്റ് ഉപേക്ഷിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി 28.10.2020 ൽ തീരുമാനിച്ചിരുന്നു. എന്നാൽ ഏതാനും ദിവസങ്ങൾക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനെ തുടർന്ന് യോഗം നടക്കാത്തതിനാൽ ഇതിനനുസൃതമായി സുലേഖയിൽ മാറ്റംവരുത്തുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 2021 മാർച്ച് അവസാന വാരത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി. സാംഖ്യ വെബിൽ ഫണ്ട് റിക്വിസിഷൻ സമർപ്പിക്കുകയും മേൽ വിവരിച്ച കാരണങ്ങളാൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആയത് നിരാകരിക്കുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയെ അറിയിക്കാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും പർച്ചേസ് ഓർഡർ നൽകി യൂണിറ്റ് വാങ്ങൽ നടത്തിയതിന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം തേടിയിരുന്നു. ആയതിന് നൽകിയ മറുപടിയിൽ യൂണിറ്റ് വാങ്ങുന്നതിന് തുകയൊന്നും ചെലവഴിച്ചിട്ടില്ലായെന്നും വിതരണം ചെയ്ത സ്ഥാപനത്തോട് ഉപകരണം തിരികെ എടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ടി സ്ഥാപനം ഇത് അംഗീകരിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിരുന്നു. 2021 മാർച്ച് അവസാനം ആശുപത്രിയിലെത്തിച്ച ടി ഉപകരണം നാളിതുവരെ ഉപയോഗിച്ചിട്ടില്ലായെന്നും യൂണിറ്റ് വാങ്ങലിനായി പ്രോജക്റ്റ് നിലവിലില്ലായെന്ന വിവരവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മാമോഗ്രാം യൂണിറ്റ് ഇപ്പോഴും കിടത്തി ചികിത്സ വാർഡിൽ

	അവസ്ഥയിലെങ്കിൽ, കെട്ടിടം പണി പൂർത്തീകരിച്ച് ഈ യൂണിറ്റ് സ്ഥാപിക്കപ്പെടുമ്പോൾ എത്രത്തോളം ഉപയോഗക്ഷമമാകം എന്നും വിശദീകരിക്കപ്പെടേണ്ടതാണ്.	സൂക്ഷിച്ചിരിക്കുകയാണ് എന്നും മെഷീൻ തിരികെ കൊണ്ടുപോകുന്നതിന് കമ്പനിയുടെ ഭാഗത്ത് നിന്നും നാളിതുവരെ നടപടി ഇല്ലാത്തതുമാണെന്ന് മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്ജ്, മുളന്തുരുത്തി സി.എച്ച്.സി 03.12.2024 ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
2.6	**വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം**	
2.6.1	**പൂതാടി ഗ്രാമപഞ്ചായത്ത്** **സ്വകാര്യ മാർക്കറ്റ് കെട്ടിടം നിർമ്മാണാനുമതി അപാകതകൾ** (ഓ.റി. 2020-2021 ഖ 1-13) പൂതാടി ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ ശ്രീ. സാബു ജോർജ്ജ്, ശ്രീമതി. സ്മിത വർഗ്ഗീസ് എന്നവരുടെ പേരിലുള്ള 0.0829 ഹെക്ടർ സ്ഥലത്ത് BA(206346) 2019/01.07.19) അനുമതി (പെർമിറ്റ് നം-.SC-3- നൽകിയിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരം 383,217 ച.മീ വിസ്തീർണ്ണം ഉണ്ട്. ഫോം 6 പ്രകാരം 16/465 M മുതൽ 16/465 Z9 വരെയും (383.55 ച.-മീ) നമ്പർ നൽകിയിട്ടുണ്ട്. 12.01.2021- ലെ ഭരണ സമിതി തീരുമാന പ്രകാരം (നം. 7/1) മേൽ കെട്ടിടത്തിൽ സ്വകാര്യ മത്സ്യ-മാംസ മാർക്കറ്റിന് അനുമതി നൽകിയിട്ടുണ്ട്. 29/10/2022-ന് നടത്തിയ സ്ഥല പരശോധനയിൽ പ്രസ്തുത കെട്ടിടം മത്സ്യ-മാംസ മാർക്കറ്റ് ആയി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു. വാണിജ്യ ഗണത്തിൽ (എഫ് കാറ്റഗറി) പ്പെടുത്തി ആണ് നമ്പർ നൽകിയിരിക്കുന്നത്. നിലവിൽ പബ്ലിക് മാർക്കറ്റ് ആയി ഉപയോഗിക്കുന്നതിനാൽ ഉപയോഗ ഗണം കാറ്റഗറി ഡി ആയി കണക്കാക്കേണ്ടതായിരുന്നു. പൂതാടി ഗ്രാമപഞ്ചായത്ത് മത്സ്യ മാംസ മാർക്കറ്റ്എന്ന പേരിൽ പ്രവർത്തിക്കുന്ന ഈ മാർക്കറ്റ് നിർമ്മിക്കുന്നതിന് അനുമതി നൽകിയതിലും കെട്ടിടനമ്പർ നൽകിയതിലും അപാകതകൾ വന്നിട്ടുണ്ട്.	2019 ലെ കെ.പി.ബി.ആർ ചട്ടങ്ങളിലെ 25ാം ചട്ടം (2) ഉപചട്ട പ്രകാരമാണ് പരാമർശ കെട്ടിടത്തിന്റെ ഒക്യുപെൻസി നിശ്ചയിച്ചിട്ടുള്ളത്. ആയത് പ്രകാരം മാർക്കറ്റ് എന്നത് ഗ്രൂപ്പ് എഫിൽ ഉൾപ്പെടുന്നതാണ്. ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പുനരഭിപ്രായക്കുറിപ്പിൽ മത്സ്യമാർക്കറ്റ് ഗണത്തിൽപ്പെടുന്ന കെട്ടിടം ഗ്രൂപ്പ് എഫ് എന്ന കാറ്റഗറിയിൽ ഉൾപ്പെട്ടതാണെന്ന് അംഗീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പരാമർശ കെട്ടിടത്തിന് കെട്ടിട നിർമ്മാണ അനുമതി നൽകിയതിൽ വാർഡ് നമ്പർ തെറ്റായിട്ടാണ് ബിൽഡിങ് സൂപ്പർവൈസർ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാലാണ് കംപ്ലീഷൻ പ്ലാനിലും ഇതേ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിട നമ്പർ നിർണ്ണയ സമയത്ത് വാർഡ് നമ്പറിൽ വന്ന അപാകത പരിഹരിച്ച് യഥാർത്ഥ വാർഡായ 16 ൽ തന്നെയാണ് കെട്ടിടത്തിന് നമ്പറും , ലൈസൻസും അനുവദിച്ചിട്ടുള്ളത്. .സ്വകാര്യ മത്സ്യമാംസ മാർക്കറ്റ് നടത്തുന്നതിന് ശ്രീമതി.സ്മിത ജോർജ്ജ് ,സാബു ജോർജ്ജ് കുന്നത്ത് വീട് എന്നവർക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നത് വാർഡ് 18 ൽ ആണെന്ന ഓഡിറ്റ് പരാമർശത്തിന് മത്സ്യ മാംസ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത് യഥാർത്ഥ വാർഡായ 16 ൽ തന്നെയാണെന്ന വിവരം ബോധിപ്പിക്കുന്നു.

		ഡി – കാറ്റഗറിക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 29 പ്രകാരം പാർക്കിംഗ് നൽകിയിരിക്കുന്നത് അപര്യാപ്തമാണെന്ന പരാമർശത്തിന് ഗ്രൂപ്പ് എഫ് ഗണത്തിൽപ്പെടുന്ന കെട്ടിടം കെ.പി.ബി.ആർ 2011 പ്രകാരം നിർമ്മാണാനുമതി നേടി പൂർത്തീകരണ പ്ലാനുകൾ സമർപ്പിച്ച കെട്ടിടമായതിനാൽ ടി ചട്ടമാണ് കെട്ടിടത്തിന് ബാധകമാകുന്നത് എന്ന് ബോധിപ്പിക്കുന്നു . ആയതിനാൽ കെ.പി.ബി.ആർ 2011 ചട്ടം 38(2)പട്ടിക 4B യിലെ ക്രമ നമ്പർ 6 പ്രകാരം , 6 കാർ പാർക്കിംഗ് മതിയാകുന്നതാണ് . കെ.പി.ബി.ആർ 2011 ചട്ടം 104 (5) പ്രകാരമുള്ള ഭിന്നശേഷിക്കാർക്കായുള്ള പാർക്കിംഗ് അധികമായി ഏർപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ ടി ചട്ട പ്രകാരമുള്ള അളവിൽ ആകെ ആവശ്യമായ പാർക്കിംഗിന്റെ 2 ശതമാനം ഭിന്നശേഷിക്കാർക്കായി മാറ്റി വെച്ചാൽ മതിയാകുന്നതാണ്. എങ്കിലും ആകെ 7 പാർക്കിംഗ് സ്ഥലം പൂർത്തീകരണ പ്ലാനിൽ കാണിച്ചിട്ടുണ്ട്. 09.10.2022 ന് നടത്തിയ സ്ഥല പരിശോധനയിൽ മാർക്കറ്റ് കെട്ടിടം പൊതു വഴിയിൽ നിന്നും 45 ഡിഗ്രിയിൽ കൂടുതൽ ചരിഞ്ഞാണ് കിടക്കുന്നതെന്നും , കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 26(3) പ്രകാരം 45 ഡിഗ്രിയിൽ കൂടുതൽ ചരിഞ്ഞ് കിടക്കുന്ന സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് മുൻപ് മഴവെള്ളം ഒഴുകി പോകുന്നതിനുള്ള സൗകര്യം ഉറപ്പ വരുത്തേണ്ടതാണെന്ന പരാമർശത്തിന് പ്രസ്തുത സ്ഥലത്തിൻറെ ഭൂപ്രകൃതി അനുസരിച്ച് 45 ഡിഗ്രിയിൽ കൂടുതൽ ചരിവ് ഇല്ലാത്ത ഭൂമിയാണ് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.. കെട്ടിടത്തിൻറെ മുറ്റങ്ങളിലെത്തുന്ന മഴ വെള്ളം കെട്ടി നിൽക്കാതെ ഒഴുക്കി കളയുന്നതിന് മാർക്കറ്റിലേക്കുള്ള റോഡ് അവസാനിക്കുന്ന ഭാഗത്ത് ഡ്രെയിനേജ് സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ഫീൽഡ് പരിശോധന റിപ്പോർട്ട് പ്രകാരം ബോധ്യപ്പെട്ടിട്ടുള്ളതാണ്. കൂടാതെ മഴ വെള്ള സംഭരണി സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ

<table>
<tr><td></td><td></td><td>31.05.2022 തീയതിയിലെ K.S.W.Y.D P4.181/2022 നമ്പർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പുനരഭിപ്രായക്കുറിപ്പിൽ മേൽ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.</td></tr>
<tr><td>2.6.2</td><td>പൂതാടി ഗ്രാമപഞ്ചായത്ത്
പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നൽകൽ - അധികം നൽകിയ തുക നിരാകരിക്കുന്നു. (ഓ.റി.2020-21 ഖ.1-34)
2020 21 വർഷത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ വന്നിട്ടുണ്ട്.
<table><tr><td>പ്രോജക്ട് നം.</td><td>269/21</td></tr><tr><td>പ്രോജക്ടിന്റെ പേര്</td><td>പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -</td></tr><tr><td>അടങ്കൽ</td><td>വികസന ഫണ്ട് - ടി.എസ്.പി</td></tr><tr><td>ചെലവ്</td><td>6,53,112/-</td></tr></table>ഓരോ ഗുണഭോക്താവിന്റേയും അപേക്ഷ മുതൽ മൂല്യനിർണ്ണയം വരെയുള്ള രേഖകൾ ഒരു ഫയലായി സൂക്ഷിച്ചിട്ടില്ല. പഠനമുറിക്ക് ഓരോ ഗഡുക്കൾ നൽകുമ്പോഴും ഓരോ ഗഡുക്കൾക്കും വേണ്ടിയുള്ള മൂല്യനിർണ്ണയമാണ് നടത്തിയിരിക്കുന്നത്. ഒരു പഠനമുറിയുടെ അന്തിമ മൂല്യനിർണ്ണയം നടത്തിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഠനമുറിക്ക് വേണ്ടി വിവിധഘട്ടങ്ങളിൽ അനുവദിക്കുന്ന തുകകൾ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല . മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല.</td><td>പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നൽകിയതുമായി ബന്ധപ്പെട്ട് സ്പിൽ ഓവർ പ്രൊജക്ട് 263/21 , 10,00,000/- രൂപയും തന്നാണ്ട് പ്രോജക്ട് 2,00,000/- രൂപയുമാണ് വകയിരുത്തിയത്. ഒരു ഗുണഭോക്താവിന് പരമാവധി 2 ലക്ഷം രൂപ വരെ നൽകാവുന്ന വിധത്തിലാണ് പ്രോജക്ട് ചെയ്തിട്ടുള്ളത്. ഓരോ ഗുണഭോക്താവിനും വെവ്വേറെ ഫയലുകൾ സൂക്ഷിച്ചിട്ടുണ്ട്.
മേൽ പ്രോജക്ടുകൾക്ക് ആദ്യ ഗഡു 50,000/- രൂപ മുൻകൂർ ആയും തുടർന്ന് അസി.എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഗഡുകളായി തുക അനുവദിക്കാവുന്നതാണെന്നും സ.ഉ (കൈ) നം.22/2018/തസ്വഭവ 14.02.2018 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിലാണ് തുക അനുവദിച്ചിട്ടുള്ളതെന്നും ബോധിപ്പിക്കുന്നു.
പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നൽകിയത് – മൂല്യ നിർണ്ണയത്തെക്കാൾ അധികം തുക നൽകിയതുമായി ബന്ധപ്പെട്ട് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 5 ഗുണഭോക്താക്കളുടെയും പഠന മുറിയുടെ നിർമ്മാണം വാല്വേഷൻ പ്രകാരം പൂർത്തിയായിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.</td></tr>
<tr><td>2.6.3</td><td>പൂതാടി ഗ്രാമപഞ്ചായത്ത്
പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി നൽകൽ അധികം തുക നിരാകരിക്കുന്നു. (ഓ. റി 202-21 – ഖ. 1-35)
മേൽ പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താവായ അജേഷ് കെ.ആർ,</td><td>പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി നൽകിയതുമായി ബന്ധപ്പെട്ട് 2020-21 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ 277/21 , 179/22 (സ്പിൽ ഓവർ)പ്രകാരം ഗുണഭോക്താവായ ശ്രീ.അജേഷ് കൊല്ലിക്കൽ വീട് പൂതാടി എന്നയാൾക്ക് പഠന മുറിയുടെ അപ്പ് റ്റു</td></tr>
</table>

	കൊല്ലിക്കൽകോളനി എന്നയാൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 1,00,000/-രൂപ അനുവദിച്ച ട്രഷറി ബിൽ നമ്പർ 8/17.04.21-350,000, ട്രഷറി ബിൽ നമ്പർ 26/23.09.20-1.00.000 എന്നിവ പ്രകാരം മാറിയതിൽ 50,000/- രൂപ വീതം നൽകുകയാണുണ്ടായത്. മേൽ ഗുണഭോക്താവിന് 2021-22. സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ക് നമ്പർ 179/22 മുഖേന 73.553 40121100311030 കേരള ഗ്രാമീൺ ബാങ്ക് നൽകിയതിന്റെ രേഖ ഫയലിൽ രേഖപ്പെടുത്തി. ആയതിന്റെ യു.ടി.ആർ സ്റ്റേറ്റ് ഹാജരാക്കി ഫയലിൽ 89,981/- രൂപയുടെ മൂല്യനിർണ്ണയസാക്ഷ്യപത്രത്തിന്റ പകർപ്പ് ഉള്ളടക്കം ചെയ്തതായി കാണുന്നു. അസി.എഞ്ചിനീയറുടെ 19.05.2021 തീയതിയിലെ നമ്പർ കത്തിനോടൊപ്പം ഉള്ളടക്കം എഇ/പിഡിവെ/വാല്യ 297/2021 നമ്പർ കത്തിനൊപ്പം ഉള്ളടക്കം ചെയ്ത സാക്ഷ്യപത്രം ശ്രീ.അജേഷ്.കെ. ആർ കൊല്ലിക്കൽ കോളനി, പൂതാടി എന്നയാളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് ആയതിന് 89,981/- രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകി. 2021-22 വർഷത്തിൽ തുക നൽകിയതിന്റെ ബിൽ ട്രഷറിയിൽ സമർപ്പിച്ചതിന്റെ രേഖകളോ ട്രഷറി ബിൽ ബുക്ക് അല്ലെങ്കിൽ ട്രഷറി ഈ ബിൽ ബുക്ക് തുടങ്ങിയ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. കൂടാതെ തുക നൽകിയത് ക്യാഷ് ബുക്ക് തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ല. 2021-22 സാമ്പത്തിക വർഷം പൂതാടി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന് ട്രഷറി ബിൽ ബുക്ക് അനുവദിച്ചു. ബിൽ ബുക്ക് അനുവദിച്ചതിന് ശേഷം ബിൽ ബുക്ക് മുഖേനയല്ലാതെ തുക മാറിയതിന്റെ കാരണം വ്യക്തമാക്കണം. 89,981/- രൂപ മാത്രം മൂല്യ നിർണ്ണയ നടത്തിയ പഠനമുറിക്ക് 1,73,553- രൂപ അനുവദിച്ചത് തെറ്റായ നടപടിയാണ് . മൂല്യനിർണ്ണയത്തേക്കാൾ അധികം നൽകിയ 83,572/- രൂപയിടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.	ലിൻറൽ ലെവൽ വരെയുള്ള നിർമ്മാണത്തിന് വാല്യൂവേഷൻ പ്രകാരം 83,572.95/-,രൂപയും, above lintel level വരെയുള്ള നിർമ്മാണത്തിനായി വാല്യൂവേഷൻ പ്രകാരം 89,981/- രൂപയും ആകെ 1,73,553/- രൂപയാണ് നൽകിയിട്ടുള്ളതെന്നും , അധിക തുക നൽകിയിട്ടില്ല എന്നും , പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
2.6.4	**<u>പൂതാടി ഗ്രാമപഞ്ചായത്ത്</u>** <u>അങ്കണവാടി പോഷകാഹാരം-ആവശ്യമായ രേഖകളും അനുമതിയില്ലാതെ തന്നെ മുൻവർഷത്തെ തുക പ്രോജക്ടിൽ ഉൾപ്പെടുത്താതെ</u>	പരാമർശ പ്രജക്റ്റിന് 2019-20 വർഷത്തിൽ പഞ്ചായത്ത് പൊതുവിഹിതമായി -20,00,000/- രൂപയും , കേന്ദ്ര വിഹിതമായി - 25,00,000/- രൂപയും ബ്ലോക്ക് വിഹിതമായി - 10,00,000/- രൂയും

	നൽകി . 26,86,554/- രൂപയുടെ നഷ്ടം (ഓ.റി. 2020-21 ഖ.1-62) പൂതാടി ഗ്രാമപഞ്ചായത്തിലെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ, 3 വയസ്സ് മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, പോഷകാഹാരക്കുറവ് മൂലം ബുദ്ധിമുട്ടുന്ന കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് അനുപൂരക പോഷകാഹാരം ലഭ്യമാക്കുന്നതിന് വേണ്ടി പദ്ധതി നടപ്പാക്കി. 2020-21 സാമ്പത്തിക വർഷത്തിൽ 2019-20 വർഷത്തെ ഇൻവോയിസുകൾ പ്രകാരം ആകെ നൽകിയ തുക 26,86,554/- രൂപ. 2019 – 20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ട്രഷറിയിൽ ബില്ലുകൾ അധികമായി സമർപ്പിക്കുകയോ ഈ ബില്ലിൽ ഉൾപ്പെടുകയോ ചെയ്ത ബില്ലുകൾ ഇല്ല. ആയതിനാൽ തന്നെ 26,86,554/- രൂപയും നിർവ്വഹണ ഉദ്യോഗസ്ഥ അധികമായി ചെലവഴിച്ചതായി കാണുന്നു. മാത്രമല്ല പദ്ധതി തയ്യാറാക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ കൂടിയായ നിർവ്വഹണ ഉദ്യോഗസ്ഥ അധിക തുക ആവശ്യമായത് വ്യക്തമാക്കുന്ന കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ ആയത് വർക്കിംഗ് ഗ്രൂപ്പിൽ അവതരിപ്പിച്ച് പദ്ധതി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ തന്നെ വകയിരുത്തിയ തുക ആവശ്യത്തിലധികമാണെന്ന നിഗമനത്തിലെത്തുന്നു. ഓരോ മാസത്തേയും ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കേണ്ടതും പ്രസ്തുത ഗുണഭോക്താക്കൾക്ക് നിശ്ചിത കലോറി മൂല്യം ലഭിക്കേണ്ടതിനാവശ്യമായ അനുപൂരക പോഷകാഹാരത്തിന്റെ അളവ് കണക്കാക്കി ആകെ എണ്ണം ഗുണഭോക്താക്കളുടെ എണ്ണം ഗുണിച്ചാൽ ആവശ്യമായ പ്രതിമാസ ഭക്ഷ്യ സാധനങ്ങളുടെ അളവ് ലഭിക്കുന്നതാണ്. ഇത്തരത്തിൽ ഓരോ മാസത്തേയും ഭക്ഷ്യ സാധനങ്ങളുടെ അളവ് പ്രകാരം ആവശ്യമായ അളവ് ഭക്ഷ്യസാധനങ്ങൾക്ക് സപ്ലൈ ഓർഡർ നൽകി ഭക്ഷ്യ സാധനങ്ങൾ വാങ്ങി വിതരണം നടത്തേണ്ടതുമാണ്.	ചേർത്ത് ആകെ വകയിരുത്തിയത് 55,00,000 രൂപയാണ്. എന്നാൽ ഈ തുകയിൽ പഞ്ചായത്ത് വിഹിതമായി വക കൊള്ളിച്ച 20,00,000/- രൂപയിൽ 18,67,434/- രൂപയും കേന്ദ്ര വിഹിതമായി വക കൊള്ളിച്ച 25,00,000/- രൂപയിൽ 23,94,673/- രൂപയുമാണ് ലഭിച്ചത്. ബ്ലോക്ക് വിഹിതമായി തുക ലഭിച്ചില്ല. ആകെ 42,62,107/- രൂപയാണ് ലഭിച്ചത് . 55 ലക്ഷം രൂപ വകയിരുത്തിയത് യഥാർത്ഥത്തിൽ പ്രതീക്ഷിക്കുന്ന ചെലവുകളുടെ അടിസ്ഥാനത്തിലാണെന്നും. ലഭിച്ച തുക മുഴുവനായി ചെലവഴിച്ചിട്ടുണ്ടെന്നും, അംഗൺവാടികളിൽ ഭക്ഷണം വിതരണം ചെയ്യുന്നത് മാറ്റിവെക്കാൻ പറ്റാത്ത അടിയന്തിര പ്രധാന്യമുള്ള ഇനമായതിനാൽ ,ഭക്ഷണസാധനങ്ങൾ തീരുന്ന മുറയ്ക്ക് കരാറുകാരിൽ നിന്നും വാങ്ങുകയും ആയത് അംഗൻവാടികളിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിനിയോഗം നടത്തിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥരായ സൂപ്പർവൈസർമാരും അറിയിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷത്തിൽ ലഭ്യമായ അലോട്ട്മെൻറ് പൂർണതോതിൽ ഉപയോഗിക്കുകയും എന്നാൽ ബാക്കി വരുന്ന ബില്ലുകൾക്ക് അലോട്ട്മെൻറ് ഇല്ലാത്ത സാഹചര്യത്തിൽ തുക മാത്രം നൽകാതിരിക്കുകയും തുടർന്ന് വരുന്ന സാമ്പത്തിക വർഷം നാളിതു വരെ സ്പിൽ ഓവർ പ്രോജക്റ്റിൽ ഉൾപ്പെടുത്താതെ തന്നെ പ്രസ്തുത തുക നൽകുകയും ആയത് മുൻ ഓഡിറ്റുകളിൽ തടസ്സപ്പെടുത്താതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഈ ഓഡിറ്റ് കാലയളവിലും സ്പിൽ ഓവർ പ്രോജക്റ്റിൽ ഉൾപ്പെടുത്താതെ തൻവർഷത്തെ വിഹിതത്തിൽ നിന്നും മുൻ വർഷത്തെ തുക നൽകിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ബോധിപ്പിച്ചിട്ടുണ്ട്. കേരളാ ഫിനാഷ്യൽ കോഡ് വോളിയം 1 ലെ ആർട്ടിക്കിൾ 50 (3) പ്രകാരം സ്റ്റോർ പർച്ചേസുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികളിലേക്ക് നടന്ന സംഗതികളിൽ, തൻ വർഷം തുക ചെലവഴിക്കാൻ

87

	ഇത്തരത്തിലുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ആവശ്യകത തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും തയ്യാറാക്കാതെയും ഭരണസമിതിയുടെ അനുമതി വാങ്ങാതെയും നിർവ്വഹണ ഉദ്യോഗസ്ഥ സ്വന്തം നിലയിൽ ഭക്ഷ്യ സാധനങ്ങൾ വാങ്ങി എന്ന് രേഖപ്പെടുത്തിയ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചത് നിയമവിരുദ്ധമാണ്. 2019-20 വർഷം വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ വില നൽകാനാവശ്യമായ തുക പ്രസ്തുത വർഷം തന്നെ വകയിരുത്തിയിരുന്നു. എന്നാൽ ആയത് പ്രസ്തുത വർഷം ചെലവഴിക്കപ്പെടേണ്ട സാഹചര്യമുണ്ടായിരുന്നില്ല. കൂടാതെ ഇത്തരത്തിൽ വാങ്ങിയതായി അവകാശപ്പെടുന്ന ഭക്ഷ്യ സാധനങ്ങൾ വിവിധ അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളിൽ ചേർത്ത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത രേഖകളും ഗുണഭോക്താക്കളുടെ പൂർണ്ണമായ വിവരങ്ങളും ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥക്ക് ആയത് ഹാജരാക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മുൻവർഷത്തെ ചെലവ് എന്ന നിലയിൽ നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവഴിച്ച 26,86,554/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.	പറ്റിയില്ലെങ്കിൽ ആയത് പിറ്റേ വർഷം ചെലവഴിക്കുന്നതിന് പുതുക്കിയ അനുമതി പത്രം ആവശ്യമില്ല എന്ന് പറയുന്നുണ്ട്. ഇവിടെ ടെണ്ടർ നടപടികളും കരാറും, വാങ്ങൽ ഉത്തരവും, വാങ്ങലും, വാങ്ങിയ സാധനങ്ങളുടെ ഉപയോഗിക്കലും അടക്കം മുഴുവൻ വാങ്ങൽ പ്രക്രിയകളും അവസാനിക്കുകയും, വാങ്ങിയ സാധനങ്ങളുടെ തുക മാത്രം നൽകാൻ ബാക്കിയാവുകയും ചെയ്ത സാഹചര്യമാണുള്ളതെന്നും , ഈ തുക നൽകുന്നതിന് മേൽ നിയമ പ്രകാരം പുതിയ അനുമതി പത്രം ആവശ്യമില്ല എന്നും ലഭിച്ച മുഴുവൻ പദ്ധതി വിഹിതവും പൂർണ്ണമായും ചെലവഴിച്ചതിനാലും പ്രോജക്ട് വിഹിതമായി കാണിച്ച തുകയിൽ ബാക്കിയുള്ള തുക ലഭിക്കാത്തതിനാലുമാണ്, വർഷാവസാനം കൊടുക്കാൻ ബാക്കിയായ ഇൻവോയ്സുകൾക്ക് ട്രഷറിയിൽ ബിൽ കൊടുക്കാത്തത് എന്നും ബിൽ തയ്യാറാക്കി ക്യൂ ബില്ലായി ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്ന വിവരവും നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റിന് മറുപടി സമർപ്പിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മുൻ വർഷത്തെ ബിൽ പ്രകാരം കരാറുകാരന് ബാക്കി തുക നൽകാൻ ഉണ്ടെന്നുള്ള വിവരം ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയെ അറിയിക്കുകയും, ഓഡിറ്റിൽ നിരാകരിച്ചിട്ടുള്ള 26,86,554/- രൂപയുടെ ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും, രജിസ്റ്ററുകളും വളരെ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250